# ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും

കൈപുസ്തകം (പരിഷ്കരിച്ച പതിപ്പ്) 2016

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

മുളങ്കുന്നത്തുകാവ് പി.ഒ., തൃശൂർ-680 581

**ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന**
**സേവനങ്ങളും അവയുടെ നിബന്ധനകളും**
കൈപുസ്തകം (പരിഷ്കരിച്ച പതിപ്പ്)
(10.3.2017 വരെയുള്ള ഭേദഗതികൾ അടക്കം)


| | |
|---|---|
| ചീഫ് എഡിറ്റർ | Chief Editor |
| **ഡോ.പി.പി.ബാലൻ** | **Dr.P.P.Balan** |
| ഡയറക്ടർ-കില | Director-KILA |
| എഡിറ്റർ: | Editor: |
| **ഡോ. പീറ്റർ എം. രാജ്** | **Dr. Peter M. Raj** |
| അസോസിയേറ്റ് പ്രൊഫസർ, കില | Associate Professor, KILA |
| അസോസിയേറ്റ് എഡിറ്റർ | Associate Editor |
| **ശ്രീ പി.കെ. ജയദേവൻ** | **Sri. P.K. Jayadevan** |
| **ഡി.ടി.പി.** | D.T.P |
| വിനിത രവി, ശ്രീലത.എസ് | Vinitha Ravi, Srilatha.S |
| പ്രസാധനം | Published by: |
| കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ | Kerala Institute of Local |
| അഡ്മിനിസ്ട്രേഷൻ (കില) | Administration (KILA) |
| മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581 | Mulamkunnathukavu, Thrissur–680581 |
| ഫോൺ - 2200244, 2207087 (ഓഫീസ്) | Ph. 2200244, 2207087 (Office) |
| 0487-2201312 (ഡയറക്ടർ) | 0487-2201312 (Director) |
| 0487-2201062 (ഫാക്സ്) | 0487-2201062 (Fax) |
| Email Id: kilathrissur@gmail.com | ഇമെയിൽ: kilathrissur@gmail.com |
| Website : www.kila.ac.in | വെബ്സൈറ്റ് : www.kila.ac.in |
| **ലേ ഔട്ട് & കവർ ഡിസൈനിംഗ്** | Layout & Cover Designing |
| രാജേഷ് താണിക്കുടം | Rajesh Thanikudam |
| **അച്ചടി** | Printed at |
| കോ-ഓപ്പറേറ്റീവ് പ്രസ്സ്, | Co-operative Press |
| മുളങ്കുന്നത്തുകാവ് 2200391, 9895566621 | Mulamkunnathukavu, 2200391, 9895566621 |
| ഒന്നാം പതിപ്പ്, ജൂൺ 2013 | I[st] Edition, June 2013 |
| രണ്ടാം പതിപ്പ്, ഏപ്രിൽ 2014 | II[nd] Edition, April 2014 |
| മൂന്നാം പതിപ്പ്, ഏപ്രിൽ 2015 | III[rd] Edition, April 2015 |
| നാലാം പതിപ്പ്, ഒക്ടോബർ 2016 | IV[th] Edition, October 2016 |
| നാലാം പതിപ്പ്(പരിഷ്ക്കരിച്ചത്) മാർച്ച് 2017 | IV[th] Edition (revised), March 2017 |

**Dr. K. T. JALEEL**
MINISTER FOR LSGD, MINORITY WELFARE, WAKF & HAJJ
GOVERNMENT OF KERALA



# സന്ദേശം

ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രധാന കടമ  പൗരന് നൽകേണ്ട സേവനം കൃത്യസമയത്തു തന്നെ നൽകുക എന്നതാണ്. ഈ ലക്ഷ്യത്തോടെയാണ് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 272 എ വകുപ്പിലെ േ ദഗതിയും 2012 ലെ സേവനാവകാശ നിയമവും പുറപ്പെടുവിച്ചിട്ടുള്ളത്. ഉത്തരവുകൾ പലതുണ്ടെങ്കിലും അവ ലളിതമായി ക്രോഡീകരിച്ച് പ്രതിപാദിച്ചിട്ടില്ല എന്ന കടമ്പ നിലനിൽക്കുന്നു. ഏറെ ആവശ്യമായിട്ടുള്ളതായ കാര്യങ്ങൾ ലളിതമായി മനസ്സിലാക്കാനുള്ള സംവിധാനമാണ് ആവശ്യമായിട്ടുള്ളത്. പൊതുജനങ്ങളാകട്ടെ ഇപ്പോഴും അവരുടെ ആവശ്യങ്ങൾക്കു വേണ്ടി പല പ്രാവശ്യം ഓഫീസുകൾ കയറി ഇറങ്ങേണ്ട സ്ഥിതിയാണ് നിലവിലുള്ളത്.

ഇതിനൊരു പരിഹാരം എന്ന നിലയ്ക്ക് കില തയ്യാറാക്കിയ  ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും  എന്ന ഈ കൈപുസ്തകത്തിന് പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒരു പരിധി വരെയെങ്കിലും പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. മാത്രമല്ല ഇത് ഉദ്യോഗസ്ഥൻമാർക്ക് ഒരു റഫറൻസ് ഗ്രന്ഥമായും ഉപയോഗിക്കാവുന്നതാണ്.

കില  നടത്തിയ ഈ പ്രവർത്തനം വളരെയേറെ പ്രശംസനീയമാണ്. ഇതിന് മുൻകൈയെടുത്ത കില ഡയറക്ടർ ഡോ. പി.പി. ബാലൻ, അദ്ദേഹത്തെ സഹായിച്ച കിലയിലെ മറ്റു ജീവനക്കാർ, പുസ്തകം തയ്യാറാക്കുന്നതിന് പങ്കു വഹിച്ചവർ എന്നിവർക്കെല്ലാം എന്റെ അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം

ഡോ.കെ.ടി.ജലീൽ

തിരുവനന്തപുരം
11.10.2016



# ആമുഖം

ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിന് കേരളത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ രാജ്യത്തിന് മാതൃകയാണ്. വികസന പ്രവർത്തനങ്ങളോടൊപ്പം സാമൂഹ്യ സുരക്ഷാ പദ്ധതികളും പൊതു ജനങ്ങൾക്ക് ദൈനംദിനം ആവശ്യമായി വരുന്ന ജനന- മരണ, വിവാഹ രജിസ്ട്രേഷനുകൾ, വിവിധ സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ തുടങ്ങിയ സേവനങ്ങളും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകേണ്ടതുണ്ട്. സേവനങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം നൽകുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ കടമയാണ്.

ഒരു ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ അവ ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്നിവയെല്ലാം പൊതു ജനങ്ങൾക്കും അതുപോലെ ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ കൈപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. കൈപുസ്തകം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത ഡോ. പീറ്റർ എം.രാജ് അസോസിയേറ്റ് പ്രൊഫസർ കില, ശ്രീ. പി.കെ. ജയദേവൻ എക്സ്റ്റൻഷൻ ഫാക്കൽറ്റി കില എന്നിവരേയും കൈപുസ്തകം തയ്യാറാക്കുന്നതിന് സഹായസഹകരണങ്ങൾ നൽകിയ പഞ്ചായത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരേയും കില എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
14.10.2016

**ഡോ. പി. പി. ബാലൻ**
ഡയറക്ടർ, കില

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| | **അദ്ധ്യായം 1 പൗരാവകാശ രേഖയും 2012 ലെ സേവനാവകാശ നിയമവും** | 17 |
| | **അദ്ധ്യായം 2 സേവനങ്ങൾ, നിബന്ധനകൾ** | 21 |
| **2.1** | **ജനന – മരണ രജിസ്ട്രേഷൻ** | 23 |
| 2.1.1 | ജനനം/മരണം/നിർജ്ജീവ ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ | 23 |
| 2.1.2 | ജനനം/മരണം/നിർജ്ജീവ ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ | 25 |
| 2.1.3 | ജനനം/മരണം നടന്ന് 30 ദിവസത്തിന് ശേഷം ഒരു വർഷത്തിനകം വിവരം നൽകുന്ന സംഗതികളിൽ | 27 |
| 2.1.4 | ജനനം/മരണം നടന്ന് ഒരു വർഷത്തിന് ശേഷമുള്ള സംഗതികളിൽ | 29 |
| 2.1.5 | വിദേശത്ത് നടന്ന ജനനം രജിസ്ട്രർ ചെയ്യൽ | 30 |
| 2.1.6 | ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ | 31 |
| 2.1.7 | ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ | 32 |
| 2.1.8 | നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ | 33 |
| 2.1.9 | ജനന – മരണ രജിസ്ട്രേഷൻ –നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് | 34 |
| 2.1.10 | ജനന – മരണ സർട്ടിഫിക്കറ്റ് നൽകൽ | 35 |
| **2.2** | **ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തൽ** | |
| 2.2.1 | സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള പേര് ചേർത്തലും പേര് തിരുത്തലും | 36 |
| 2.2.2 | ജനന രജിസ്റ്ററിലെ ജനനതീയതിയും സ്കൂൾ രേഖയിലെ ജനനതീയതിയും തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി | 37 |
| 2.2.3 | സ്കൂളിൽ ചേർത്തതിന് ശേഷം/6 വയസ്സ് പൂർത്തിയായതിനുശേഷം പേര് ചേർക്കൽ | 38 |

| | | |
|---|---|---|
| 2.2.4 | സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ പേര് ചേർക്കൽ | 39 |
| 2.2.5 | 1970 ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ | 40 |
| 2.2.6 | ജനന രജിസ്റ്ററിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖയിലേതുപോലെ തിരുത്തൽ | 41 |
| 2.2.7 | മാതാപിതാക്കളുടെ പേര്, ഇനീഷ്യൽ വികസിപ്പിക്കൽ, ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ, മേൽവിലാസത്തിലെ അക്ഷരതെറ്റുകൾ | 42 |
| 2.2.8 | കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ നടത്തൽ | 43 |
| **2.2.എ** | **ജനന-മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ** | |
| 2.2.എ1 | ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിൽ തിരുത്തൽ | 44 |
| 2.2.എ2 | 1970 ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്കുള്ള അനുമതി | 45 |
| **2.3** | **വിവാഹ രജിസ്ട്രേഷൻ - 1955 ലെ ഹിന്ദു വിവാഹ നിയമപ്രകാരം** | |
| 2.3.1 | വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ ഉള്ള രജിസ്ട്രേഷൻ | 46 |
| 2.3.2 | വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ | 47 |
| 2.3.3 | വിവാഹ രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളുടെ തിരുത്തലുകൾ | 48 |
| 2.3.4 | ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ | 49 |
| **2.4** | **2008 ലെ വിവാഹ (പൊതു) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ** | |
| 2.4.1 | വിവാഹം നടന്ന് അഞ്ച് കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ | 50 |
| 2.4.2 | വിവാഹം നടന്ന് അഞ്ച് വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ | 52 |
| 2.4.3 | വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായ സംഗതികളിൽ ഒഴിച്ച്) | 54 |
| 2.4.4 | വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകളിലെ തിരുത്തൽ | 55 |
| **2.5** | **ക്ഷേമ പദ്ധതികൾ** | |
| 2.5.1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 56 |
| 2.5.2 | അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും) | 58 |
| 2.5.3 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ) | 59 |

| | | |
|---|---|---|
| 2.5.4 | 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 61 |
| 2.5.5 | കർഷക തൊഴിലാളി പെൻഷൻ | 62 |
| 2.5.6 | തൊഴിൽ രഹിത വേതനം | 63 |
| 2.5.7 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 65 |
| **2.6** | **കെട്ടിട നിർമ്മാണ പെർമിറ്റുകൾ** | |
| 2.6.1 | കാറ്റഗറി II പഞ്ചായത്തുകളിൽ പെർമിറ്റുകൾ ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണങ്ങൾക്ക് എൻ.ഒ.സി നൽകൽ | 66 |
| 2.6.2 | കെട്ടിട നിർമ്മാണ പെർമിറ്റുകൾ (പുതിയവയും ഉപയോഗമാറ്റത്തിനും) | 67 |
| 2.6.3 | കാറ്റഗറി I പഞ്ചായത്തുകളിൽ സർക്കാർ അംഗീകൃത സ്കീമുകൾ വഴിയോ മറ്റ് ഏജൻസികളുടെ ധനസഹായത്തോടെയോ നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്കുള്ള പെർമിറ്റ് (60 ച.മീറ്റർ വരെ) | 70 |
| 2.6.4 | സ്ഥലം ഡെവലപ്പ്മെന്റിനുള്ള പെർമിറ്റുകൾ | 71 |
| 2.6.5 | ഓക്യുപെൻസി സർട്ടിഫിക്കറ്റ് | 72 |
| 2.6.6 | കുടിൽ നിർമ്മാണം (കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 (പി) മുതൽ (യു) വരെ വകുപ്പ് പ്രകാരം നിയന്ത്രണമുള്ള സ്ഥലങ്ങളിൽ) | 73 |
| 2.6.7 | കിണർ നിർമ്മിക്കൽ | 74 |
| 2.6.8 | മതിൽ/വേലി - പൊതുവഴിയോടും പൊതുസ്ഥലത്തോടും ചേർന്ന അതിർത്തികളിൽ നിർമ്മിക്കുന്നതിന് | 75 |
| 2.6.9 | ടെലികമ്മ്യൂണിക്കേഷൻ ടവർ | 76 |
| 2.6.10 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | 78 |
| 2.6.11 | പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ | 79 |
| **2.7** | **വസ്തു നികുതി** | |
| 2.7.1 | കെട്ടിടത്തിന് നമ്പർ നൽകൽ | 80 |
| 2.7.2 | വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ/വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾ) | 82 |
| 2.7.3 | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യൽ | 83 |
| 2.7.4 | നികുതിയിന്മേലുള്ള അപ്പീൽ | 84 |
| 2.7.5 | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 85 |

| | | |
|---|---|---|
| **2.8** | **സർട്ടിഫിക്കറ്റുകൾ** | |
| 2.8.1 | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | 86 |
| 2.8.2 | ഉടമസ്ഥാവകാശ/താമസ സർട്ടിഫിക്കറ്റുകൾ | 87 |
| 2.8.3 | നികുതി രഹിത കെട്ടിടം എന്ന സർട്ടിഫിക്കറ്റ് | 88 |
| 2.8.4 | കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ് | 89 |
| **2.9** | **D & O ലൈസൻസ്** | |
| 2.9.1 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവയുടെ ഇൻസ്റ്റാലേഷൻ പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി | 90 |
| 2.9.2 | വ്യാപാര/വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | 92 |
| 2.9.3 | ക്വാറികൾക്കുള്ള ലൈസൻസുകൾ | 94 |
| 2.9.4 | ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി | 96 |
| 2.9.4.1 | ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് | 97 |
| **2.10** | **മറ്റ് ലൈസൻസുകൾ/അനുമതികൾ** | |
| 2.10.1 | സ്വകാര്യ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള ലൈസൻസ് | 98 |
| 2.10.2 | സ്വകാര്യ മാർക്കറ്റുകൾക്കുള്ള പുതിയ ലൈസൻസുകൾ/ ലൈസൻസുകൾ പുതുക്കൽ | 99 |
| 2.10.3 | കശാപ്പുശാലകളും ഇറച്ചിക്കടകളും തുടങ്ങുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസ് | 100 |
| 2.10.4 | സ്വകാര്യ വണ്ടിത്താവളങ്ങൾ, വാഹന സ്റ്റാന്റുകൾ എന്നിവയ്ക്കുള്ള ലൈസൻസ് | 101 |
| 2.10.5 | പി.പി.ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് | 102 |
| 2.10.6 | സിനിമാ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ നിർമ്മാണം തുടങ്ങുന്നതിന് മുമ്പുള്ള അനുമതി | 103 |
| 2.10.6.1 | സിനിമാ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് | 104 |
| 2.10.7 | വിനോദ നികുതി നിശ്ചയിച്ചുക്കൊണ്ടുള്ള പെർമിറ്റ് | 105 |
| 2.10.8 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ | 106 |
| 2.10.9 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ | 107 |

| | | |
|---|---|---|
| 2.10.10 | പട്ടികൾക്കും/പന്നികൾക്കും ലൈസൻസ് നൽകൽ | 108 |
| **2.11** | **മറ്റു സേവനങ്ങൾ** | |
| 2.11.1 | ബി.പി.എൽ സർട്ടിഫിക്കറ്റുകൾ നൽകൽ | 109 |
| 2.11.2 | തൊഴിൽ കാർഡ് ലഭിക്കലും തൊഴിൽ നൽകലും | 110 |
| 2.11.3 | അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ | 111 |
| 2.11.4 | നിർദ്ധനവ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകൽ | 112 |
| 2.11.5 | ഹാൾ, ഗ്രൗണ്ട് തുടങ്ങിയവ വാടകയ്ക്കു നൽകൽ | 113 |
| 2.11.6 | പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി | 114 |
| 2.11.7 | പഞ്ചായത്ത് റോഡിൽ കൂടി വെള്ളംകൊണ്ടു പോകുന്നതിന്, പൈപ്പ് ഇടുന്നതിനും, കാനയ്ക്ക് മുകളിൽ സ്ലാബ് ഇടുന്നതിനും | 115 |
| | **അദ്ധ്യായം 3 മാതൃക ഫോറങ്ങൾ** | |
| 1. | യാത്രക്കിടയിലെ മരണം സംബന്ധിച്ച സത്യപ്രസ്താവന* | 119 |
| 2. | ജനനം/മരണം/നിർജ്ജീവ ജനനം 30 ദിവസം വരെ വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ | 120 |
| 3. | നോട്ടറി/ സംസ്ഥാന സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന ജനന - മരണ സത്യവാങ്മൂലം* | 121 |
| 4. | ജനനം/മരണം ഒരു വർഷം വരെ വൈകി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ | 123 |
| 5. | വിദേശത്ത് ജനിച്ച കുട്ടിയുടെ ജനനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നതിന് സമർപ്പിക്കുന്ന സത്യവാങ്മൂലം | 124 |
| 6. | ജനന / മരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ | 125 |
| 7. | ജനനം/മരണം രജിസ്റ്റർ ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രത്തിനുള്ള (നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ) അപേക്ഷ * | 126 |
| 8. | ജനന രജിസ്റ്ററിൽ പേര് ചേർക്കുന്നതിനുള്ള അപേക്ഷാ ഫോറം | 127 |
| 9. | ജനന രജിസ്റ്ററിലെ ജനന തീയതിയും സ്കൂൾ രേഖയിലെ ജനനതീയതിയും തമ്മിൽ 10 മാസത്തിലധികം അന്തരമുണ്ടെങ്കിൽ ജില്ലാ രജിസ്ട്രാറുടെ അനുമതിക്ക് സമർപ്പിക്കുന്ന അപേക്ഷ | 128 |
| 10. | ജനന രജിസ്റ്ററിൽ ചേർത്ത പേര് തിരുത്തുന്നതിനുള്ള അപേക്ഷ | 129 |

| | | |
|---|---|---|
| 11. | 1970 ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുള്ള ജനന രജിസ്റ്ററിൽ പേര് ചേർക്കുന്നതിന് ജനന മരണ ചീഫ് രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷ | 130 |
| 12. | ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം * | 131 |
| 13. | ജനന മരണ രജിസ്ട്രേഷൻ രേഖകളിൽ തിരുത്തൽ വരുത്തുന്നതിനുള്ള അപേക്ഷ | 132 |
| 14. | ഹിന്ദു വിവാഹ നിയമ പ്രകാരം വിവാഹം വൈകി രജിസ്റ്റർ ചെയ്യുന്നതിന് വിവാഹ രജിസ്ട്രാർക്ക് /ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷ | 133 |
| 15. | ഹിന്ദു വിവാഹ രജിസ്റ്ററിൽ അടിസ്ഥാന വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിന് അനുമതിക്കായി ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് ഡയറക്ടർ) ക്ക് സമർപ്പിക്കുന്ന അപേക്ഷ | 134 |
| 16. | ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ | 135 |
| 17. | വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടപ്രകാരം വൈകി രജിസ്റ്റർ ചെയ്യുന്നതിന് തദ്ദേശ രജിസ്ട്രാർ /രജിസ്ട്രാർ ജനറലിന് സമർപ്പിക്കുന്ന അപേക്ഷ | 136 |
| 18. | വിവാഹ (പൊതു) ചട്ടപ്രകാരം രജിസ്റ്ററിൽ സാരവത്തല്ലാത്ത വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിന് അനുമതിക്ക് തദ്ദേശ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷ | 137 |
| 19. | വിവാഹ (പൊതു) ചട്ടപ്രകാരം രജിസ്റ്ററിൽ സാരവത്തായ വിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിന് അനുമതിക്ക് രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) സമർപ്പിക്കുന്ന അപേക്ഷ | 138 |
| 20. | അൻപത് വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി - വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ മാതൃക* | 139 |
| 21. | കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തിന് എൻ.ഒ.സി ലഭിക്കുന്നതിനുള്ള അപേക്ഷ | 140 |
| 22. | സർക്കാർ അംഗീകൃത പദ്ധതികൾ വഴിയോ മറ്റ് ഏതെങ്കിലും ഏജൻസികളുടെ ധനസഹായത്തോടെയോ നിർമ്മിക്കുന്ന ദുർബ്ബല വിഭാഗങ്ങൾക്കുള്ള വാസഗൃഹത്തിന് പെർമിറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ | 141 |
| 23. | - | |
| 24. | - | |
| 25. | കെട്ടിട നിർമ്മാണ പെർമിറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ | 142 |

| | | |
|---|---|---|
| 26. | കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുന്നതിനും / ദീർഘിപ്പിക്കുന്നതിനുമുള്ള അപേക്ഷ | 143 |
| 27. | കെട്ടിടത്തിന് പുതുതായി നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ | 144 |
| 28. | കാറ്റഗറി II പഞ്ചായത്തുകളിൽ നിർമ്മാണത്തിന് മുമ്പ് എ2 ഫോറം സമർപ്പിക്കാത്ത സംഗതികളിൽ കെട്ടിട നമ്പർ ലഭിക്കുന്നതിന് സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റ്. | 145 |
| 29. | പൊളിച്ചുനീക്കിയ കെട്ടിടത്തിന്റെ /വിമുക്ത ഭടന്മാരുടെ വാസഗൃഹത്തിന്റെ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ | 146 |
| 30. | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ലഭിക്കുന്നതിന് അപേക്ഷ | 147 |
| 31. | വസ്തു നികുതിയിയിലുള്ള അപ്പീൽ അപേക്ഷ | 148 |
| 32. | വാസയോഗ്യമായ വീടില്ല എന്നതിന് സാക്ഷ്യപത്രത്തിനുള്ള അപേക്ഷ | 149 |
| 33. | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള അപേക്ഷ | 150 |
| 34. | ഉടമസ്ഥാവകാശ/താമസ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ | 151 |
| 35. | വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് നൽകുന്ന സർട്ടിഫിക്കറ്റിന്റെ മാതൃക * | 152 |
| 36. | ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷ | 153 |
| 37. | ബസ്സ്റ്റാന്റ്, വണ്ടിപേട്ട, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം എന്നിവയ്ക്ക് ലൈസൻസിനുള്ള അപേക്ഷ | 156 |
| 38. | പി.പി.ആർ ലൈസൻസിനുള്ള അപേക്ഷ | 157 |
| 39. | സിനിമാട്ടോഗ്രാഫ് ലൈസൻസിനുള്ള അപേക്ഷ | 158 |
| 40. | തെറ്റായി പേരുചേർക്കാൻ ഇടയായ സാഹചര്യം സംബന്ധിച്ച് സത്യവാങ്മൂലം | 159 |
| 41 | ഏജ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ | 160 |
| 42 | നികുതി രഹിത കെട്ടിടത്തിനുള്ള സർട്ടിഫിക്കറ്റ് | 161 |
| 43 | കമ്മ്യൂണിറ്റി ഹാൾ, ടൗൺഹാൾ, ഗ്രൗണ്ട്അനുവദിക്കുന്നതിനുള്ള അപേക്ഷ | 162 |
| 44 | പരസ്യത്തിനുള്ള ബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിനും പരസ്യപ്രദർശനാനുമതിക്കുമുള്ള അപേക്ഷ | 163 |

**അദ്ധ്യായം 4 അപ്പീലുകളും പരാതി പരിഹാര സംവിധാനങ്ങളും** 167

1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ/റിവിഷൻ നൽകുന്നതിന് സമർപ്പിക്കുന്ന മാതൃക ഫോറം* 169

2. ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ/റിവിഷൻ നൽകുന്നതിന് കാരണമാകുന്ന സംഗതികളുടെ ലിസ്റ്റ്* 170

3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കുന്ന ഫാറം* 172

**അദ്ധ്യായം 5 – നിയമങ്ങളും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും** 175

1. 2012 ലെ കേരളാ സംസ്ഥാന സേവനാവകാശ നിയമം

2 2012 ലെ കേരളാ സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ

4. പഞ്ചായത്ത് ഡയറക്ടറുടെ 26-4-2013ലെ ജി2-31289/2011 നമ്പർ വിജ്ഞാപനം

കുറിപ്പ്: നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള മാതൃക ഫോറങ്ങൾ സർക്കാർ ഉത്തരവുകളുടെ/ സർക്കുലറുകളുടെ ഭാഗമായിട്ടുള്ളവയാണ്.

# അദ്ധ്യായം 1

# അദ്ധ്യായം 1

# പൗരാവകാശ രേഖയും 2012 ലെ സേവനാവകാശ നിയമവും

സേവനം പൗരന്റെ അവകാശമാണെന്ന് പ്രഖ്യാപിക്കുന്നതാണ് സേവനാവകാശം. ഒരു പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, അവയുടെ വ്യവസ്ഥകൾ, അവ ലഭിക്കുന്ന സമയപരിധി എന്നിവ ജനങ്ങൾക്ക് വെളിപ്പെടുത്തുന്ന നയസമീപന സേവന അവകാശ രേഖയാണ് പൗരാവകാശ രേഖ. ഒരു ഭരണ സമിതി അധികാരത്തിൽ വന്നാൽ പഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങളുടെ പൗരാവകാശ രേഖ തയ്യാറാക്കി 6 മാസത്തിനകം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഈ പൗരാവകാശരേഖയെ അടിസ്ഥാനമാക്കി സേവനങ്ങൾ നൽകുവാനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരിൽ നിക്ഷിപ്തവുമാണ്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 272 എ (1)(2) എന്നിവ ഇത് സംബന്ധിച്ച വിശദാംശങ്ങൾ പ്രതിപാദിക്കുന്നു. ലഭിക്കുന്ന സേവനം തൃപ്തികരമല്ലെങ്കിലോ അല്ലെങ്കിൽ നിയമ പ്രകാരം ഉള്ള സമയത്തിനകം ലഭിച്ചില്ലെങ്കിലൊ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 276 പ്രകാരം ഭരണസമിതി, ട്രൈബ്യൂണൽ മുതലായ അപ്പീൽ സംവിധാനങ്ങളും നിലവിലുള്ളതാണ്. ഏറെക്കുറെ ഈ ലക്ഷ്യത്തോടുകൂടി തന്നെയാണ് 2012 ലെ സേവനാവകാശ നിയമവും പുറപ്പെടുവിച്ചിട്ടുള്ളത്. 2012 ലെ സേവനാവകാശ നിയമപ്രകാരം നൽകേണ്ട സേവനങ്ങളെ സംബന്ധിച്ചും സേവനം നൽകേണ്ട തീയതി, യഥാസമയം സേവനം ലഭിച്ചില്ലെങ്കിൽ അതിന് അപ്പീൽ നൽകാനുള്ള അധികാര സ്ഥാനം എന്നിവ പഞ്ചായത്ത് ഡയറക്ടർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ ഏതൊരു പരാതികൾ കേൾക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ബഹു. ഹൈക്കോടതി ജഡ്ജിയുടെ പദവിക്ക് തുല്യമായ പദവിയോടുകൂടിയ ഓംബുഡ്സ്മാൻ സംവിധാനവും നിലവിലുണ്ട്.

### നിലവിലുള്ള സ്ഥിതിയും പരിഹാരവും

ഒരു പൗരന് നൽകേണ്ട സേവനം കൃത്യസമയത്ത് തന്നെ നൽകുക എന്ന ലക്ഷ്യത്തോടെയാണ് മേൽപ്പറഞ്ഞ നിയമങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇപ്പോഴും പൊതുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കുവേണ്ടി പല പ്രാവശ്യം ഓഫീസുകൾ കയറി ഇറങ്ങേണ്ട സ്ഥിതി വിശേഷം നിലനിൽക്കുന്നു എന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. ഇതിന്റെ കാര്യകാരണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഉദ്യോഗസ്ഥർ യഥാസമയം ഉൾകൊള്ളാതിരിക്കുക, നിയമങ്ങളെ കുറിച്ചുള്ള പൊതുജനങ്ങളുടെ അറിവില്ലായ്മ എന്നിവയെല്ലാം കാണാൻ കഴിയുന്നതാണ്.

ഇതിനൊരു പരിഹാരം എന്ന നിലക്കാണ് സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രതിനിധികൾ, കിലയിലെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ സഹായകരമാകുന്ന വിധത്തിൽ ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ഒരു പഞ്ചായത്തിൽ നിന്നും നൽകുന്ന സേവനങ്ങൾ, സമയപരിധി, സേവനം ലഭിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ, സേവനം ലഭ്യമായില്ലെങ്കിൽ അപ്പീൽ - പരാതി സംവിധാനം, വകുപ്പ് 276 പ്രകാരമുള്ള അപ്പീൽ/റിവിഷൻ അധികാരികൾക്കുള്ള അപേക്ഷാ ഫോറങ്ങൾ എന്നിവയെല്ലാം വിശദീകരിച്ചുകൊണ്ടാണ് ഈ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്.

ഓരോ സേവനങ്ങളുടേയും കാര്യങ്ങളിൽ അതാത് ഫോറത്തിൽ തന്നെ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. അദ്ധ്യായം 3 ൽ നിയമങ്ങളിലോ ചട്ടങ്ങളിലോ പ്രത്യേകം പ്രതിപാദിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ മാതൃക അപേക്ഷാ ഫോറങ്ങൾ, റിപ്പോർട്ടുകൾ, അഫിഡവിറ്റുകൾ എന്നിവയും ചേർത്തിട്ടുണ്ട്. എന്നാൽ നക്ഷത്ര ചിഹ്നം നൽകിയിട്ടുള്ള മാതൃക ഫോറങ്ങൾ സർക്കാർ ഉത്തരവുകളുടെ/സർക്കുലറുകളുടെ ഭാഗമായിട്ടുള്ളവയാണ്. നിയമങ്ങളിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള മറ്റ് ഫോറങ്ങൾ അഫിഡവിറ്റുകൾ എന്നിവ ഇവിടെ മാതൃകയായി നൽകിയിട്ടില്ല. എന്നാൽ ഓംബുഡ്സ്മാന് പരാതി നൽകുന്നതിനുള്ള ഫോറം, ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള ഹർജിയുടെ ഫോറം എന്നിവ അദ്ധ്യായം 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ പുസ്തകത്തിൽ പരാമർശിക്കാത്ത സംഗതികളിലും അദ്ധ്യായം 4 ലെ ഫോറങ്ങളിൽ ഓംബുഡ്സ്മാന് ഹർജി സമർപ്പിക്കാവുന്നതാണ്.

**പൊതു വിവരങ്ങൾ**

- എല്ലാ സേവനങ്ങൾക്കുള്ള ഫോറങ്ങളും പഞ്ചായത്തിൽ നിന്നും സൗജന്യമായോ യഥാർത്ഥ വില ഈടാക്കിയോ നൽകാവുന്നതാണ്.
- അദ്ധ്യായം 5 ലെ പേജ് 187 ലുള്ള അക്ക്നോളജ്മെന്റ് ഫോറത്തിൽ സേവനം നൽകുന്ന തിയ്യതി കൂടി ചേർത്തു നൽകണം. (സ.ഉ (എം.എസ്) 123/2009/തസ്വഭവ തീയതി 2.7.2009)
- സേവനങ്ങളുടെ ഭാഗമായുള്ള സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി മനസ്സിലാകുന്ന വിധം സീൽ പതിക്കേണ്ടതാണ്.
- അപേക്ഷ നിരസിക്കുന്ന സംഗതികളിൽ (ക്ഷേമ പെൻഷനുകൾ ഉൾപ്പെടെ) നിരസിക്കുന്നതിനുള്ള കാരണവും അപ്പീൽ/റിവിഷൻ ഉണ്ടെങ്കിൽ അതിന്റെ അധികാര സ്ഥാനവും സമയ പരിധിയും അറിയിക്കേണ്ടതാണ്.
- പഞ്ചായത്ത് വകുപ്പിലെ വിവിധ തലങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥരുടേയും റിട്ടയർ ചെയ്ത ഉദ്യാഗസ്ഥരുടേയും സേവനം പ്രയോജനപ്പെടുത്തി കൊണ്ടാണ് ഈ കൈപുസ്തകം-തയ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ വിവിധ സേവനങ്ങൾക്കുള്ള ഒരു മാർഗദർശകമായി ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. സൂക്ഷ്മ വിവരങ്ങൾക്ക് ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിക്കേണ്ടതാണ്.
- സേവനാവകാശനിയമ പ്രകാരം സേവനങ്ങൾക്കുള്ള അപേക്ഷയിൽ നിശ്ചിത സമയത്തിനകം തീർപ്പ് കൽപ്പിച്ച് അപേക്ഷകനെ അറിയിച്ചില്ലെങ്കിൽ സേവനാവകാശ

നിയമപ്രകാരമുള്ള അപ്പീൽ അധികാരികൾക്ക് പരാതി നൽകുന്നതിന് പൗരന് അവകാശമുണ്ട്.

- ഓരോ സേവനങ്ങളുടേയും സമയപരിധി സൂചിപ്പിച്ചിട്ടുള്ളത് ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും പഞ്ചായത്തു ഡയറക്ടറുടെ സേവനാവകാശ പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലും ആണ്.
- സേവനം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരപേക്ഷ ലഭിക്കുമ്പോൾ തന്നെ സേവനം നൽകാനാവശ്യമായ രേഖകൾ അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കി സേവനം നൽകുന്ന തീയതി കൂടി ഉൾപ്പെടുത്തികൊണ്ടാണ് കൈപറ്റ് രശീതി നൽകേണ്ടത്. സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലെങ്കിൽ അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ ഹാജരാക്കേണ്ട രേഖകളുടെ വിവരം രേഖപ്പെടുത്തി രശീത് നൽകേണ്ടതാണ്. ആവശ്യമായ രേഖകളുടെ വിവരങ്ങൾ ഓരോ സേവനത്തിന്റെയും ഉള്ളടക്കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 I, 235 J, 235 N, 235 W, 235 X എന്നീ വകുപ്പുകൾ ഒഴികെ പ്രസിഡന്റോ സെക്രട്ടറിയോ നൽകിയ നോട്ടീസിനോ പാസ്സാക്കിയ ഉത്തരവിനോ എതിരെ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകളും, നികുതി സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയുള്ള അപ്പീൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകുവാനും ബന്ധപ്പെട്ടവർക്ക് അവകാശമുണ്ട്.
- കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 I, 235 J, 235 N, 235 W, 235 X എന്നീ വകുപ്പുകൾ പ്രകാരം സെക്രട്ടറി നൽകിയ നോട്ടീസിനെതിരെയുള്ള അപ്പീൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെയാണ് സമർപ്പിക്കേണ്ടത്.

# അദ്ധ്യായം 2
# സേവനങ്ങൾ, നിബന്ധനകൾ

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.1 ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ

| | | | |
|---|---|---|---|
| I. | രജിസ്ട്രേഷൻ സമയ പരിധി | –<br>– | ആശുപത്രിയിൽ വെച്ച് നടന്ന ജനന/മരണമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>മറ്റ് സ്ഥലങ്ങളിൽ 7 പ്രവർത്തി ദിവസത്തിനകം |
| II. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി ) |
| III. | റിപ്പോർട്ട് ഫോറം | | ഫോറം I -ജനനം<br>ഫോറം II – മരണം<br>ഫോറം III – നിർജ്ജീവ ജനനം<br>} **ജനന മരണ രജിസ്ട്രേഷൻ ചട്ടം 5** |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. ജനനം/മരണം /നിർജ്ജീവ ജനന റിപ്പോർട്ട്<br>2. ആശുപത്രിയിലേക്കുള്ള യാത്രാ മദ്ധ്യേ വാഹനത്തിൽ വെച്ച് സംഭവിച്ച മരണമാണെങ്കിൽ അനുബന്ധം ഒന്നിലെ സത്യപ്രസ്താവന |
| V. | അടക്കേണ്ട ഫീസ് | – | ഇല്ല |
| VI | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | – | വീട്ടിൽ വെച്ച് നടന്ന ജനന/മരണമാണെങ്കിൽ – ഗൃഹനാഥൻ<br>സ്ഥാപനങ്ങളിൽ – സ്ഥാപന മേധാവി<br>വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ<br>പ്ലാന്റേഷനിൽ – സൂപ്രണ്ട് (ചുമതലക്കാരൻ) |
| VII | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ**

1. മരണ രജിസ്ട്രേഷൻ സംഗതികളിൽ പൊതുസ്ഥലത്തുള്ള അസ്വഭാവിക മരണം മാത്രമെ മരണം നടന്ന സ്ഥലത്തെ പോലീസ് ഓഫീസർ (എസ്.എച്ച്.ഒ) റിപ്പോർട്ട് ചെയ്യേണ്ടതുള്ളു. മറ്റു സ്ഥലങ്ങളിൽ നടക്കുന്ന അസ്വാഭാവിക മരണം ഉൾപ്പെടെയുള്ള എല്ലാ മരണങ്ങളും നിയമപ്രകാരം ചുമതലപ്പെട്ട വ്യക്തികൾ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. റിപ്പോർട്ട് നൽകേണ്ട അവസാന ദിവസം അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അവസാന ദിവസമായി കണക്കാക്കാം.
3. യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേക്ക് കൊണ്ടു പോകുകയും ചെയ്യുന്ന സംഗതികളിൽ വാഹനം നിർത്തപ്പെടുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാം.
4. വാടകമാതാവ് – ഗർഭപാത്രം വാടകയ്ക്ക് എടുക്കുന്നതിലൂടെ (സരോഗസി) ജനിക്കുന്ന കുഞ്ഞ്, കൃത്രിമ ഗർഭ ധാരണത്തിലൂടെ (എ.ആർ.ടി, ഐ.വി.എഫ്) ജനിക്കുന്ന കുഞ്ഞുങ്ങൾ എന്നിവരുടെ ജനന രജിസ്ടേഷനിൽ ജനിതക അച്ഛനമ്മമാരുടെ പേരാണ് ചേർക്കേണ്ടത്. ഇൻവിട്രോ ഫെർട്ടിലൈസേഷൻ (ഐ.വി.എഫ്) സാങ്കേതിക വിദ്യയിലൂടെ ജനിച്ച സിംഗിൾ പാരന്റ് കുഞ്ഞുങ്ങളുടെ കാര്യത്തിൽ അമ്മയുടെ പേര് രേഖ

പ്പെടുത്തി അച്ഛന്റെ പേര് ഒഴിച്ചിടേണ്ടതാണ്. കുട്ടി IVF/ART സാങ്കേതികവിദ്യയിലൂടെ ജനിച്ചതാണെന്ന് റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്.

5. കാണാതായ വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് ഇന്ത്യൻ തെളിവ് നിയമം വകുപ്പ് 107,108 പ്രകാരം ആളെ കാണാതായി 7 വർഷത്തിനുശേഷം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. കോടതി ഉത്തരവിൽ കാണാതായ തിയതി സൂചിപ്പിച്ചിട്ടില്ലെങ്കിൽ അന്യായക്കാരൻ കോടതിയെ സമീപിച്ച തിയതി കാണാതായ തിയതിയായി (മരണ തീയതി) കണക്കാക്കാം.

6. മറ്റു സ്ഥലങ്ങളിൽ മരണം സംഭവിക്കുകയും ശവസംസ്ക്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന സംഗതികളിൽ (വിദേശത്ത് വെച്ച് നടക്കുന്ന മരംണം ഒഴികെ) മരണം നടന്ന യൂണിറ്റിൽ രജിസ്റ്റർ ചെയ്തീട്ടില്ലായെങ്കിൽ മരണം നടന്ന സ്ഥലത്തു നിന്ന് ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

7 ആദിവാസി കോളനികളിൽ നടക്കുന്ന ജനനം രജിസ്റ്റർ ചെയ്യുന്നതിന് ജനന തീയതി സംബന്ധിച്ച മാതാപിതാക്കൾ നൽകുന്ന വിവരം ആധികാരികമായി കണക്കിലെടുക്കാം.

7(a) നിലവിൽ ജനനം രജിസ്റ്റർ ചെയ്യപ്പെടാതെപോയ ആദിവാസി കുട്ടികളുടെ കാര്യത്തിൽ സ്കൂൾ അധികാരികളുടെ അപേക്ഷ പരിഗണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. (സർക്കുലർ നമ്പർ 64823/ആർ.ഡി3/12 തസ്വഭവ തീയതി 10/11/2014)

8. ട്രൈബൽ ഏരിയകളിൽ നടക്കുന്ന ജനനമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല ട്രൈബൽ എക്സറ്റൻഷൻ ഓഫീസർമാർക്കും ഫോറസ്റ്റ് ഗാർഡുമാർക്കും നൽകിയിട്ടുണ്ട്.

9. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ കുട്ടികളുടെ തമിഴ്നാട്ടിലെ ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനം അവിടത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തീട്ടില്ലെങ്കിൽ മാതാപിതാക്കളുടെ സത്യവാങ്മൂലത്തിന്റേയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ അവർ താമസിക്കുന്ന യൂണിറ്റിൽ രജിസ്റ്റർ ചെയ്യാം.

10. M.C.C.D നടപ്പിലാക്കിയ രജിസ്ട്രേഷൻ യൂണിറ്റുകളിൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് മരണകാരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

11. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനന മരണ **ചീഫ് രജിസ്ട്രാറുടെ 7 –2–2015ലെ ബി1.4356/2015 സർക്കുലർ കാണുക**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.2 ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ

| | | | |
|---|---|---|---|
| I. | രജിസ്ട്രേഷൻ സമയ പരിധി | - | ആശുപത്രിയിൽ വെച്ച് നടന്ന ജനന/മരണ നിർജ്ജീവ ജനന മാണെമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം) |
| | | - | മറ്റ് സ്ഥലങ്ങളിൽ 7 പ്രവർത്തി ദിവസത്തിനകം |
| II. | ഉദ്യോഗസ്ഥൻ | - | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി ) |
| III. | റിപ്പോർട്ട് ഫോറം | | ഫോറം I -ജനനം<br>ഫോറം II – മരണം<br>ഫോറം III – നിർജ്ജീവ ജനനം<br>} **ജനന മരണ രജിസ്ട്രേഷൻ ചട്ടം 5** |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. ജനനം/മരണം /നിർജ്ജീവ ജനന റിപ്പോർട്ട്<br>2. രജിസ്റ്റർ ചെയ്യുവാൻ വൈകിയതിന്റെ കാരണം കാണിച്ചു കൊണ്ടുള്ള 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ – അനുബന്ധം 2<br>3. ആശുപത്രിയിലേക്കുള്ള യാത്രാ മദ്ധ്യേ വാഹനത്തിൽ വെച്ച് സംഭവിച്ച മരണമാണെങ്കിൽ അനുബന്ധം ഒന്നിലെ സത്യപ്രസ്താവന |
| V. | അടക്കേണ്ട ഫീസ് | - | ലേറ്റ് ഫീ – 2 രൂപ |
| VI | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | - | • വീട്ടിൽ വെച്ച് നടന്ന ജനനം/മരണമാണെങ്കിൽ – ഗൃഹനാഥൻ<br>• സ്ഥാപനങ്ങളിൽ – സ്ഥാപന മേധാവി<br>• വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ പ്ലാന്റേഷനിൽ – സൂപ്രണ്ട് (ചുമതലക്കാരൻ) |
| VII | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ**

1. മരണ രജിസ്ട്രേഷൻ സംഗതികളിൽ പൊതുസ്ഥലത്തുള്ള അസ്വഭാവിക മരണം മാത്രമെ മരണം നടന്ന സ്ഥലത്തെ പോലീസ് ഓഫീസർ (എസ്.എച്ച്.ഒ) റിപ്പോർട്ട് ചെയ്യേണ്ടതുള്ളു. മറ്റു സ്ഥലങ്ങളിൽ നടക്കുന്ന അസ്വാഭാവിക മരണം ഉൾപ്പെടെയുള്ള എല്ലാ മരണങ്ങളും നിയമ പ്രകാരം ചുമതലപ്പെട്ട വ്യക്തികൾ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. റിപ്പോർട്ട് നൽകേണ്ട അവസാന ദിവസം അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അവസാന ദിവസമായി കണക്കാക്കാം.

3. യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേക്ക് കൊണ്ടു പോകുകയും ചെയ്യുന്ന സംഗതികളിൽ വാഹനം നിർത്തപ്പെടുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാം.

4. വാടകമാതാവ് – ഗർഭപാത്രം വാടകയ്ക്ക് എടുക്കുന്നതിലൂടെ (സരോഗസി) ജനിക്കുന്ന കുഞ്ഞ്, കൃത്രിമ ഗർഭ ധാരണത്തിലൂടെ (എ.ആർ.ടി, ഐ.വി.എഫ്) ജനിക്കുന്ന കുഞ്ഞുങ്ങൾ എന്നിവയുടെ ജനന രജിസ്ടേഷനിൽ ജനിതക അച്ഛനമ്മമാരുടെ പേരാണ് ചേർക്കേണ്ടത്. ഇൻവിട്രോ ഫെർട്ടിലൈസേഷൻ (ഐ.വി.എഫ്) സാങ്കേതിക വിദ്യയിലൂടെ ജനിച്ച സിംഗിൾ പാരന്റ് കുഞ്ഞുങ്ങളുടെ കാര്യത്തിൽ അമ്മയുടെ പേര് രേഖപ്പെടുത്തി അച്ഛന്റെ പേര് ഒഴിച്ചിടേണ്ടതാണ്. കുട്ടി IVF/ART സാങ്കേതികവിദ്യയിലൂടെ ജനിച്ചതാണെന്ന് റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്.

5. കാണാതായ വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് ഇന്ത്യൻ തെളിവ് നിയമം വകുപ്പ് 107,108 പ്രകാരം ആളെ കാണാതായി 7 വർഷത്തിനുശേഷം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. കോടതി ഉത്തരവിൽ കാണാതായ തിയതി സൂചിപ്പിച്ചിട്ടില്ലെങ്കിൽ അന്യായക്കാരൻ കോടതിയെ സമീപിച്ച തിയതി കാണാതായ തിയതിയായി (മരണ തീയതി) കണക്കാക്കാം.

6. മറ്റു സ്ഥലങ്ങളിൽ മരണം സംഭവിക്കുകയും ശവസംസ്ക്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന സംഗതികളിൽ (വിദേശത്ത് വെച്ച് നടക്കുന്ന മരംണം ഒഴികെ) മരണം നടന്ന യൂണിറ്റിൽ രജിസ്റ്റർ ചെയ്തീട്ടില്ലായെങ്കിൽ മരണം നടന്ന സ്ഥലത്തു നിന്ന് ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

7 ആദിവാസി കോളനികളിൽ നടക്കുന്ന ജനനം രജിസ്റ്റർ ചെയ്യുന്നതിന് ജനന തീയതി സംബന്ധിച്ച മാതാപിതാക്കൾ നൽകുന്ന വിവരം ആധികാരികമായി കണക്കിലെടുക്കാം.

7(a) നിലവിൽ ജനനം രജിസ്റ്റർ ചെയ്യപ്പെടാതെപോയ ആദിവാസി കുട്ടികളുടെ കാര്യത്തിൽ സ്കൂൾ അധികാരികളുടെ അപേക്ഷ പരിഗണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. (സർക്കുലർ നമ്പർ 64823/ആർ.ഡി3/12 തസ്വഭവ തീയതി 10/11/2014)

8. ട്രൈബൽ ഏരിയകളിൽ നടക്കുന്ന ജനനമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതല ട്രൈബൽ എക്സറ്റൻഷൻ ഓഫീസർമാർക്കും ഫോറസ്റ്റ് ഗാർഡുമാർക്കും നൽകിയിട്ടുണ്ട്.

9. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ കുട്ടികളുടെ തമിഴ്നാട്ടിലെ ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനം അവിടത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തീട്ടില്ലെങ്കിൽ മാതാപിതാക്കളുടെ സത്യവാങ്മൂലത്തിന്റേയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ അവർ താമസിക്കുന്ന യൂണിറ്റിൽ രജിസ്റ്റർ ചെയ്യാം.

10. M.C.C.D നടപ്പിലാക്കിയ രജിസ്ട്രേഷൻ യൂണിറ്റുകളിൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് മരണകാരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

11. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനന മരണ **ചീഫ് രജിസ്ട്രാറുടെ 7-2-2015ലെ ബി1.4356/2015 സർക്കുലർ കാണുക**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.3 ജനനം/മരണം നടന്ന് 30 ദിവസത്തിന് ശേഷം ഒരു വർഷത്തിനകം വിവരം നൽകുന്ന സംഗതികളിൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക്. രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) മുഖേന |
| II. | രജിസ്ട്രേഷൻ സമയ പരിധി | – | പഞ്ചായത്ത് ഡെപ്യൂട്ടി യഡറക്ടറിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം (സൂചന. സർക്കുലർ നം. 36511/RD3/13/തസ്വഭവ തീയതി 5.8.13) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം |
| III. | ഉദ്യോഗസ്ഥൻ | – | അനുമതി നൽകേണ്ടത് - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| | | – | രജിസ്ട്രേഷൻ നടത്തേണ്ടത് - രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി ) |
| IV. | സമർപ്പിക്കേണ്ട രേഖകൾ | – | 1. *ഫോറം ഒന്ന്- ജനന റിപ്പോർട്ട് (2 കോപ്പി)/ ഫോറം രണ്ട്- മരണ റിപ്പോർട്ട് (2 കോപ്പി)- ചട്ടം 5 കാണുക<br>2. രജിസ്റ്റർ ചെയ്യുവാൻ വൈകിയതിനുള്ള കാരണം കാണിച്ചുകൊണ്ട് അനുവാദത്തിനുള്ള അപേക്ഷ ( 5 രൂപയുടെ കോർട്ട് ഫീ പതിക്കണം) - അനുബന്ധം 4 കാണുക<br>3. നോട്ടറിയൊ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനൊ സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ് മൂലം (അനുബന്ധം 3 കാണുക)<br>4. രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (2.1.8 കാണുക) |
| V. | അടക്കേണ്ട ഫീസ് | – | അനുമതി ലഭിച്ചതിന് ശേഷം 5 രൂപ ലേറ്റ് ഫീസ് |
| VI | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | – | • വീട്ടിൽ വെച്ച് നടന്ന ജനനം/മരണമാണെങ്കിൽ - ഗൃഹനാഥൻ<br>• സ്ഥാപനങ്ങളിൽ - സ്ഥാപന മേധാവി<br>• പ്ലാന്റേഷനിൽ - സൂപ്രണ്ട് (ചുമതലക്കാരൻ)<br>• വാഹനങ്ങളിൽ - വാഹനത്തിന്റെ ചുമതലക്കാരൻ |
| VII | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ (സംസ്ഥാന ചീഫ് രജിസ്ട്രാറുടെ 7-2-2015ലെ ബി1.4356/2015സർക്കുലർ)**

**കുറിപ്പുകൾ**

1. മരണ രജിസ്ട്രേഷൻ സംഗതികളിൽ പൊതുസ്ഥലത്തുള്ള അസ്വഭാവിക മരണം മാത്രമെ മരണം നടന്ന പോലീസ് ഓഫീസർ (എസ്.എച്ച്.ഒ) റിപ്പോർട്ട് ചെയ്യേണ്ടതുള്ളു. മറ്റു സ്ഥലങ്ങളിൽ നടക്കുന്ന അസ്വാഭാവിക മരണം ഉൾപ്പെടെയുള്ള എല്ലാ മരണങ്ങളും നിയമ പ്രകാരം ചുമതലപ്പെട്ട വ്യക്തികൾ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2. റിപ്പോർട്ട് നൽകേണ്ട അവസാന ദിവസം അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അവസാന ദിവസമായി കണക്കാക്കാം.

3. യാത്രയ്ക്കിടയിൽ മരണം സംഭവിക്കുകയും ആശുപത്രിയിൽ എത്താതെ സ്വദേശത്തേക്ക് കൊണ്ടു പോകുകയും ചെയ്യുന്ന സംഗതികളിൽ വാഹനം നിർത്തപ്പെടുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാം.

4. വാടകമാതാവ് - ഗർഭപാത്രം വാടകയ്ക്ക് എടുക്കുന്നതിലൂടെ (സരോഗസി) ജനിക്കുന്ന കുഞ്ഞ്, കൃത്രിമ ഗർഭ ധാരണത്തിലൂടെ (എ.ആർ.ടി, ഐ.വി.എഫ്) ജനിക്കുന്ന കുഞ്ഞുങ്ങൾ എന്നിവയുടെ ജനന രജിസ്ട്രേഷനിൽ ജനിതക അച്ഛനമ്മമാരുടെ പേരാണ് ചേർക്കേണ്ടത്. ഇൻവിട്രോ ഫെർട്ടിലൈസേഷൻ (ഐ.വി.എഫ്) സാങ്കേതിക വിദ്യയിലൂടെ ജനിച്ച സിംഗിൾ പാരന്റ് കുഞ്ഞുങ്ങളുടെ കാര്യത്തിൽ അമ്മയുടെ പേര് രേഖപ്പെടുത്തി അച്ഛന്റെ പേര് ഒഴിച്ചിടേണ്ടതാണ്. കുട്ടി IVF/ART സാങ്കേതികവിദ്യയിലൂടെ ജനിച്ചതാണെന്ന് റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്.

5. കാണാതായ വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് ഇന്ത്യൻ തെളിവ് നിയമം വകുപ്പ് 107,108 പ്രകാരം ആളെ കാണാതായി 7 വർഷത്തിനുശേഷം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്. കോടതി ഉത്തരവിൽ കാണാതായ തിയതി സൂചിപ്പിച്ചിട്ടില്ലെങ്കിൽ അന്യായക്കാരൻ കോടതിയെ സമീപിച്ച തിയതി കാണാതായ തിയതിയായി (മരണ തീയതി) കണക്കാക്കാം.

6. മറ്റു സ്ഥലങ്ങളിൽ മരണം സംഭവിക്കുകയും ശവസംസ്ക്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന സംഗതികളിൽ (വിദേശത്ത് വെച്ച് നടക്കുന്ന മരംണം ഒഴികെ) മരണം നടന്ന യൂണിറ്റിൽ രജിസ്റ്റർ ചെയ്തീട്ടില്ലായെങ്കിൽ മരണം നടന്ന സ്ഥലത്തു നിന്ന് ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.

7 ആദിവാസി കോളനികളിൽ നടക്കുന്ന ജനനം രജിസ്റ്റർ ചെയ്യുന്നതിന് ജനന തീയതി സംബന്ധിച്ച മാതാപിതാക്കൾ നൽകുന്ന വിവരം ആധികാരികമായി കണക്കിലെടുക്കാം.

7(a) നിലവിൽ ജനനം രജിസ്റ്റർ ചെയ്യപ്പെടാതെപോയ ആദിവാസി കുട്ടികളുടെ കാര്യത്തിൽ സ്കൂൾ അധികാരികളുടെ അപേക്ഷ പരിഗണിച്ച് ജനന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. (സർക്കുലർ നമ്പർ 64823/ആർ.ഡി3/12 തസ്വഭവ തീയതി 10/11/2014)

8. ട്രൈബൽ ഏരിയകളിൽ നടക്കുന്ന ജനനമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചുമതലട്രൈബൽ എക്സറ്റൻഷൻ ഓഫീസർമാർക്കും ഫോറസ്റ്റ് ഗാർഡുമാർക്കും നൽകിയിട്ടുണ്ട്.

9. അട്ടപ്പാടി മേഖലയിലെ ആദിവാസികളുടെ കുട്ടികളുടെ തമിഴ്നാട്ടിലെ ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനം അവിടത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്തീട്ടില്ലെങ്കിൽ മാതാപിതാക്കളുടെ സത്യവാങ്മൂലത്തിന്റേയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ അവർ താമസിക്കുന്ന യൂണിറ്റിൽ രജിസ്റ്റർ ചെയ്യാം.

10. M.C.C.D നടപ്പിലാക്കിയ രജിസ്ട്രേഷൻ യൂണിറ്റുകളിൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് മരണകാരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

11. ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പ് ലഭിക്കുന്ന റിപ്പോർട്ടുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി ലഭിക്കുന്നത് ഒരു വർഷം കഴിഞ്ഞായാലും സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതി കൂടാതെ രജിസ്ട്രേഷൻ നടത്താം. (ഗവ. സർക്കുലർ \w. 36511/RD3/2013/LSGD തീയതി 5.8.2013)

12 ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനന മരണ **ചീഫ് രജിസ്ട്രാറുടെ 7-2-2015ലെ ബി1.4356/2015 സർക്കുലർ കാണുക**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.4 ജനനം/മരണം നടന്ന് ഒരു വർഷത്തിനു ശേഷമുള്ള സംഗതികളിൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് (റെവന്യൂ ഡിവിഷണൽ ഓഫീസർ) രജിസ്ട്രാറിൽ നിന്നുള്ള എൻ.എ.സി. സഹിതം |
| II. | രജിസ്ട്രേഷൻ സമയ പരിധി | – | സബ് ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം |
| III. | ഉദ്യോഗസ്ഥൻ | – | അനുമതി നൽകേണ്ടത് – സബ് ഡിവിഷണൽ മജിസ്ട്രേറ്റ് |
| | | – | രജിസ്ട്രേഷൻ നടത്തേണ്ടത്–രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി ) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. അപേക്ഷ ( 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്)<br>2. *ഫോറം ഒന്ന്– ജനന റിപ്പോർട്ട് (2 കോപ്പി)/ ഫോറം രണ്ട്– മരണ റിപ്പോർട്ട് (2 കോപ്പി)– ചട്ടം 5 കാണുക<br>3. രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (2.1.8 കാണുക) |
| V. | അടക്കേണ്ട ഫീസ് | – | അനുമതി ലഭിച്ചതിന് ശേഷം 10 രൂപ ലേറ്റ് ഫീ |
| VI | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | – | • വീട്ടിൽ വെച്ച് നടന്ന ജനനം/മരണമാണെങ്കിൽ – ഗൃഹനാഥൻ<br>• സ്ഥാപനങ്ങളിൽ – സ്ഥാപന മേധാവി<br>• വാഹനങ്ങളിൽ – വാഹനത്തിന്റെ ചുമതലക്കാരൻ<br>• പ്ലാന്റേഷനിൽ – സൂപ്രണ്ട് (ചുമതലക്കാരൻ) |
| VII | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ**

1. മരണ രജിസ്ട്രേഷൻ സംഗതികളിൽ പൊതുസ്ഥലത്തുള്ള അസ്വഭാവിക മരണം മാത്രമെ മരണം നടന്ന സ്ഥലത്തെ പോലീസ് ഓഫീസർ (എസ്.എച്ച്.ഒ) റിപ്പോർട്ട് ചെയ്യേണ്ടതുള്ളു. മറ്റു സ്ഥലങ്ങളിൽ നടക്കുന്ന അസ്വാഭാവിക മരണം ഉൾപ്പെടെയുള്ള എല്ലാം മരണങ്ങളും നിയമം പ്രകാരം ചുമതലപ്പെട്ട വ്യക്തികൾ തന്നെ റിപ്പോർട്ടു ചെയ്യേണ്ടതാണ്.
2. രജിസ്ട്രാറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം അപേക്ഷകന് നേരിട്ട് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.
3. ജനന മരണ രജിസ്ട്രാറുടെ അധികാര പരിധിക്ക് പുറത്ത് സംഭവിക്കുന്ന മരണം പ്രസ്തുത യൂണിറ്റിൽ രജിസ്റ്റർ ചെയ്തിട്ടില്ലായെങ്കിൽ മരണം നടന്ന സ്ഥലത്തു നിന്ന് ലഭിക്കുന്ന വിവരങ്ങൾ ചേർത്ത് ജനന മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്.
4. പഞ്ചായത്തു വഴി അപേക്ഷ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് സമർപ്പിക്കുന്നുവെങ്കിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് നിഷ്കർഷിക്കുന്ന പ്രകാരമുള്ള രേഖകൾ നൽകണം.
5. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനന മരണ **ചീഫ് രജിസ്ട്രാറുടെ 7–2–2015ലെ ബി1.4356/2015 സർക്കുലർ കാണുക**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.5 വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | മാതാപിതാക്കൾ സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| II. | രജിസ്ട്രേഷൻ സമയ പരിധി | – | 1. കുട്ടി ഇന്ത്യയിലെത്തി 60 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ റിപ്പോർട്ട് ലഭിച്ച് 30 പ്രവർത്തി ദിവസത്തിനകം (സേവനാവകാശ വിജ്ഞാപന പ്രകാരം)<br>2. വൈകിയുള്ള സന്ദർഭങ്ങളിൽ ക്രമനമ്പർ 2.1.3, 2.1.4 പ്രകാരം അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസത്തിനകം |
| III. | ഉദ്യോഗസ്ഥൻ | – | താമസിക്കുന്ന രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | **60 ദിവസത്തിനകം സമർപ്പിക്കുന്ന സംഗതികളിൽ**<br>1. ജനന റിപ്പോർട്ട് (2 കോപ്പി) ഫോറം 1<br>2. ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം ( മാതൃക അനുബന്ധം 5 കാണുക)<br>3. മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ്<br>4. കുട്ടിയുടെ ജനനതീയതി കാണിക്കുന്ന ഏതെങ്കിലും രേഖ (അമ്മയുടേയോ കുട്ടിയുടേയോ പാസ്പോർട്ട്/ആശുപത്രിയിലെ രേഖ/മറ്റേതെങ്കിലും രേഖകൾ)<br>**60 ദിവസത്തിന് ശേഷം**<br>1. മുകളിലെ ക്രമ നമ്പർ 1,2,3,4 പ്രകാരമുള്ള രേഖകൾ<br>2. വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് - നോട്ടറി/ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത്. (ജില്ല രജിസ്ട്രാർക്ക് അപേക്ഷിക്കുന്ന സംഗതികളിൽ) (മാതൃക അനുബന്ധം 3 കാണുക)<br>3. 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്ന സെക്രട്ടറിയുടെ റിപ്പോർട്ട് |
| V. | അടക്കേണ്ട ഫീസ് | | • 60 ദിവസം വരെ ആവശ്യമില്ല<br>• 60 ദിവസം മുതൽ 1 വർഷം വരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ – 5 രൂപ ലേറ്റ് ഫീ<br>• 1 വർഷത്തിന് ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റ് (RDO) ന്റെ അനുമതിയോടെ – 10 രൂപ ലേറ്റ് ഫീ |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ (സംസ്ഥാന ചീഫ് രജിസ്ട്രാറുടെ 7-2-2015ലെ ബി1.4356/2015 സർക്കുലർ)**

1. വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതില്ല.
2. കുട്ടി ഇന്ത്യയിലെത്തി 60 ദിവസം കഴിഞ്ഞുള്ള സംഗതികളിൽ ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം കുട്ടിയുടെ ജനന തീയതി മുതൽ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറിൽ നിന്നും അതിനുശേഷമാണെങ്കിൽ ആർ.ഡി.ഒ യുടെ അനുവാദവും ആവശ്യമാണ്.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.6 ദത്തെടുക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| II. | രജിസ്ട്രേഷൻ സമയ പരിധി | - | ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവ് ഹാജരാക്കിയ ശേഷം-10 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. ജനനറിപ്പോർട്ട്<br>2. ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ്<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡ്/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായവ) |
| V. | അടക്കേണ്ട ഫീസ് | | • 21 ദിവസത്തിനകം- ആവശ്യമില്ല, 21 മുതൽ 30 വരെ -2 രൂപ<br>• 30 ദിവസത്തിന് ശേഷം ഒരു വർഷം വരെ - 5 രൂപലേറ്റ് ഫീ<br>• ഒരു വർഷത്തിന് ശേഷം - 10 രൂപ ലേറ്റ് ഫീ |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ**

1. കോടതി ഉത്തരവ് പ്രകാരം ദത്തെടുത്ത (Adopted) /ഗാർഡിയൻഷിപ്പ് ലഭിച്ച കുട്ടികളുടെ കാര്യത്തിൽ രജിസ്ട്രേഷനിൽ ദത്തെടുത്ത/ ഗാർഡിയൻഷിപ്പ് ലഭിച്ച മാതാപിതാക്കളുടെ പേരാണ് ചേർക്കേണ്ടത്.
2. ജനന സ്ഥലം ദത്തെടുത്ത/ ഗാർഡിയൻഷിപ്പ് ലഭിച്ച മാതാപിതാക്കളുടെ സ്ഥലമായി രേഖപ്പെടുത്തണം (അമ്മതൊട്ടിൽ ഓർഫനേജ് എന്നിങ്ങനെ രേഖപ്പെടുത്താൻ പാടില്ല)
3. ദത്തെടുക്കൽ രജിസ്ട്രേഷനുകൾ കോടതി ഉത്തരവ് പ്രകാരമായതിനാൽ കാലതാമസം സംഭവിച്ചാലും പ്രത്യേക അനുമതി കൂടാതെ രജിസ്ട്രാർക്ക് തന്നെ രജിസ്റ്റർ ചെയ്യാം.
4. ദത്തെടുത്ത കുട്ടിയുടെ ജനനം ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്തൊ/ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തൊ രജിസ്റ്റർ ചെയ്യാം.
5. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനന മരണ **ചീഫ് രജിസ്ട്രാറുടെ 7 –2–2015ലെ ബി1.4356/2015 സർക്കുലർ കാണുക**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.7 ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ജനന മരണ രജിസ്ട്രാർക്ക് |
| II. | രജിസ്ട്രേഷൻ സമയ പരിധി | - | 7 പ്രവൃത്തി ദിവസം |
| III. | റിപ്പോർട്ട് നൽകേണ്ടത്. | - | സ്ഥാപനമേധാവി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. ഫോറം ഒന്ന് – ജനനറിപ്പോർട്ട്<br>2. കുട്ടിയുടെ ജനന തീയതി സംബന്ധിച്ച നോട്ടറി/ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്ഥാപന മേധാവിയുടെ സത്യവാങ്മൂലം |
| V. | അടക്കേണ്ട ഫീസ് | | ഇല്ല |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ (സംസ്ഥാന ചീഫ് രജിസ്ട്രാറുടെ 7-2-2015ലെ ബി 1.4356/2015 സർക്കുലർ)**

1. രജിസ്ട്രേഷൻ നടത്തുന്നതിന് കുട്ടിയുടെ ദത്തെടുക്കൽ നടപടി വരെ കാത്തിരിക്കേണ്ടതില്ല
2. രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്ക്സ് കോളത്തിൽ ചേർക്കണം.
3. മാതാപിതാക്കളുടെ പേര് വിലാസം എന്നീ കോളങ്ങളിൽ ഒന്നും രേഖപ്പെടുത്തേണ്ടതില്ല.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.8 നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | ദത്തെടുത്ത മാതാപിതാക്കളുടെ താമസസ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| II. | രജിസ്ട്രേഷൻ സമയ പരിധി | – | രജിസ്ട്രേഷനുള്ള അനുമതി ലഭിച്ച് 15 പ്രവർത്തി ദിവസത്തിനകം |
| III. | ഉദ്യോഗസ്ഥൻ | – | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. ജനനറിപ്പോർട്ട്<br>2. വിശ്വസനീയരായ 2 വ്യക്തികളിൽ നിന്നുള്ള സത്യപ്രസ്താവന<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ (എസ്.എസ്.എൽ.സി ബുക്ക്, റേഷൻകാർഡ്, വോട്ടേഴ്സ് ഐ.ഡി, ആധാർ കാർഡ് മറ്റുമുള്ള രേഖകൾ) |
| V. | അടക്കേണ്ട ഫീസ് | – | ലേറ്റ് ഫീ –10 രൂപ |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ**

1. ജനനം രജിസ്റ്റർ ചെയ്യേണ്ടതിലേക്ക് എസ്.എസ്.എൽ.സി ബുക്ക്, റേഷൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി, ആധാർ കാർഡ്, മറ്റുമുള്ള രേഖകൾ പരിശോധിച്ചും ആവശ്യമായ അന്വേഷണം നടത്തിയും ബോദ്ധ്യപ്പെട്ട് രജിസ്ട്രേഷൻ നടത്താവുന്നതാണ്. (സർക്കുലർ നമ്പർ 17484/ആർഡി3/13/തസ്വഭവ തീയതി 20.5.13)
2. കോടതി ഉത്തരവ് മുഖേനയല്ലാത്തതിനാൽ വൈകിയുള്ള രജിസ്ട്രേഷനുകൾക്ക് ബന്ധപ്പെട്ടവരുടെ പക്കൽ നിന്നുള്ള അനുമതി ആവശ്യമാണ്.
3. ജനപ്രതിനിധികൾ, ഗസറ്റഡ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരെ വിശ്വസനീയ വ്യക്തികളായി കണക്കാക്കാവുന്നതാണ്.
4. സമർപ്പിക്കേണ്ട രേഖകളിൽ പറയുന്ന എല്ലാ രേഖകളും ലഭ്യമല്ലെങ്കിൽ നിയമപരമായുള്ള ദത്തെടുക്കൽ നടപടിക്രമം സ്വീകരിക്കണം
5. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജനന മരണ **ചീഫ് രജിസ്ട്രാറുടെ 7–2–2015ലെ ബി1.4356/2015 സർക്കുലർ കാണുക**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.9 ജനന-മരണ രജിസ്ട്രേഷൻ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | ജനനം/മരണം നടന്ന ഗ്രാമപഞ്ചായത്തിലെ രജിസ്ട്രാർക്ക് |
| II. | എൻ.എ.സി. നൽകേണ്ട സമയപരിധി | – | 7 പ്രവൃത്തി ദിവസം (മറ്റ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടോ പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ടോ ആവശ്യമുള്ള സംഗതികളിൽ അവ ലഭിച്ച് 7 പ്രവർത്തി ദിവസം) |
| III. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. അപേക്ഷ- (അപേക്ഷാ ഫാറത്തിന്റെ മാതൃക അനുബന്ധം 7 ൽ നൽകിയിരിക്കുന്നു). 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചിരിക്കണം. വെള്ളക്കടലാസിൽ എഴുതി നൽകിയാലും മതി.<br>2. ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസസ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ |
| V. | അടക്കേണ്ട ഫീസ് | – | തിരച്ചിൽ ഫീസ് - ഒരു വർഷത്തേക്ക് 2 രൂപ<br>സർട്ടിഫിക്കറ്റ് ഫീ - 2 രൂപ |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. കേരളത്തിലെ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനായി സെർച്ച് ചെയ്ത് ഈ വിവരം ശേഖരിക്കാൻ ഇപ്പോൾ സൗകര്യമുണ്ട്. (ജനനമരണ ചീഫ് രജിസ്ട്രാർ ബി 134679/12 തീയതി 29.4.2016). ഈ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം ജനനം/മരണം നടന്നതായി സംശയിക്കുന്ന പഞ്ചായത്തിലെ രജിസ്ട്രാറോട് വിവരങ്ങൾ ആരാഞ്ഞാൽ മതിയാകുന്നതാണ്.
2. സമർപ്പിക്കേണ്ട രേഖകളിൽ ഒരു തെളിവും ഹാജരാക്കാൻ അപേക്ഷകന് സാധിച്ചില്ലെങ്കിൽ പോലീസ് അന്വേഷണത്തിന് ശേഷം മാത്രമെ N.A.C നൽകാവു.
3. രജിസ്ട്രേഷൻ സംബന്ധിച്ച സംഗതികളിൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും രജിസ്ട്രാറൊ ആർ.ഡി.ഒ യൊ വിവരങ്ങൾ ആവശ്യപ്പെട്ടാൽ മറുപടി നൽകേണ്ടതാണ്. ഈ മറുപടി N.A.C യായിരിക്കുന്നതല്ല.
4. ജനനം/മരണം നടന്ന സ്ഥലത്തു നിന്നു മാത്രമെ N.A.C നൽകാവു എന്നതിനാൽ മറ്റൊരു രജിസ്ട്രേഷൻ യൂണിറ്റിൽ നിന്നും അപേക്ഷകർക്ക് N.A.C നൽകാവുന്നതല്ല.
5. എൻ.എ.സി. എന്താവശ്യത്തിന് നൽകുന്നു എന്ന് രേഖപ്പെടുത്തേണ്ടതില്ല.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.1 ജനന – മരണ രജിസ്ട്രേഷൻ

### 2.1.10 ജനന-മരണ സർട്ടിഫിക്കറ്റ് നൽകൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. | സർട്ടിഫിക്കറ്റ് നൽകേണ്ട സമയ പരിധി | – | 1. 12 -ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് (ജനനം/മരണം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് നൽകിയ സംഗതികളിൽ)- രജിസ്ട്രേഷൻ നടത്തിയ ദിവസം<br>2. മറ്റുള്ളവ-അപേക്ഷ ലഭിച്ച് 7 പ്രവർത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. 21 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയ സംഗതികളിൽ 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റിന് പ്രത്യേക അപക്ഷയുടെ ആവശ്യമില്ല . അല്ലാത്ത സംഗതികളിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ ( മാതൃക അനുബന്ധം 6 ൽ നൽകിയിരിക്കുന്നു)<br>2. അപേക്ഷകന്റെ പേരിലുള്ള 20 രൂപയുടെ മുദ്രപത്രം<br>3. സർട്ടിഫിക്കറ്റ് തപാലിൽ ലഭിക്കുന്നതിന് സ്വന്തം മേൽവിലാസം രേഖപ്പെടുത്തിയ മതിയായ തപാൽ സ്റ്റാമ്പ് പതിച്ച കവർ. |
| V. | അടക്കേണ്ട ഫീസ് | | 12-ാം വകുപ്പ് പ്രകാരമുള്ള സർട്ടിഫിക്കറ്റിന് ഫീസ് ആവശ്യമില്ല.<br>തിരച്ചിൽ ഫീസ് - ഒരു വർഷത്തേക്ക് 2 രൂപ |
| | | | സർട്ടിഫിക്കറ്റ് ഫീ 5 രൂപ |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. 21 ദിവസത്തിനകം റിപ്പോർട്ട് ലഭിച്ച സംഗതികളിൽ സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റ് 30 ദിവസത്തിനകം ബന്ധപ്പെട്ടവർ കൈപ്പറ്റാത്ത പക്ഷം തപാലിൽ അയച്ചുകൊടുക്കേണ്ടതാണ്.
2. കൃത്യമായ രജിസ്ട്രേഷൻ തീയതി സൂചിപ്പിച്ചുകൊണ്ടുള്ള അപേക്ഷയിൻമേൽ തിരച്ചിൽ ഫീ ഈടാക്കേണ്ടതില്ല.
3. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നു ബാർകോഡുള്ള ജനന-മരണ സർട്ടിഫിക്കറ്റ് എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കാം. (ജി.ഒ(എം.എസ്)202/2012/LSGD തീയതി 25.7.2012)

### 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേരുചേർക്കൽ/തിരുത്തൽ

### 2.2.1 സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള പേര് ചേർക്കലും പേര് തിരുത്തലും

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| II. | സേവനം നൽകുന്ന സമയ പരിധി | - | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാതാവിന്റെയോ പിതാവിന്റെയോ രക്ഷിതാവിന്റെയോ അപേക്ഷ (G.O(P) 199/2015/ LSGD/dt 23.6.2015)(മാതൃക- അനുബന്ധം 8 ൽ കാണുക)<br>2. അപേക്ഷയിൽ ഒപ്പ് വെച്ചിരിക്കുന്നവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ<br>3. തിരുത്തലുകൾക്ക് - വെള്ളക്കടലാസിൽ സത്യവാങ്മൂലവും മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റും ( സർക്കുലർ നമ്പർ 31512/ RD3/13 തസ്വഭവ തിയ്യതി 17.10.2013) |
| V. | അടക്കേണ്ട ഫീസ് | | 1. രജിസ്ട്രേഷൻ തീയതിക്ക് ശേഷം ഒരു വർഷം വരെ ഫീസ് അടക്കേണ്ടതില്ല. ഒരു വർഷത്തിന് ശേഷം 5 രൂപ ലേറ്റ് ഫീസ്<br>2. തിരുത്തലുകൾക്ക് കോംമ്പൗണ്ടിംഗ് ഫീ 50 രൂപ |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. മാതാവിന്റെ/പിതാവിന്റെ/രക്ഷിതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് ചേർത്ത സംഗതികളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാം. സ്കൂളിൽ ചേർത്തതിന് ശേഷമാണെങ്കിൽ 2.2.6 ലെ വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളത്.
2. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് 100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം സമർപ്പിക്കണം.
3. മാതാപിതാക്കൾ വിവാഹബന്ധം വേർപ്പെടുത്തിയ സംഗതികളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയ സംഗതികളിലും കോടതി ഉത്തരവിന്റെയോ അതില്ലെങ്കിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റിന്റെയും രണ്ട് പ്രമുഖ വ്യക്തികളുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ കുട്ടി ആരുടെ സംരക്ഷണയിലാണോ കഴിയുന്നത് അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് തിരുത്താം. (സർക്കുലർ നമ്പർ. 187609/RD3/15/LSGD/dt 12.1.2016))
4. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത സംഗതിയിൽ നിയമാനുസൃത രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം പേര് ചേർക്കാവുന്നതാണ്.
5. **ജനനം 23.6.2015 ന് ശേഷമുള്ള സംഗതികളിൽ ജനനത്തീയതി മുതൽ 15 വർഷത്തിനുള്ളിലും 23.6.2015 ന് മുമ്പുള്ള സംഗതികളിൽ 5 വർഷത്തിനകവും പേര് ചേർക്കേണ്ടതാണ് (റൂൾ 14.1(1) )**

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേരുചേർക്കൽ/തിരുത്തൽ

### 2.2.2 ജനനരജിസ്റ്ററിലെ ജനനതീയതിയും സ്കൂൾ രേഖയിലെ ജനനതീയതിയും തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | ജില്ലാ രജിസ്ട്രാർക്ക് (രജിസ്ട്രാർ മുഖാന്തിരം) |
| II. | സേവനം നൽകേണ്ട സമയ പരിധി | – | അപേക്ഷ ലഭിച്ച് 15 പ്രവർത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച മാതാവിന്റെയോ പിതാവിന്റെയോ രക്ഷിതാവിന്റെയോ അപേക്ഷ (G.O(P) 199/2015/ LSGD/ dt 23.6.2015)(മാതൃക- അനുബന്ധം 8 ൽ കാണുക)<br>2. സ്കൂൾ രേഖയുടെ ശരിപകർപ്പ് / സ്കൂൾ രേഖയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം<br>3. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം (അനുബന്ധം 12)<br>4. ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതീയതി/ വയസ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്/സ്കൂൾ രേഖ/റേഷൻ കാർഡ്/ആശുപത്രി രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് |
| V. | അടക്കേണ്ട ഫീസ് | – | ഇല്ല |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. സ്കൂളിൽ ചേർത്തശേഷം പേര് ചേർക്കുന്ന സംഗതികളിൽ പേര് ചേർക്കുന്നത് സ്കൂൾ രേഖയിലേതുപോലെ എന്നതിനാൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ ആവശ്യമില്ല.
2. പേര് ചേർക്കുന്നതിന് മുമ്പ് ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചശേഷം 5രൂപ ലേറ്റ് ഫീ ഈടാക്കണം.
3. ജനന രജിസ്റ്ററിൽ ആദ്യമായി പേര് ചേർക്കുന്നത് സ്കൂളിൽ ചേർന്ന ശേഷമാണെങ്കിൽ സ്കൂൾ രേഖയിലുള്ള പേരിലെ ഇനീഷ്യലിന്റെ വികസിത രൂപം സഹിതം പേര് ചേർക്കാവുന്നതാണ്.

### 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേരുചേർക്കൽ/തിരുത്തൽ

**2.2.3 സ്കൂളിൽ ചേർത്തതിന് ശേഷം**

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| II. | സേവനം നൽകേണ്ട സമയ പരിധി | – | 7 പ്രവൃത്തി ദിവസം (രജിസ്ട്രേഷൻ രേഖയിലും സ്കൂൾ രേഖയിലും 10 മാസത്തിൽ കൂടുതൽ വയസ് വ്യത്യാസം ഉണ്ടെങ്കിൽ ജില്ലാ രജിസ്ട്രാറിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം) |
| III. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (മാതൃക- അനുബന്ധം 8 കാണുക)<br>2. സ്കൂൾ രേഖയുടെ ശരി പകർപ്പ്/സ്കൂൾ രേഖയിലെ പേര്, ജനനതീയതി, മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷിപത്രം<br>3. അപേക്ഷകർ മാതാവ്/പിതാവ്/രക്ഷിതാവാണെങ്കിൽ അവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് (കുട്ടിയെ സ്കൂളിൽ ചേർത്തിട്ടില്ലെങ്കിൽ)<br>4. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം (അനുബന്ധം 12) |
| V. | അടക്കേണ്ട ഫീസ് | – | 5 രൂപ ലേറ്റ് ഫീസ് |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. അപേക്ഷ മാതാപിതാക്കളോ/രക്ഷിതാവോ/ പ്രായപൂർത്തിയായവരാണെങ്കിൽ അവർ തന്നെയോ നൽകണം. പ്രായപൂർത്തിയായവർ അപേക്ഷിക്കുന്ന സംഗതികളിൽ മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡുകൾ ആവശ്യമില്ല.
2. സ്കൂളിൽ ചേർന്ന ശേഷം പേര് ചേർക്കുന്നത് സ്കൂൾ രേഖയിലെപോലെ ആയതിനാൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ ആവശ്യമില്ല.
3. പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സംഗതിയിൽ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താവിന് അപേക്ഷ സമർപ്പിക്കാം.
4. ജനന രജിസ്റ്ററിൽ ആദ്യമായി പേര് ചേർക്കുന്നത് സ്കൂളിൽ ചേർന്ന ശേഷമാണെങ്കിൽ സ്കൂൾ രേഖയിലുള്ള പേരിലെ ഇനീഷ്യലിന്റെ വികസിത രൂപം സഹിതം പേര് ചേർക്കാവുന്നതാണ്.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേരുചേർക്കൽ/തിരുത്തൽ

### 2.2.4 സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ (6 വയസ്സിന് ശേഷം)

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. | സേവനം നൽകുന്ന സമയ പരിധി | – | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (മാതൃക- അനുബന്ധം 8 കാണുക)<br>2. അപേക്ഷയിൽ ഒപ്പുവെച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ<br>3. മാതാപിതാക്കളുടെ എല്ലാ കുട്ടികളുടേയും പേര്, ജനനതീയതി, ജനന ക്രമം എന്നിവ കാണിക്കുന്ന സത്യവാങ്മൂലം<br>4. മാതാപിതാക്കളുടെ തിരിച്ചറിയൽ രേഖ |
| V. | അടക്കേണ്ട ഫീസ് | – | 5 രൂപ ലേറ്റ് ഫീസ് |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ -ജനനം മരണം (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. അപേക്ഷ മാതാപിതാക്കളോ/രക്ഷിതാവോ/പ്രായപൂർത്തിയായവരാണെങ്കിൽ അവർ തന്നെയോ നൽകണം. പ്രായപൂർത്തിയായവർ അപേക്ഷിക്കുന്ന സംഗതികളിൽ മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡുകൾ ആവശ്യമില്ല.
2. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താവിന് അപേക്ഷിക്കാം.
3. മാതാപിതാക്കൾ വിവാഹബന്ധം വേർപ്പെടുത്തിയ സംഗതികളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയ സംഗതികളിലും കോടതി ഉത്തരവിന്റെയോ അതില്ലെങ്കിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റിന്റെയും രണ്ട് പ്രമുഖ വ്യക്തികളുടെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ കുട്ടി ആരുടെ സംരക്ഷണയിലാണോ കഴിയുന്നത് അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേര് തിരുത്താം. (സർക്കുലർ നമ്പർ. 187609/RD3/15/LSGD/dt 12.1.2016)

### 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേരുചേർക്കൽ/തിരുത്തൽ

### 2.2.5. 1970 ഏപ്രിൽ ഒന്നാം തീയതിക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ

| | | |
|---|---|---|
| I. അപേക്ഷ സമർപ്പിക്കേണ്ടത് | – | ചീഫ് രജിസ്ട്രാർ (രജിസ്ട്രാർ മുഖാന്തിരം) |
| II. സമയ പരിധി | – | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| III. ഉദ്യോഗസ്ഥൻ | – | അനുമതി നൽകേണ്ടത് ചീഫ് രജിസ്ട്രാർ ജനന-മരണം<br>പേര് ചേർത്ത് നൽകേണ്ടത് - രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. സമർപ്പിക്കേണ്ട രേഖകൾ: | – | 1. അപേക്ഷ (മാതൃക അനുബന്ധം 11 കാണുക)<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്<br>3. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടേയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന അനുബന്ധം 12 ഫാറത്തിലുള്ള സത്യവാങ്മൂലം |
| V. അടക്കേണ്ട ഫീസ് | – | 5 രൂപ ലേറ്റ് ഫീസ് |
| VI അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| 1. നിശ്ചിത സമയത്തിനകം പേര് ചേർക്കാത്ത സംഗതികളിൽ | | |
| ഒന്നാം അപ്പീൽ അധികാരി | – | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ |
| രണ്ടാം അപ്പീൽ അധികാരി | – | പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ |
| 2. 15 ദിവസത്തിനകം ചീഫ് രജിസ്ട്രാർ അനുമതി നൽകിയില്ലെങ്കിൽ | – | തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി |

**കുറിപ്പ്:**

1. 1970 മുമ്പുള്ള ജനനമായതിനാൽ രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തിതന്നെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
2. ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററിന്റെ പ്രസക്തഭാഗത്തിന്റെ ശരിപകർപ്പും ശുപാർശയും സഹിതം ചീഫ് രജിസ്ട്രാർക്ക് സമർപ്പിക്കണം.
3. സ്കൂൾ വിദ്യാഭ്യാസം നേടാത്തവരാണെങ്കിൽ അക്കാര്യമുൾപ്പെടെ പേരും ജനന തീയതിയും തെളിയിക്കുന്ന സത്യവാങ്മൂലം.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേരുചേർക്കൽ/തിരുത്തൽ

### 2.2.6 ജനന രജിസ്റ്ററിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ചേർത്ത പേര് സ്കൂൾ രേഖയിലേതു പോലെ തിരുത്തൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. | സേവനം നൽകുന്നതിനുള്ള സമയ പരിധി | – | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. തെറ്റായി പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കികൊണ്ടുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് അപേക്ഷ (മാതൃക- അനുബന്ധം 10 ൽ കാണുക)<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. തെറ്റായ പേര് ചേർക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന മാതാപിതാക്കളുടെ/അപേക്ഷകന്റെ അനുബന്ധം 40 ലുള്ള സത്യവാങ്മൂലം 100 രൂപ മുദ്രപത്രത്തിൽ |
| V. | അടക്കേണ്ട ഫീസ് | – | 50 രൂപ (കോമ്പൗണ്ടിംഗ് ഫീ) |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. അപേക്ഷ മാതാപിതാക്കളോ/ പ്രായപൂർത്തിയായവരാണെങ്കിൽ അവർ തന്നെയോ നൽകണം. പ്രായപൂർത്തിയായവർ അപേക്ഷിക്കുന്ന സംഗതികളിൽ മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡുകൾ ആവശ്യമില്ല.
2. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താവിന് അപേക്ഷിക്കാം.
3 സ്കൂൾ രേഖപോലെ ഒരിക്കൽ തിരുത്തൽ നടത്തിയശേഷം വീണ്ടും തിരുത്തൽ നടത്താവുന്നതല്ല. (പ്രിൻസിപ്പൽ സെക്രട്ടറിയുടെ ലെറ്റർ നമ്പർ. 43056/RD3/2013/LSGD/24-9-2013.)

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തലുകൾ

### 2.2.7 മാതാപിതാക്കളുടെ പേര്, (ഇനീഷ്യൽ വികസിപ്പിക്കൽ, ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർക്കൽ, മേൽവിലാസത്തിലെ അക്ഷരതെറ്റുകൾ )തിരുത്തൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | – | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| II. | സമയ പരിധി | – | 15 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | രജിസ്ട്രാർ (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. തിരുത്തൽ സംബന്ധിച്ച് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റ്<br>3. തിരിച്ചറിയൽ രേഖ |
| V. | അടക്കേണ്ട ഫീസ് | – | ഇല്ല |
| V | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | – | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | – | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ (7–2–2015 ലെ ചീഫ് രജിസ്ട്രാറുടെ ബി1 4356/2015 നമ്പർ സർക്കുലർ, സർക്കുലർ നമ്പർ 50817/ആർഡി3/12/തസ്വഭവ തീയതി 31.5.2013 )**

1. കുട്ടി ജനിക്കുന്നതിന് മുമ്പ് ഗസറ്റ് വിജ്ഞാപന പ്രകാരം മാതാപിതാക്കളുടെ പേര് മാറ്റം വരുത്തിയിട്ടുള്ള സംഗതികളിൽ അതനുസരിച്ച് കുട്ടിയുടെ ജനന രജിസ്ട്രേഷനിൽ തിരുത്തൽ നടത്താവുന്നതാണ് (സർക്കുലർ നം. 997/2014/തസ്വഭവ തീയതി11–4–2014)

2. മാതാപിതാക്കളുടെ ശരിയായ പേരിന് പകരം വിളിപേരോ മറ്റോ തെറ്റായി ചേർത്തിട്ടുണ്ടെങ്കിൽ സ്കൂൾ രേഖയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂൾരേഖയിലേതുപോലെ തിരുത്താവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലാത്തവർക്ക് ആധാരം, പെൻഷൻ പെമെന്റ് ഓർഡർ, വോട്ടർ പട്ടിക, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, സർക്കാർ സർവ്വീസിലെ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ തിരുത്തൽ നടത്താം.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

## 2.2 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തലുകൾ

### 2.2.8 കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ നടത്തൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | രജിസ്ട്രാർക്ക് |
| II. | സമയ പരിധി | - | 15 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | രജിസ്ട്രാർ (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1.പ്രായപൂർത്തിയാകാത്ത കുട്ടിയുടെ സംഗതികളിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്).<br>അല്ലെങ്കിൽ<br>കുട്ടി പ്രായപൂർത്തിയായതാണെങ്കിൽ കുട്ടിയുടെ അപേക്ഷ<br>2. തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലം |
| V. | അടക്കേണ്ട ഫീസ് | - | കോംപൗണ്ടിംഗ് ഫീസ് 50/ രൂപ |
| V | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ |

**കുറിപ്പ്:** സർക്കാരിന്റെ 7-5-2012 ലെ സർക്കുലർ നമ്പർ 9748/ആർഡി3/2012/തസ്വ.ഭവ

## 1969 ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

# 2.2 എ ജനന മരണ രജിസ്ട്രേഷൻ/തിരുത്തലുകൾ

### 2.2.എ 1 ജനന-മരണ രജിസ്ട്രേഷൻ രേഖപ്പെടുത്തലുകളിലെ തിരുത്തൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. | സമയ പരിധി | - | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | രജിസ്ട്രാർ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (മാതൃക- അനുബന്ധം 13 കാണുക)<br>2. ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിൽ ഇല്ലാതായിട്ടുണ്ടെങ്കിലോ വീട്ടിൽ വെച്ച് നടന്ന ജനന-മരണങ്ങളുടെ കാര്യത്തിൽ റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്)<br>3. ജനിച്ച/മരിച്ച ആളുടെ പേര്, അവരുടെ മാതാപിതാക്കളുടെ പേര്, വിലാസം എന്നിവ തിരുത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>4. പേരിലുള്ള തിരുത്തലാണെങ്കിൽ സ്കൂൾ രേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, തിരിച്ചറിയൽകാർഡ്, റേഷൻകാർഡ്/ആധാർകാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പ്.<br>5. വിശ്വസനീയമായ രണ്ട് വ്യക്തികളുടെ (ഗസറ്റഡ് ഓഫീസർ വേണമെന്നില്ല) ഡിക്ലറേഷൻ (വസ്തുതാപരമായ തിരുത്തലുകൾക്ക്)<br>6. മുമ്പ് കൈപ്പറ്റിയ സർട്ടിഫിക്കറ്റ് (കൈപ്പറ്റിയിട്ടുണ്ടെങ്കിൽ മാത്രം) |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അപ്പീൽ ( സേവനാവകാശ നിയമ പ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പുകൾ (സംസ്ഥാന ചീഫ് രജിസ്ട്രാറുടെ 7-2-2015 ലെ ബി1.4356/2015 സർക്കുലർ) പാര 8**

1. സെക്ഷൻ 15 പ്രകാരം വസ്തുതാപരമായ ഏതൊരു തെറ്റുകളും രജിസ്ട്രാർക്ക് തന്നെ തിരുത്താം (പേര് തിരുത്തൽ നടത്തുന്നതിന് ക്രമ നമ്പർ 2.2.6 ലെ വ്യവസ്ഥ ബാധകം)
2. അപേക്ഷ മാതാപിതാക്കളോ/ പ്രായപൂർത്തിയായവരാണെങ്കിൽ അവർ തന്നെയോ നൽകണം. പ്രായപൂർത്തിയായവർ അപേക്ഷിക്കുന്ന സംഗതികളിൽ മാതാപിതാക്കളുടെ തിരിച്ചറിയൽ കാർഡുകൾ ആവശ്യമില്ല.
3 കൈപറ്റിയ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ടി വിവരം ഉൾപ്പെടുത്തിയ നോട്ടറി പബ്ലിക്/ഗസറ്റഡ് ഓഫീസർ മുമ്പാകെ ഒപ്പിട്ട സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തലുകൾ നടത്താം.
4 മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിൽ രക്ഷാകർത്താവിന് അപേക്ഷിക്കാം.
5 ജനനസമയത്ത് മേൽവിലാസത്തിലെ അക്ഷരതെറ്റുകൾ, വിട്ടുപോയഭാഗങ്ങൾ, അധികം ചേർത്തിട്ടുള്ളവ, തെറ്റായവിലാസം ചേർത്തകാര്യങ്ങൾ എന്നിവ, ആധാരം, പെൻഷൻ പെമെന്റ് ഓർഡർ, സമ്മതിദായക പട്ടിക, ഇലക്ഷൻ ഐ.ഡി.കാർഡ്, റേഷൻകാർഡ്, പാസ്പോർട്ട്, ആധാർകാർഡ് എന്നിവയുടെ അടിസ്ഥാനത്തിൽ തിരുത്തൽ നടത്താം
6 DNA ടെസ്റ്റിലൂടെ പിതൃത്വം തെളിയിക്കുന്ന സംഗതികളിൽ 16.6.2015 ലെ 142/RD3/15/LSGD സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ച് പിതാവിന്റെ പേരിൽ മാറ്റം വരുത്താവുന്നതാണ്.

## 1969 ലെ ജനനമരണ രജിസ്ട്രേഷൻ ആക്ടും 1999 ലെ ചട്ടങ്ങളും

# 2.2 എ ജനന മരണ രജിസ്ട്രേഷൻ/തിരുത്തലുകൾ

### 2.2.എ2 1970 ഏപ്രിൽ 1 ന് മുമ്പുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ചീഫ് രജിസ്ട്രാർ ( രജിസ്ട്രാർ മുഖാന്തിരം) |
| II. | സമയ പരിധി | - | ചീഫ് രജിസ്ട്രാറുടെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | അനുമതി നൽകേണ്ടത് - ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് ഡയറക്ടർ)<br>തിരുത്തൽ വരുത്തേണ്ടത് - രജിസ്ട്രാർ (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. ചീഫ് രജിസ്ട്രാർക്കുള്ള അപേക്ഷ (അനുബന്ധം 13 കാണുക)<br>2. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്<br>3. ജനനം/മരണം റിപ്പോർട്ട് ചെയ്ത വ്യക്തിയുടെ അപേക്ഷ (വ്യക്തി ജീവിച്ചിരിപ്പില്ലെങ്കിൽ അത് സംബന്ധമായ സത്യവാങ്മൂലം)<br>4. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടേയും പേര്, ജനനതീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്ന് വ്യക്തമാക്കുന്ന നിശ്ചിത ഫോറത്തിലുള്ള സത്യവാങ്മൂലം (ജനന - രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്)<br>5. ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റെവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം<br>6. രണ്ട് വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ<br>7. ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത കേസുകളിൽ തിരുത്തലിന് ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക് ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും. സ്ഥാപനം നിലവിലില്ലെങ്കിൽ പ്രസ്തുത വിവരത്തിനുള്ള സത്യവാങ്മൂലം |
| V. | അടക്കേണ്ട ഫീസ് | - | ആവശ്യമില്ല |
| VI | അ പ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ചീഫ് രജിസ്ട്രാർ (പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ) |

**കുറിപ്പ്:**

1. ജനന - മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും രജിസ്റ്ററിന്റെ പ്രസക്ത ഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ ശരി പകർപ്പും ശുപാർശയും സഹിതമാണ് ചീഫ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടത്.
2. IV - സമർപ്പിക്കേണ്ട രേഖകൾ - 3,7 ഇനങ്ങളിൽ പറയുന്ന വിവരങ്ങൾ ഒരേ സത്യവാങ്മൂലത്തിൽ ഉൾപ്പെടുത്തിയാൽ മതി

# 1955 ലെ ഹിന്ദു വിവാഹ നിയമം

## 2.3 വിവാഹ രജിസ്ട്രേഷൻ

### 2.3.1 വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | തദ്ദേശ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. | സമയ പരിധി | - | 15 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | **വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന സംഗതികളിൽ**<br>1. വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ (മാതൃകാ ഫോറം 1 ) (1957 ലെ ഹിന്ദുവിവാഹ രജിസ്ട്രേഷൻ ചട്ടം)<br>2. വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ<br>3. വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ /പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4. വിവാഹം കഴിഞ്ഞ് 15 ദിവസത്തിന് ശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച സംയുക്ത അപേക്ഷ (മാതൃക അനുബന്ധം 14 കാണുക) |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) |

**കുറിപ്പുകൾ - (ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിന്റെ 7-2-2015 ലെ ബി1.5000/2015 സർക്കുലർ)**

1. ഭാര്യയും ഭർത്താവും ഹിന്ദു മതവിശ്വാസികളൊ,ബുദ്ധ/ജൈന/സിക്ക് മതവിശ്വാസികളൊ ആയിരിക്കണം.
2. വിവാഹം നടക്കുന്ന ദിവസത്തെ വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർക്കേണ്ടത്. അതിന് ശേഷം ഉള്ള മാറ്റങ്ങൾ ഉൾപ്പെടുത്താവുന്നതല്ല.
3. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ദമ്പതിമാർ നേരിട്ട് ഹാജരാകണമെന്ന് നിർബന്ധമില്ല. (ഫോറം 1 വിവാഹ റിപ്പോർട്ട്) തപാലിൽ രജിസ്റ്റേർഡ് ആയി അയച്ചാൽ മതി) രജിസ്റ്ററിൽ വധൂവരന്മാർ ഒപ്പിടേണ്ട സ്ഥലങ്ങളിൽ ഒപ്പ് എന്ന് രേഖപ്പെടുത്തിയാൽ മതി. (ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലുടെ 25.4.2001 ലെ ബി2 37438/97 നമ്പർ സർക്കുലർ) വിവാഹ രജിസ്ട്രാർ ജനറലുടെ 7-2-2015 ലെ ബി1. 5000/2015 സർക്കുലർ
4. പൗരത്വം പരിഗണിക്കാതെ വിവാഹ രജിസ്ട്രേഷൻ നടത്താം. (സർക്കുലർ നം 2507/2008 തീയതി 28.3.2008, സർക്കുലർ നം ബി 1 8000/2015 തീയതി 7.2.2015)
5. ഫോറം 1 വിവാഹ റിപ്പോർട്ടിലെ കൃത്യതയും പൂർണ്ണതയും പരിശോധിച്ച് ബോധ്യപ്പെട്ട് കൊണ്ട് വിവാഹം രജിസ്റ്റർ ചെയ്യാം. (ചട്ടം 7)

## 1955 ലെ ഹിന്ദു വിവാഹ നിയമം

## 2.3 വിവാഹ രജിസ്ട്രേഷൻ

### 2.3.2 വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ജില്ലാ രജിസ്ട്രാർക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) മുഖാന്തിരം |
| II. | സേവനം നൽകുന്നതിനുള്ള സമയ പരിധി | - | 15 പ്രവൃത്തി ദിവസം (ജില്ലാ രജിസ്ട്രാറുടെ പക്കൽ നിന്നും അനുമതി ലഭിച്ചതിന് ശേഷം) |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1 വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികൾ (മാതൃകാ ഫോറം 1 ) (ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടം 1957)<br>2 പേര്, വയസ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ<br>3 വരന്റെ/വധുവിന്റെ ആദ്യവിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ /ആദ്യ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ<br>4 കാലതാമസം മാപ്പാക്കുന്നതിന് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശ രജിസ്ട്രാർക്കും ജില്ലാ രജിസ്ട്രാർക്കുമുള്ള അപേക്ഷ (മാതൃക അനുബന്ധം 14 കാണുക) |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ /പഞ്ചായത്ത് ഡയറക്ടർ |

**കുറിപ്പുകൾ - (ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിന്റെ 7-2-2015 ലെ ബി1.5000/2015 സർക്കുലർ)**

1. ഭാര്യയും ഭർത്താവും ഹിന്ദു മതവിശ്വാസികളൊ,/ബുദ്ധ/ജൈന/സിക്ക് മതവിശ്വാസികളൊ ആയിരിക്കണം.
2. വിവാഹം നടക്കുന്ന ദിവസത്തെ വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർക്കേണ്ടത്. അതിന് ശേഷം ഉള്ള മാറ്റങ്ങൾ ഉൾപ്പെടുത്താവുന്നതല്ല.
3. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ദമ്പതിമാർ നേരിട്ട് ഹാജരാകണമെന്ന് നിർബന്ധമില്ല. (ഫോറം 1 വിവാഹ റിപ്പോർട്ട്) തപാലിൽ രജിസ്റ്റേർഡ് ആയി അയച്ചാൽ മതി) രജിസ്റ്ററിൽ വധൂവരന്മാർ ഒപ്പിടേണ്ട സ്ഥലങ്ങളിൽ ഒപ്പ് എന്ന് രേഖപ്പെടുത്തിയാൽ മതി. ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലുടെ 7-2-2015 ലെ ബി1.5000 / 2015 സർക്കുലർ
4 പൗരത്വം പരിഗണിക്കാതെ വിവാഹ രജിസ്ട്രേഷൻ നടത്താം.
5. ഫോറം 1 വിവാഹ റിപ്പോർട്ടിലെ കൃത്യതയും പൂർണ്ണതയും പരിശോധിച്ച് ബോധ്യപ്പെട്ട് കൊണ്ട് വിവാഹം രജിസ്റ്റർ ചെയ്യാം. (ചട്ടം 7)

## 1955 ലെ ഹിന്ദു വിവാഹ നിയമം

## 2.3 വിവാഹ രജിസ്ട്രേഷൻ

### 2.3.3 വിവാഹ രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങളിലെ തിരുത്തലുകൾ.

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) പഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം |
| II. | സേവനം നൽകുന്നതിനുള്ള സമയപരിധി | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസത്തിനകം |
| III. | ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ (പഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. രജിസ്ട്രാർ ജനറലിനുള്ള സംയുക്ത അപേക്ഷ (5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) മാതൃക - അനുബന്ധം 15 കാണുക.<br>2. ശരിയായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) |

**കുറിപ്പ്:**

1. വിവാഹം നടക്കുന്ന ദിവസത്തെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് റിപ്പോർട്ടിൽ ചേർക്കുന്നത്. അതിന് ശേഷം ഉള്ള മാറ്റങ്ങൾ അനുവദനീയമല്ല.
2. അപേക്ഷയും ഉള്ളടക്കങ്ങളും രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും സഹിതം വിവാഹ രജിസ്ട്രാർ ജനറലിന് അയച്ച് കൊടുക്കണം
3. അടിസ്ഥാന വിവരങ്ങൾ അല്ലാത്ത സംഗതികളിൽ യൂണിറ്റിലെ രജിസ്ട്രാർക്ക് തന്നെ തിരുത്തൽ നടത്താം (സർക്കുലർ നമ്പർ 23512/ഇ2/2005 law തീയതി 20.2.2006.
4. നേരത്തെ കൈപറ്റിയ വിവാഹ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം. ലഭ്യമല്ലാത്തപക്ഷം ആയത് സംബന്ധിച്ച സത്യവാങ്മൂലം നൽകണം.

## 1955 ലെ ഹിന്ദു വിവാഹ നിയമം

## 2.3 വിവാഹ രജിസ്ട്രേഷൻ

### 2.3.4 ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ചട്ടം 13 കാണുക)

| | | |
|---|---|---|
| I. അപേക്ഷ സമർപ്പിക്കേണ്ടത് | - | തദ്ദേശ രജിസ്ട്രാർക്ക് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. സേവനം നൽകുന്നതിനുള്ള സമയപരിധി | - | 7 പ്രവൃത്തി ദിവസം |
| III. ഉദ്യോഗസ്ഥൻ | - | തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി ) |
| IV. സമർപ്പിക്കേണ്ട രേഖകൾ: | - | 1. വിവാഹ രജിസ്ട്രേഷനിൽ ചേർത്ത വിവരങ്ങൾ അടങ്ങിയ 3 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (അനുബന്ധം 16 കാണുക)<br>2. 20 രൂപയുടെ മുദ്രപത്രം |
| V. അടക്കേണ്ട ഫീസ് | - | 10 രൂപ പകർപ്പ് ഫീസ് (ചട്ടം 13 (IV) ഭേദഗതി G.O(P)30/2002/നിയമം തീയതി 19.1.2002 |
| VI. അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| ഒന്നാം അപ്പീൽ അധികാരി | - | ജില്ലാ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| രണ്ടാം അപ്പീൽ അധികാരി | - | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) |

## 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ
## 2.4 വിവാഹ രജിസ്ട്രേഷൻ

### 2.4.1 വിവാഹം നടന്ന് അഞ്ച് കൊല്ലത്തിനകം ഉള്ള രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| II. | രജിസ്ട്രേഷൻ സമയപരിധി | - | 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പുകൾ (ഫോറം 1 ചട്ടം 9)<br>2. പാസ്പോർട്ട് സൈസ് ഫോട്ടോ- 2 അധിക സെറ്റ്<br>3. ജനനതീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. ബുക്ക്/ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസറ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനനതീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ<br>4. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി, എം.എൽ.എ., ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭാ കൗൺസിലർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തി നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫോറം നമ്പർ : II)<br>5. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് പകർപ്പും വിദേശതാമസ സ്ഥലത്തിന്റെ മേൽ വിലാസവും സെക്യൂരിറ്റി നമ്പറും സമർപ്പിക്കേണ്ടതാണ്. (സ.ഉ(പി)18/2015/ തീയതി 23.9.2015) |
| V. | അടക്കേണ്ട ഫീസ് | - | രജിസ്ട്രേഷൻ ഫീസ് - 100 രൂപ<br>ബി.പി.എൽ/എസ്.സി/എസ്.ടി ക്കാർക്ക് - 10 രൂപ<br>സർട്ടിഫിക്കറ്റിനുള്ള ഫീസ് - 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഫീസ് 25 രൂപ)<br>വിവാഹം കഴിഞ്ഞ് 45 ദിവസം കഴിഞ്ഞ സംഗതികളിൽ 100 രൂപ പിഴ കൂടി അടക്കണം. |
| VI | അപ്പീൽ (2008 ലെ വിവാഹ(പൊതു) ചട്ടങ്ങൾ പ്രകാരം) | | |
| | അപ്പീൽ അധികാരി | - | രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | റിവിഷൻഅധികാരി | - | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ ) |

**കുറിപ്പുകൾ (പൊതു വിവാഹ മുഖ്യ രജിസ്ട്രാർ ജനറലുടെ 7-2-2015 ലെബി1.5000/2015 സർക്കുലർ)**

1. വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവരുടേയും വിവാഹങ്ങൾ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യാം.
2. ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമൊ മതാചാരപ്രകാരമൊ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമൊ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന ബന്ധം രജിസ്റ്റർ ചെയ്യാവുന്നതല്ല. (2015 ലെ ഭേദഗതി ചട്ടങ്ങൾ) ഇതിന് തെളിവായി സ്ഥാപനത്തിന്റെ സാക്ഷ്യപത്രമോ ഫോറം 2 ലുള്ള സാക്ഷ്യപത്രമോ ഹാജരാക്കാം. ഫോം 2ലുള്ള സാക്ഷ്യപത്രം ഹാജരാക്കുന്ന സംഗതിയിൽ മതാചാരപ്രകാരമോ നിലവിലുള്ള നിയമപ്രകാരമോ ആണ് വിവാഹം നടന്നതെന്ന് ഉറപ്പാക്കണം.
3. അതത് രജിസ്ട്രേഷൻ യൂണിറ്റിൽ വെച്ച് നടക്കുന്ന വിദേശിയരും ഇന്ത്യക്കാരുമായുള്ള വിവാഹങ്ങളും രജിസ്ട്രേഷൻ ചെയ്യുന്നതിന് നിയമതടസ്സം ഇല്ല.
4. ഭാര്യയും ഭർത്താവും രജിസ്റ്ററിൽ നിർബന്ധമായും ഒപ്പുവെച്ചിരിക്കണം. എന്നാൽ ഒരുമിച്ച് ഹാജരാകണമെന്നില്ല. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി വിവാഹത്തിലേർപ്പെട്ട കക്ഷികൾ മാത്രമെ രജിസ്ട്രാർ മുമ്പാകെ ഹാജരാകേണ്ടതുള്ളൂ (ചട്ടം 9(3),11)
5. ഒരാൾ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി ജീവിച്ചരിക്കുന്നയാൾക്ക് രജിസ്ട്രേഷൻ നടത്താം.
6. വിവാഹം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ചട്ടം 11 പ്രകാരം പ്രത്യേക അപേക്ഷ കൂടാതെ അപ്പോൾ തന്നെയോ പരമാവധി 3 പ്രവൃത്തി ദിവസത്തിനുള്ളിലോ ആയതിന്റെ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കക്ഷിക്ക് നൽകേണ്ടതാണ്.
7. കമ്പ്യൂട്ടറൈസേഷൻ വഴിയുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ അധിക സെറ്റ് ഫോട്ടോ ആവശ്യം വരുന്നതല്ല.
8. പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപൂർത്തിയായി രണ്ടു വർഷത്തിനകം വിവാഹം അസാധുവാകുന്നതിനുള്ള അപേക്ഷ കോൺട്രാക്റ്റിംഗ് പാർട്ടിയിലെ ഒരാൾ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.
9. പുനർ വിവാഹമാണെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ തെളിവൊ കോടതി മുഖേന വിവാഹ ബന്ധം വേർപ്പെടുത്തിയതിന്റെ രേഖകളൊ ഹാജരാക്കണം.
10. മുസ്ലീം വിവാഹത്തിന്റെ സംഗതിയിൽ ശരിയത്ത് നിയമത്തിന് വിധേയമായിട്ടുള്ള (1) ഭർത്താവ് ഭാര്യയെ മൊഴി ചെല്ലിയതായി കാണിക്കുന്ന ജൂമാഅത്തിൽ നിന്നുള്ള രേഖകളൊ, (2) ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിൽ ഉണ്ടാക്കിയ വിവാഹ മോചന കരാർ രേഖയുടെ പകർപ്പൊ (3) കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവൊ മതിയാകുന്നതാണ്. (സർക്കാർ കത്ത് നമ്പർ 69016/ആർ.സി.3/2009/തസ്വഭവ തീയതി 1.03.2010)
11. ബന്ധുത്വം ഉള്ളവർ സാക്ഷികളാകുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ല.
12. അപ്പീലും റിവിഷനും നൽകേണ്ടത് 3 മാസത്തിനകവും തീർപ്പാക്കേണ്ടത് 60 ദിവസത്തിനകവുമാണ്.
13. 27-6-2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാം.
14. മതം മാറി വിവാഹം നടക്കുന്ന സംഗതികളിൽ വിവാഹം കഴിഞ്ഞതിന് ശേഷം മാത്രമാണ് പേര് മാറ്റം സംബന്ധിച്ച ഗസ്റ്റ് വിജ്ഞാപനം നടത്തുന്നതെങ്കിൽ വിവാഹസമയത്തുള്ള പേരാണ് വിവാഹരജിസ്റ്ററിൽ ചേർക്കേണ്ടത്. (ചീഫ് രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡറക്ടർ) 21.12.2016 ലെ ബി-1 -34274/16 നമ്പർ കത്ത്)

## 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ

## 2.4 വിവാഹ രജിസ്ട്രേഷൻ

### 2.4.2 വിവാഹം നടന്ന് അഞ്ച് വർഷത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | വിവാഹ (പൊതു) രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) പഞ്ചായത്ത് സെക്രട്ടറി മുഖേന |
| II. | രജിസ്ട്രേഷൻ സമയപരിധി | - | രജസ്ട്രാർ ജനറലിൽ നിന്ന് അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | അനുമതി നൽകുന്നത് - രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)<br>രജിസ്റ്റർ ചെയ്യുന്നത് - വിവാഹ(പൊതു) തദ്ദേശ രജിസ്ട്രാർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. അപേക്ഷ (മാതൃക - അനുബന്ധം 17 കാണുക)<br>2. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 3 കോപ്പികൾ<br>3. ഫോട്ടോ - 3 സെറ്റ്<br>3. ജനനതീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. ബുക്ക്/ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനനതീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖ<br>5. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി, എം.എൽ.എ, ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭാ കൗൺസിലർ എന്നിവരിൽ ആരെങ്കിലും നൽകിയ നിശ്ചിത ഫോറത്തിലുള്ള പ്രഖ്യാപനം (ഫോറം II) അല്ലെങ്കിൽ വിവാഹം നടന്നു എന്ന് തദ്ദേശ രജിസ്ട്രാർക്ക് ബോധ്യമാകുന്ന മറ്റെന്തെങ്കിലും രേഖകൾ |
| V. | അടക്കേണ്ട ഫീസ് | - | രജിസ്ട്രേഷൻ ഫീസ് - 100 രൂപ, BPL, SC/ST- 10 രൂപ<br>പിഴ - 250 രൂപ<br>സർട്ടിഫിക്കറ്റ് - 20 രൂപ (അധിക സർട്ടിഫിക്കറ്റ് ഒന്നിന്- 25 രൂപ) |
| VI | അപ്പീൽ ( സേവനാവകാശ നിയമപ്രകാരം) | | |
| | ഒന്നാം അപ്പീൽ അധികാരി | - | രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| | രണ്ടാം അപ്പീൽ അധികാരി | - | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ ) |

**കുറിപ്പുകൾ (പൊതു വിവാഹ മുഖ്യ രജിസ്ട്രാർ ജനറലുടെ 7-2-2015 ലെ ബി1. 5000/2015 സർക്കുലർ)**

1. വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവരുടേയും വിവാഹങ്ങൾ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നടന്നതാണെങ്കിൽ രജിസ്റ്റർ ചെയ്യാം.
2. ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമൊ മതാചാരപ്രകാരമൊ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമൊ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന ബന്ധം രജിസ്റ്റർ ചെയ്യാവുന്നതല്ല. (2015 ലെ ഭേദഗതി ചട്ടങ്ങൾ) ഇതിന് തെളിവായി സ്ഥാപന

ത്തിന്റെ സാക്ഷ്യപത്രമോ ഫോറം 2 ലുള്ള സാക്ഷ്യപത്രമോ ഹാജരാക്കാം. ഫോം 2ലുള്ള സാക്ഷ്യപത്രം ഹാജരാക്കുന്ന സംഗതിയിൽ മതാചാരപ്രകാരമോ നിലവിലുള്ള നിയമപ്രകാരമോ ആണ് വിവാഹം നടന്നതെന്ന് ഉറപ്പാക്കണം.

3. അതത് രജിസ്ട്രേഷൻ യൂണിറ്റിൽ വെച്ച് നടക്കുന്ന വിദേശിയരും ഇന്ത്യക്കാരുമായുള്ള വിവാഹങ്ങളും രജിസ്ട്രേഷൻ ചെയ്യുന്നതിന് നിയമതടസ്സം ഇല്ല.

4 ഭാര്യയും ഭർത്താവും രജിസ്റ്ററിൽ നിർബന്ധമായും ഒപ്പുവെച്ചിരിക്കണം. എന്നാൽ ഒരുമിച്ച് ഹാജരാകണമെന്നില്ല.

5 ഒരാൾ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കി ജീവിച്ചരിക്കുന്നയാൾക്ക് രജിസ്ട്രേഷൻ നടത്താം.

6. വിവാഹം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ചട്ടം 11 അനുസരിച്ച് വിവാഹ സർട്ടിഫിക്കറ്റ് ഉടനെ തന്നെയോ എന്നാൽ പരമാവധി 3 പ്രവൃത്തി ദിവസത്തിനുള്ളിലോ പ്രത്യേക അപേക്ഷ കൂടാതെ ബന്ധപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതാണ്.

7. വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാപനത്തിന്റെ സാക്ഷ്യപത്രമോ ഫോറം 2 ലെ സാക്ഷ്യപത്രമോ ഹാജരാക്കുന്ന സംഗതികളിൽ തെളിവിനായി മറ്റൊരു രേഖയും ആവശ്യപ്പെടേണ്ടതില്ല. (31.12.2013 നം. 68618/ആർ.സി.3/2013/തസ്വഭവ നമ്പർ കത്ത്)

8. പ്രായപൂർത്തിയാകാതെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപൂർത്തിയായി രണ്ടു വർഷത്തിനകം വിവാഹം അസാധുവാകുന്നതിനുള്ള അപേക്ഷ കോൺട്രാക്റ്റിംഗ് പാർട്ടിയിലെ ഒരാൾ ജില്ലാ കോടതിയിൽ സമർപ്പിക്കാത്ത പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. പുനർ വിവാഹമാണെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ തെളിവൊ കോടതി മുഖേന വിവാഹ ബന്ധം വേർപ്പെടുത്തിയതിന്റെ രേഖകളൊ ഹാജരാക്കണം.

10. അപ്പീലും റിവിഷനും നൽകേണ്ടത് 3 മാസത്തിനകവും തീർപ്പാക്കേണ്ടത് 60 ദിവസത്തിനകവുമാണ്.

11. 27-6-2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായപരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാം.

12. മുസ്ലീം വിവാഹത്തിന്റെ സംഗതിയിൽ ശരിയത്ത് നിയമത്തിന് വിധേയമായിട്ടുള്ള (1) ഭർത്താവ് ഭാര്യയെ മൊഴി ചെല്ലിയതായി കാണിക്കുന്ന ജുമാഅത്തിൽ നിന്നുള്ള രേഖകളൊ, (2) ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിൽ ഉണ്ടാക്കിയ വിവാഹ മോചന കരാർ രേഖയുടെ പകർപ്പൊ (3) കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവൊ മതിയാകുന്നതാണ്. (സർക്കാർ കത്ത് നമ്പർ 69016/ആർ.സി.3/2009/തസ്വഭവ തീയതി 1.03.2009)

13. ബന്ധുത്വം ഉള്ളവർ സാക്ഷികളാകുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ല.

## 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ

## 2.4 വിവാഹ രജിസ്ട്രേഷൻ

### 2.4.3 വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ (പേര്, വയസ്, തീയതി മുതലായ സാരവത്തായ സംഗതികളിൽ ഒഴിച്ച്)

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർക്ക് |
| II. | സമയപരിധി | - | 15 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (അനുബന്ധം 18 കാണുക)<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ<br>3. ഫീസ് 100 രൂപ അടച്ച വിവരങ്ങൾ |
| V. | അടക്കേണ്ട ഫീസ് | - | ക്ലറിക്കൽ തെറ്റുകൾക്ക് ഫീസില്ല. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള ഫീസ് 100 രൂപ മുൻകൂട്ടി അടച്ചിരിക്കണം |
| VI. | അപ്പീൽ അധികാരി | - | രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| VII | റിവിഷൻ | - | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ ) |

**കുറിപ്പ്:**

1. തിരുത്തൽ വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുവാൻ ഒരു അവസരം നൽകേണ്ടതും തീരുമാനത്തിന്റെ പകർപ്പ് വിവഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതുമാണ്.
2. ദമ്പതിമാരിൽ ഒരാൾ മരണപ്പെട്ടാലും ജീവിച്ചിരിക്കുന്ന ഒരാളുടെ അപേക്ഷ പ്രകാരം രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് തിരുത്തൽ വരുത്താവുന്നതാണ്.(ചട്ടം 9(3), 13)
3. ചട്ടം 13 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തദ്ദേശ രജിസ്ട്രാർക്ക് രജിസ്ട്രേഷനിൽ സ്വമേധയാ തിരുത്തലുകൾ വരുത്തുന്നതിനും രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ട്.

## 2008 ലെ പൊതു വിവാഹ ചട്ടങ്ങൾ

## 2.4 വിവാഹ രജിസ്ട്രേഷൻ

### 2.4.4 വിവാഹ രജിസ്റ്ററിലെ പേര്, വയസ്, തീയതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തൽ

| | | | |
|---|---|---|---|
| I. | അപേക്ഷ സമർപ്പിക്കേണ്ടത് | - | ബന്ധപ്പെട്ട ജില്ലയിലെ രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രാർ മുഖേന |
| II. | സമയപരിധി | - | അനുമതി ലഭിച്ച് - 7 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | അനുമതി നൽകുന്നത് രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)<br>തിരുത്തൽ വരുത്തേണ്ടത് - വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (മാതൃക - അനുബന്ധം 19 കാണുക)<br>2. രജിസ്ട്രേഷനിൽ സംഭവിച്ചിട്ടുള്ള തെറ്റുകളുടെ ശരിയായ വിവരങ്ങൾ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ<br>3. ഫീസ് 100 രൂപ അടച്ച വിവരങ്ങൾ |
| V. | അടക്കേണ്ട ഫീസ് | - | 100 രൂപ |
| VI | അപ്പീൽ അധികാരി | - | രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) |
| VII | റിവിഷൻ അധികാരി | - | വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ (പഞ്ചായത്ത് ഡയറക്ടർ) |

**കുറിപ്പ്:**

1. തിരുത്തൽ വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് മുമ്പ് ബന്ധപ്പെട്ട കക്ഷിയെ കേൾക്കുവാൻ ഒരു അവസരം നൽകേണ്ടതും തീരുമാനത്തിന്റെ പകർപ്പ് വിവഹത്തിൽ ഏർപ്പെട്ട കക്ഷികൾക്ക് നൽകേണ്ടതുമാണ്.
2. ദമ്പതിമാരിൽ ഒരാൾ മരണപ്പെട്ടാലും ജീവിച്ചിരിക്കുന്ന ഒരാളുടെ അപേക്ഷ പ്രകാരം രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട് തിരുത്തൽ വരുത്താവുന്നതാണ്.
3. വിവാഹ രജിസ്ട്രേഷനിൽ പാസ്പോർട്ടിലേതുപോലെ സർനെയിം ചേർത്തും ഇനീഷ്യൽ വികസിപ്പിച്ചും കൊണ്ടുള്ള തിരുത്തലുകൾ കേരളാ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ പൊതു ചട്ടങ്ങൾ അനുസരിച്ച് നടത്താവുന്നതാണ്. (പ്രിൻസിപ്പൽ സെക്രട്ടറിയുടെ 2.7.2012 ലെ ലെറ്റർ നമ്പർ 29297/RC3/2012/LSGD)

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.1 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 40 ദിവസം (ജി.ഒ.(പി) 105/2002/തസ്വഭവ തീയതി 25.6.2002) |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ<br>2. പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ, പള്ളിരേഖകളോ, ജനനസർട്ടിഫിക്കറ്റോ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡോ ഹാജരാക്കണം. ഇവ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാം.<br>3. സ്ഥിരതാമസം തെളിയിക്കുന്ന രേഖ (റേഷൻകാർഡ്/മേൽവിലാസം കാണിക്കുന്ന മറ്റ് ഏതെങ്കിലും രേഖയുടെ പകർപ്പ്)<br>4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർ കാർഡ് / ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)<br>5. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസ്സറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ(എം.എസ്) 8/2015 എസ്.ജെ.ഡി തീയതി 12/2/2015) |
| V. | അർഹതാ മാനദണ്ഡം | - | 1. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപ<br>2. വയസ്സ് 60<br>3. കേരള സംസ്ഥാനത്ത് മൂന്നുവർഷമെങ്കിലും സ്ഥിരതാമസമുണ്ടായിരിക്കണം (ജി.ഒ.(പി.) 47/95/സ.ക്ഷേ.വ തീയതി 13.12.95) |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| VII | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | - | പഞ്ചായത്ത് ഭരണ സമിതി |
| VIII | അപ്പീൽ അധികാരി | - | പഞ്ചായത്ത് ഡയറക്ടർ - സ.ഉ. (എം.എസ്.) 100/2014/സാ.നീ.വ. തീയതി 10.12.2014 |

**കുറിപ്പ്:**

1. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും. (സ.ഉ.(സാ) ന. 602/2013/ സാനീവ തീയതി 9.12.2013)
2. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിലും അവരുടെ സംരക്ഷണം ഇല്ലെങ്കിൽ പെൻഷൻ പരിഗണിക്കാവുന്നതാണ്.
3. വാർഡ് മെമ്പറുടെ ശുപാർശ ആവശ്യമില്ല. (ജി.ഒ.(പി) 52/99/സ.ക്ഷേ.വ തീയതി 29.11.1999)
4. പെൻഷൻ കൈപ്പറ്റുന്ന ആൾ മരണപ്പെട്ടാൽ കുടിശിക അനന്തരാവകാശികൾക്ക് നൽകാം. (സർക്കുലർ നമ്പർ2509/സി/08/സക്ഷേവ തീയതി 12.8.2008)
5. 75 വയസ്സ് പൂർത്തിയായവർക്ക് അധികരിച്ച നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. (ജി.ഒ(എം.എസ്) നം24/16/സാനീവ തീയതി 1.3.2016)
6. യാചകർക്ക് പെൻഷന് അർഹതയില്ല (ജി.ഒ(പി) 52/99/സാ.ക്ഷേ.വ തീയതി 29.11.99.

7 ഡി.ബി.ടി സെല്ലിന്റെ വാലിഡേഷൻ തീയതിക്ക് ശേഷം മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ

(ജി.ഒ.(എം.എസ്)നം 437/2016/എഫ്.എം. തീയതി 8.11.2016)

8 Self Reliant Welfare Fund Board കൾ ഒഴിച്ച് വെൽഫെയർ ഫണ്ടു ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്ക് ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മാത്രമെ ലഭിക്കുക യുള്ളു. ഭിന്നശേഷിക്കാരാണെങ്കിൽ വികലാംഗപെൻഷനുപുറമെ അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൂടി അർഹതയുണ്ട്.

ഒന്നിൽ കൂടുതൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നിലവിൽ വാങ്ങിക്കുന്നവർക്ക് ഒരു പെൻഷൻ വർദ്ധിപ്പിച്ച നിരക്കിലും മറ്റൊരു പെൻഷൻ നിലവിലുള്ള നിരക്കിലും മാത്രമെ ലഭിക്കുകയുള്ളൂ ( ജി.ഒ (എം.എസ്) 34/2017/ഫിൻ/21.1.2017 )

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.2 അഗതി പെൻഷൻ (വിധവകൾക്കും വിവാഹമോചിതർക്കും)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായതത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 40 ദിവസം (ജി.ഒ.(പി) 105/2002/തസ്വഭവ തീയതി 25.6.2002) |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ<br>2. വിധവ ആണെങ്കിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റോ വിവാഹ മോചിതയാണെങ്കിൽ വിവാഹ മോചനം നേടിയ തിന്റെ രേഖയോ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫി ക്കറ്റോ. (G.O (MS)136/2007/ RT. Dt 27/4/2007)<br>3. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷക ചുരുങ്ങി യത് രണ്ട് വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാ ണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ (റേഷൻകാർഡ്/ മേൽവിലാസം തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>4. തിരിച്ചറിയൽ രേഖ (ഇലക്ഷൻ തിരിച്ചറിയൽ കാർഡ് / ആധാർ കാർഡ്/ഫോട്ടോ പതിച്ച മറ്റേതെങ്കിലും രേഖകൾ)<br>5. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസ്സറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്(ജി.ഒ(എസ്സ്) 8/2015/SJD തീയതി 12.2.2015) |
| V. | കുടുംബ വാർഷിക വരുമാനം | - | വരുമാന പരിധി 1,00,000/ രൂപ |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| VII | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | - | പഞ്ചായത്ത് ഭരണ സമിതി |
| VIII | അപ്പീൽ അധികാരി | - | ജില്ലാ കളക്ടർ |

**കുറിപ്പ്:**

1. ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും പെൻഷന് അപേക്ഷിക്കാം. ആയത് തെളിയിക്കുന്ന രേഖ ഹാജരാക്കണം.(ജി.ഒ.(പി) 1415/73/തഭ& സക്ഷേവ തീയതി 3.8.73 അഗതി പെൻഷൻ ചട്ടങ്ങൾ)
2. 20 വയസിൽ കൂടുതൽ പ്രായമുള്ള ആൺമക്കൾ ഉള്ളവർക്കും പെൻഷൻ നൽകാവുന്നതാണ്. (സ.ഉ.(എം. എസ്) നമ്പർ 2/2008 /സക്ഷേവ തീയതി 16.1.2008)
3. കേരളത്തിൽ തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷമായി സ്ഥിര താമസക്കാരായിരിക്കണം. (സ.ഉ.(പി) 1415/ 73/തഭ&സക്ഷേവ തീയതി 3.8.73)
4. പുനർവിവാഹം നടത്തിയിട്ടില്ല എന്നതിന് സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതി (ജി.ഒ(എം.എസ്) 35/2012/ സക്ഷേവ തീയതി 4/6/12)
5. പെൻഷൻ കൈപ്പറ്റുന്ന ആൾ മരണപ്പെട്ടാൽ കുടിശിക അനന്തരാവകാശികൾക്ക് നൽകാം. (സർക്കുലർ നമ്പർ 2509/സി/08/സക്ഷേവ തീയതി 12.8.2008)
6. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും. (സ.ഉ.(സാ) ന. 602/2013/ സാനീവ തീയതി 9.12.2013)
7. വെൽഫെയർ ഫണ്ടു ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്ക് ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മാത്രമെ ലഭിക്കുകയുള്ളൂ. ഭിന്നശേഷിക്കാരാണെങ്കിൽ വികലാംഗപെൻഷനുപുറമെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൂടി അർഹതയുണ്ട്.
   ഒന്നിൽ കൂടുതൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നിലവിൽ വാങ്ങിക്കുന്നവർക്ക് ഒരു പെൻഷൻ വർദ്ധി പ്പിച്ച നിരക്കിലും മറ്റൊരു പെൻഷൻ നിലവിലുള്ള നിരക്കിലും മാത്രമെ ലഭിക്കുകയുള്ളൂ
   ( ജി.ഒ (എം.എസ്) 34/2017/ഫിൻ/21.1.2017 )

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.3 വികലാംഗ പെൻഷൻ

**(അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർ)**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 40 ദിവസം (ജി.ഒ.(പി) 105/2002/തസ്വഭവ തീയതി 25.6.2002) |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷയുടെ രണ്ട് പ്രതികൾ<br>2. പ്രായപരിധി ഇല്ല<br>3. സ്ഥിരതാമസം തെളിയിക്കുന്ന ഒരു രേഖ (റേഷൻകാർഡ്/ മേൽവിലാസം കാണിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ)<br>4. വികലാംഗത്വം തെളിയിക്കുന്ന രേഖ<br>5. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസ്സറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്(ജി.ഒ(എം.എസ്) 8/2015 എസ്.ജെ.ഡി തീയതി 12/2/2015) |
| V. | അർഹതാ മാനദണ്ഡം | – | 1. കുടുംബ വാർഷിക വരുമാനം –1,00,000 രൂപ<br>2. ശാരീരിക മാനസിക വൈകല്യങ്ങൾ –<br>• അസ്ഥിവൈകല്യം – ചുരുങ്ങിയത് – 40%<br>• അന്ധർ – ലെൻസ് ഉപയോഗിച്ചിട്ടും കാഴ്ചശക്തി 6/60 അഥവാ 20/200 സ്നെല്ലനിൽ (Snellen)അധികരിക്കാത്തത്<br>• ബധിരർ– കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്<br>• മാനസിക വൈകല്യം – ഐ.ക്യു. 50 ൽ താഴെ |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | ഹെൽത്ത് ഇൻസ്പെക്ടർ |
| VII | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | – | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |
| VIII | അപ്പീൽ അധികാരി | – | ജില്ലാ കളക്ടർ |

**കുറിപ്പ്:**

1. കേരളത്തിൽ തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷമായി സ്ഥിര താമസക്കാരായിരിക്കണം.
2. സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷൻ വരുമാനമായി കണക്കാക്കേണ്ടതില്ല (ജി.ഒ.(പി) 10/97/ സക്ഷേവ തീയതി 31.3.97)
3. വികലാംഗത്വം 80% ൽ അധികരിച്ചിട്ടുള്ളവർക്ക് ഉയർന്ന നിരക്കിലുള്ള പെൻഷന് അർഹതയുണ്ട്. (സ.ഉ.( കൈ) 50/2012 തീയതി 22.8.2012)
4. സാമൂഹ്യ സുരക്ഷ മിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്നവരോട് വികലാംഗത്വം തെളിയി ക്കുന്നതിന് മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടില്ല. എന്നാൽ അർഹതാ മാനദണ്ഡം ഉറപ്പാക്കി യിരി ക്കണം. സർക്കുലർ നമ്പർ 1050/എസ്.3/11/എസ്.സി, പി.ഡബ്ല്യുഡി തീയതി 9.11.2011)
5. അപേക്ഷ സമർപ്പിച്ച തീയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും. (സ.ഉ.(സാ) ന. 602/2013/സാനീവ തീയതി 9.12.2013)

6. പെൻഷൻ കൈപ്പറ്റുന്ന ആൾ മരണപ്പെട്ടാൽ കുടിശ്ശിക അനന്തരാവകാശികൾക്ക് നൽകാം. (സർക്കുലർ നമ്പർ 2509/സി 2008/സാക്ഷേവ തീയതി 12.8.2009)

7. വെൽഫെയർ ഫണ്ടു ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്ക് ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മാത്രമെ ലഭിക്കുകയുള്ളൂ. ഭിന്നശേഷിക്കാരാണെങ്കിൽ വികലാംഗപെൻഷനുപുറമെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൂടി അർഹതയുണ്ട്. ഒന്നിൽ കൂടുതൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നിലവിൽ വാങ്ങിക്കുന്നവർക്ക് ഒരു പെൻഷൻ വർദ്ധിപ്പിച്ച നിരക്കിലും മറ്റൊരു പെൻഷൻ നിലവിലുള്ള നിരക്കിലും മാത്രമെ ലഭിക്കുകയുള്ളൂ ( ജി.ഒ (എം.എസ്) 34/2017/ഫിൻ/21.1.2017 )

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.4. 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | - | 40 ദിവസം (ജി.ഒ.(പി) 105/2002/തസ്വഭവ തീയതി 25.6.2002) |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ( 2 പകർപ്പുകൾ)<br>2. അവിവാഹിതയാണെന്നും വരുമാനവും പ്രായവും തെളിയിക്കുന്നതുമായ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ജി.ഒ.(എം.എസ്) 197/2001/സ.ക്ഷേ.വ തീയതി 21.07.2001) മാതൃക അനുബന്ധം 20 കാണുക<br>3. തിരിച്ചറിയൽ രേഖ |
| V. | അർഹതാ മാനദണ്ഡം | - | 1. കുടുംബ വാർഷിക വരുമാനം - 1,00,000 രൂപ വരെ<br>2. 50 വയസ് പൂർത്തിയായിരിക്കണം<br>3. കേരള സംസ്ഥാനത്ത് സ്ഥിരതാമസക്കാരിയായിരിക്കണം |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| VII | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | - | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |
| VIII | അപ്പീൽ അധികാരി | - | ജില്ലാ കളക്ടർ |

**കുറിപ്പ്:**

1. അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാവുന്നതാണ്. (ജി.ഒ (എം.എസ്)43/2004 സ.ക്ഷേ.വ) തീയതി 1.7.2004)
2. അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും. (സ.ഉ.(സാ) ന. 602/2013/ സാനീവ തീയതി 9.12.2013)
3. ഓരോ രണ്ടുവർഷം ഇടവേളയിലും ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ അല്ലെങ്കിൽ ഐഡന്റിറ്റി കാർഡ് സഹിതം നേരിട്ട് ഹാജരാകുകയോ വേണം.(ജി.ഒ.(പി) 14/2001/സക്ഷേവ തീയതി 31.3.2001)
4. ഗുണഭോക്താവ് മരണമടയുന്ന പക്ഷം അനന്തരാവകാശികൾക്ക് പെൻഷൻ കുടിശ്ശിക നൽകാവുന്നതാണ്. (സർക്കുലർ നമ്പർ 14572/സി1/113/സാ.നി.വ. തിയ്യതി 30.10.2013)
5. വെൽഫെയർ ഫണ്ടു ബോർഡിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർക്ക് ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ മാത്രമെ ലഭിക്കുകയുള്ളൂ. ഭിന്നശേഷിക്കാരാണെങ്കിൽ വികലാംഗപെൻഷനുപുറമെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൂടി അർഹതയുണ്ട്.
   ഒന്നിൽ കൂടുതൽ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ നിലവിൽ വാങ്ങിക്കുന്നവർക്ക് ഒരു പെൻഷൻ വർദ്ധിപ്പിച്ച നിരക്കിലും മറ്റൊരു പെൻഷൻ നിലവിലുള്ള നിരക്കിലും മാത്രമെ ലഭിക്കുകയുള്ളൂ
   ( ജി.ഒ (എം.എസ്) 34/2017/ഫിൻ/21.1.2017 )

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.5 കർഷകതൊഴിലാളി പെൻഷൻ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 45 ദിവസം (ജി.ഒ.(പി) 18/98/തൊഴിൽ തീയതി 16.4.98) |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം<br>3. പ്രായം തെളിയിക്കുന്നതിന് സ്കൂൾ രേഖകളോ, പള്ളിരേഖകളോ, ജനനസർട്ടിഫിക്കറ്റോ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡോ ഹാജരാക്കണം. ഇവ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കാം.<br>4. ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ<br>5. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാനസർട്ടിഫിക്കറ്റ് |
| V. | അർഹതാ മാനദണ്ഡം | – | 1. കുടുംബ വാർഷിക വരുമാനം -ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല<br>2. 60 വയസ് പൂർത്തിയായിരിക്കണം<br>3. കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം<br>4. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസമാണെന്ന് തെളിയിക്കുന്ന രേഖ |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | കൃഷി അസിസ്റ്റന്റ് |
| VII | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | – | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |
| VIII | അപ്പീൽ അധികാരി | – | ജില്ലാ കളക്ടർ |
| IX | റിവിഷൻ അതോറിറ്റി | – | സർക്കാർ |

**കുറിപ്പ്:**

1. അന്വേഷണ റിപ്പോർട്ടിൽ അപേക്ഷകന്റെ പേര്, വയസ്, കുടുംബ വരുമാനം, കുട്ടികളുടെ വിവരണം, ഭാര്യ/ഭർത്താവിന്റെ വിവരണം, ഭൂവുടമയുടെ പേര് എന്നിവയുണ്ടായിരിക്കണം.
2. രണ്ടുപ്രാവശ്യം തുടർച്ചയായി തുക കൈപ്പറ്റാതിരുന്നാൽ പെൻഷൻ റദ്ദാകുന്നതാണ്.
3. അപേക്ഷ ലഭിച്ച് അടുത്തമാസം മുതൽ പെൻഷന് അർഹതയുണ്ടായിരിക്കും.
4. തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ഈ പെൻഷന് അർഹതയില്ല.
5. വൃദ്ധർക്കോ/രോഗബാധിതർക്കോ വേണ്ടി നടത്തുന്ന സ്ഥാപനത്തിന്റെ സംരക്ഷണത്തിൽ കഴിയുന്നവർക്ക് ഈ പെൻഷന് അർഹതയില്ല
6. പെൻഷണർ മരിച്ചു പോകുകയാണെങ്കിൽ മരണം നടന്നതുവരെയുള്ള മാസത്തെ കുടിശ്ശിക അവകാശികൾക്ക് നൽകാവുന്നതാണ്.

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.6 തൊഴിൽ രഹിത വേതനം

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 45 ദിവസം (ജി.ഒ.(പി) 123/98/തൊഴിൽ തീയതി 28.5.98) |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (2 പ്രതികൾ)<br>2. എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ പകർപ്പ്<br>4. പഞ്ചായത്തിൽ സ്ഥിര താമസം സംബന്ധിച്ച രേഖ<br>5. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ<br>6. വികലാംഗ സർട്ടിഫിക്കറ്റ് (ബാധകമായവർക്ക് മാത്രം)<br>7. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് പകർപ്പ് ( ഒറിജിനൽ പരിശോധ നയ്ക്ക് ഹാജരാക്കണം.) |
| V. | അർഹതാ മാനദണ്ഡം | – | 1. എസ്.എസ്.എൽ.സി. പാസായിരിക്കണം. പട്ടികജാതി/ പട്ടി കവർഗ/വികലാംഗർ എന്നീ വിഭാഗക്കാർക്ക് സ്കൂളിൽ പഠിച്ച് എസ്.എസ്.എൽ.സി പരീക്ഷക്ക് ഹാജരായാലും പരിഗ ണിക്കാം.<br>2. കുടുംബവാർഷിക വരുമാന പരിധി 12,000/- രൂപയും വ്യക്തി ഗത വരുമാനം പ്രതിമാസം 100 രൂപയിലും അധികരിക്കരുത്<br>3. പ്രായം 18 നും 35 നും മദ്ധ്യേ<br>4. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ - 18 വയസ്സിന് ശേഷം തുടർച്ച യായി വികലാംഗർക്ക്/പട്ടികജാതിക്കാർക്ക്/പട്ടികവർഗ്ഗ കാർക്ക് 2 വർഷവും മറ്റുള്ളവർക്ക് 3 വർഷവും സീനിയോ റിറ്റി വേണം<br>5. യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ പുനർ രജിസ്ട്രേഷൻ കഴിഞ്ഞ് 3 വർഷം പൂർത്തീകരിച്ചിരിക്കണം |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| VII | തീരുമാനം എടുക്കുന്നതിനുള്ള അധികാര സ്ഥാനം | – | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |
| VIII | അപ്പീൽ അധികാരി | – | ജില്ലാ കളക്ടർ |
| IX | റിവിഷൻ | – | സർക്കാർ |

**കുറിപ്പ്:**

1. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ലഭിച്ചവർക്ക് വരുമാന പരിധി കൂടുന്ന സംഗതികളിൽ തൊഴിലില്ലായ്മ വേതനത്തിന് അർഹതയില്ല (ജി.ഒ.(പി) 169/2009/തൊഴിൽ തീയതി 13.12.2009)
2. തുടർച്ചയായി രണ്ടുതവണ വേതനം കൈപ്പറ്റാതിരുന്നാൽ വേതനം റദ്ദാകുന്നതാണ്. എന്നാൽ ജില്ലാ കള ക്ടർക്ക് അപേക്ഷനൽകി ആയത് കൺഡോൺ ചെയ്യാവുന്നതും വേതനം പുനസ്ഥാപിക്കാവുന്നതാണ്.
3. ഒരു തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ നിന്ന് താമസം മാറ്റുമ്പോൾ പുതുതായി താമസിക്കുന്ന തദ്ദേ ശഭരണസ്ഥാപനത്തിൽ ഒരു മാസത്തിനകം പുതിയ അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ തീർപ്പാക്കുന്നത് വരെ മുൻ തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് തന്നെ വേതനം നൽകേണ്ടതാണ്.
4. സംസ്ഥാനത്ത് സ്ഥിരതാമസക്കാരല്ലാതാകുമ്പോഴോ വരുമാനം പരിധിയിൽ കവിയുമ്പോഴോ വേതനത്തി നുള്ള അർഹത നഷ്ടപ്പെടുന്നതാണ്.

5. വരുമാനം നിശ്ചിത പരിധിയിൽ കവിയുമ്പോൾ ടി വിവരം ഗുണഭോക്താവ് പഞ്ചായത്തിനെ അറിയിക്കേണ്ട താണ്.
6. അപേക്ഷ ലഭിച്ച് അടുത്ത മാസം മുതലാണ് വേതനത്തിന് അർഹതയുണ്ടായിരിക്കുക.

## 2.5 ക്ഷേമ പദ്ധതികൾ

### 2.5.7 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടത് 30 ദിവസം (14.7.2008 ലെ 25918/ഡി.ബി2/2008/തസ്വഭവ നമ്പർ സർക്കുലർ) |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ( 2 പകർപ്പ്)<br>2. അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖ (ബാധ കമായ സംഗതികളിൽ)<br>3. വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്<br>4. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ /അച്ചടിച്ച പ്രതിശുത വരന്റെ സത്യവാങ്മൂലം<br>5. വിവാഹിതയാകുന്ന പെൺകുട്ടി കേരളത്തിൽ സ്ഥിരതാമസ ക്കാരിയാണെന്ന രേഖ ( 3 വർഷം)<br>6. വിവാഹത്തിന് 1 മാസം മുമ്പ് അപേക്ഷിക്കാത്ത പക്ഷം കാല താമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ (പരമാവധി 1 വർഷം വരെ) |
| V. | അർഹതാ മാനദണ്ഡം | - | 1. വിവാഹ ദിവസം പെൺകുട്ടിക്ക് 18 വയസ് കഴിഞ്ഞിരിക്കണം<br>2. കുടുംബ വാർഷിക വരുമാനം - 20000/-<br>3. വിവാഹിതയാകുന്ന പെൺകുട്ടി 3 വർഷം കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം<br>4. സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സമ്പത്ത് 50000/- രൂപ യിൽ കവിയരുത് (ജി.ഒ (എം.എസ്) 76/2012 സ.നി.വ) തീയതി 26.12.2012) |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| VII | അപ്പീൽ അധികാരി | - | ജില്ലാ കളക്ടർ |

**കുറിപ്പ്:**

1. വിവാഹിതയാകുന്ന പെൺകുട്ടിയുടെ അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ വിവാഹം നടത്തിക്കൊടുക്കുന്ന ആൾക്കോ അല്ലെങ്കിൽ പെൺകുട്ടിക്ക് സ്വയമോ അപേക്ഷിക്കാം. അഗതി മന്ദിരങ്ങളിൽ ഉള്ള പെൺകുട്ടികൾക്കും അപേ ക്ഷിക്കാവുന്നതാണ്.
2. വിവാഹം കഴിഞ്ഞ തീയതി മുതൽ 1 വർഷം വരെയുള്ള കാലതാമസം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് മാപ്പാക്കാവുന്നതാണ്. (സ.ഉ.(എം.എസ്.) 41/2016/സ.നീ.വ. തീയതി 5.8.2016)
3. ഭർത്താവിന്റെ മരണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ സർട്ടിഫിക്കറ്റായാലും മതി. (ജി.ഒ (പി) 151/78/സ.ക്ഷേ.വ തീയതി 19.06.1978)
4. വിവാഹത്തിന് മുമ്പ് തുക കൈപ്പറ്റിയ സംഗതികളിൽ വിവാഹം കഴിഞ്ഞതിന്റെ രേഖ ഒരു മാസത്തിനകം ഹാജരാക്കണം.
5. പ്രായപൂർത്തിയായ ആൺമക്കളുള്ള കുടുംബത്തിലെ വിധവകളുടെ പെൺമക്കൾക്കും ധനസഹായത്തിന് അർഹതയുണ്ട് (സർക്കുലർ നമ്പർ 13660/സി1/സാ.നി.വ. തിയ്യതി 22.10.2013)
6. മൂന്ന് വർഷമോ അതിലധികമോ കാലയളവ് വിവാഹ മോചിതയായി കഴിയുന്ന സ്ത്രീകളുടെ പെൺമക്ക ളുടെ വിവാഹത്തിനും ധനസഹായം അനുവദിക്കാം. ( ജി.ഒ(പി) 11/98/സക്ഷേവ തീയതി 2.4.98)
7. ഭർത്താവ് ഉപേക്ഷിച്ചവരുടെ പെൺമക്കൾക്കും ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവരുടെ മക്കൾക്കും വിവാഹധനസഹായം നൽകാം (സർക്കുലർ നമ്പർ 66683/ഡി.എ2/2014/LSG തീയതി 17-11-2014)
8. അവിവാഹിതരായ സ്ത്രീകളുടെ മക്കൾക്കും വിവാഹധനസഹായം നൽകാം. (സ.ഉ. (സ) 2592/2015/ തസ്വ ഭവ തീയതി 28.8.2015)

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.1 കാറ്റഗറി II പഞ്ചായത്തുകളിൽ പെർമിറ്റുകൾ ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകൽ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 10 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. A2 ഫാറം<br>2. NOC ക്ക് വേണ്ടിയുള്ള 5 രൂപ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ (മാതൃക അനുബന്ധം 21)<br>3. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസ്സൽ പരിശോധനക്ക് ഹാജരാക്കണം) (ഫോറം. എ2. ഇനം7)<br>4. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>5. ഉടമസ്ഥന്റെ പേരിൽ ഭൂനികുതിയടച്ച രസീതിന്റെ പകർപ്പ്<br>6. ചട്ടം 7 ലെ സബ്റൂൾ 5,6,8,9 ലെ നിബന്ധനകൾക്ക് വിധേയമായിട്ടുള്ള ഡിഫൻസ്, റെയിൽവെ, സെക്യൂരിറ്റിസോൺ എന്നിവയുടെ സംഗതിയിൽ N.O.C ലഭിക്കുന്നതിന് അയച്ച് നൽകുന്നതിന് വേണ്ടിയുള്ള റഫ് സ്കെച്ച് (സ്ഥല അതിർത്തികൾ, നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടത്തിലേക്ക് അതിർത്തികളിൽ നിന്നുള്ള ദൂരം പ്രത്യേകം കാണിച്ചിട്ടുള്ള രൂപരേഖ)<br>7. തണ്ണീർത്തടം/നിലം ആയിട്ടുള്ള വസ്തുവിൽ കെട്ടിട നിർമ്മാണത്തിന് മുമ്പായി റവന്യൂ അധികാരികളുടെ ഉത്തരവ്/ സാക്ഷ്യപത്രം എന്നാൽ ടി സ്ഥലത്ത് നേരത്തെ കെട്ടിടം ഉണ്ടായിരുന്നത് പൊളിച്ച് പുതുതിയത് പണിയുന്നതിന് / കൂട്ടി ചേചർക്കുന്നതിന് /ക്രമവൽക്കരിക്കുന്നതിന് റവന്യൂ അധികാരികളുടെ ഉത്തരവ് /സാക്ഷ്യപത്രം ആവശ്യമില്ല |
| V. | അടക്കേണ്ട ഫീസ് | – | ആവശ്യമില്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | അസിസ്റ്റന്റ് എഞ്ചിനീയർ |
| VII | അപ്പീൽ അധികാരി | – | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. പെർമിറ്റുകൾ ആവശ്യമില്ലാത്ത നിർമ്മാണങ്ങൾ - കാറ്റഗറി ii പഞ്ചായത്തിൽ ഒരു പ്ലോട്ടിൽ നിലവിലുള്ളതും പണിയാൻ ഉദ്ദേശിക്കുന്നതും ഉൾപ്പെടെ 100 $m^2$ വരെ തറ വിസ്തീർണ്ണമുള്ളതും 2 നിലയിൽ കവിയാത്തതുമായ ഏക കുടുംബ വാസഗൃഹം. (കെ.പി.ബി.ആർ റൂൾ 132,133). കൂടാതെ വകുപ്പ് 235 പിയിൽ പറഞ്ഞിരിക്കുന്ന റോഡുകൾക്ക് സമീപമല്ലാതെ പണിയുന്ന കുടിലുകൾ
2. എൻ.ഒ.സി. ആവശ്യപ്പെട്ട പ്രത്യേക അപേക്ഷ എ2 ഫോറത്തോടൊപ്പം നൽകുന്നവർക്കുമാത്രം എൻ.ഒ.സി. നൽകിയാൽ മതിയാവുന്നതാണ്.
3. കാറ്റഗറി ii പഞ്ചായത്തുകളിലെ പെർമിറ്റ് ആവശ്യമില്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പത്ത് ദിവസം മുമ്പ് കെട്ടിട ഉടമസ്ഥൻ എ2 ഫോറത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അറിയിപ്പ് നൽകേണ്ടതാണ്. ടി അറിയിപ്പ് അറിയിപ്പ് ലഭിച്ച് 10 ദിവസത്തിനുള്ളിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ സെക്രട്ടറി കെട്ടിട ഉടമസ്ഥന് അറിയിക്കേണ്ടതാണ്.

# 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

## 2.6.2 കെട്ടിട നിർമ്മാണ പെർമിറ്റുകൾ (പുതിയവയും ഉപയോഗമാറ്റത്തിനും ((റൂൾ 7))

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അനുബന്ധം A യിലുള്ള അപേക്ഷ ( 5 രൂപ കോർട്ട് ഫീ ഒട്ടിച്ച്)<br>2. പട്ടയം/ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>3. കൈവശാവകാശ സർട്ടിഫിക്കറ്റ് (ഭൂമിയുടെ തരം രേഖപ്പെടുത്തിയിരിക്കണം)<br>4. സ്ഥലമുടസ്ഥന്റെ പേരിൽ ഭൂനികുതിയടച്ച രശീതിന്റെ പകർപ്പ്<br>5. ബിൽഡിംഗ് പ്ലാൻ, സൈറ്റ് പ്ലാൻ, സെക്ഷൻ എലിവേഷൻ, ടെറസ് പ്ലാൻ, സ്പെസിഫിക്കേഷൻ, സർവ്വീസ് പ്ലാൻ<br>6. പാർക്കിംഗ് പ്ലാൻ (ആവശ്യമെങ്കിൽ)<br>7. മഴവെള്ള സംഭരണി പ്ലാൻ (കുറിപ്പ് കാണുക)<br>8. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ്<br>9. സി.ആർ ഇസഡ് ബാധകമായ സ്ഥലത്താണ് നിർമ്മാണമെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ |
| V. | അടക്കേണ്ട ഫീസ് | - | കെ.പി.ബി.ആർ പട്ടിക 1, 2 പ്രകാരം |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | അസി.എഞ്ചിനീയർ |
| VII | അപ്പീൽ അധികാരി<br>(കെ.പി.ആർ. ആക്ട് പ്രകാരം) | - | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. പെർമിറ്റുകൾ ആവശ്യമുള്ളവ - കാറ്റഗറി I പഞ്ചായത്തിലുള്ള എല്ലാ നിർമ്മാണ പ്രവർത്തികൾക്കും (വകുപ്പ് 235 പി യുടെ നിയന്ത്രണ പരിധിയിൽ ഉൾപ്പെടാത്ത കുടിലുകൾ ഒഴികെ) കാറ്റഗറി II പഞ്ചായത്തിൽ പെർമിറ്റ് ആവശ്യമില്ലാത്തവ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവർത്തികൾക്കും
2. എല്ലാ പൊതുജനങ്ങൾക്കും യഥേഷ്ടം തടസ്സമില്ലാതെ സഞ്ചരിക്കാവുന്ന വഴിയെയാണ് റോഡ് എന്ന് വിവക്ഷിക്കുന്നത്. (ചട്ടം 2(സിസി), 2(സി.ആർ.))
3. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
4. ക്ഷമതയുള്ള സൂപ്പർവൈസർ/എഞ്ചിനീയർ/ആർക്കിടെക്ട് പ്ലാൻ തയ്യാറാക്കേണ്ടതാണ്.
5. മറ്റ് വകുപ്പുകളുടെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമായ സംഗതികളിൽ പ്ലാനുകളുടെ അധിക പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.
6. ഡി & ഒ തുടങ്ങിയ വിവിധ ലൈസൻസുകൾക്ക് ഭരണ സമിതിയുടെ അനുവാദം ആവശ്യമായ സംഗതികളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നതിന് മുമ്പ് അങ്ങനെയുള്ള അനുമതി ഉറപ്പാക്കണം.
7. സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഏതെങ്കിലും കൂടുതൽ രേഖകൾ ആവശ്യമാണെങ്കിൽ പ്രസ്തുത വിവരം 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കണം.

8. റെഗുലറൈസേഷൻ അനുവദനീയമായ സംഗതിയിൽ പെർമിറ്റ് നൽകുന്നില്ലാത്തതിനാൽ റെഗുലറൈസേഷൻ ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി വാങ്ങിയാൽ മതി.
9. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വക കെട്ടിടങ്ങൾക്ക് പ്രത്യേകം പെർമിറ്റ് ആവശ്യമില്ല. രേഖകൾ നിർമ്മാണത്തിന് 30 ദിവസം മുമ്പ് ഹാജരാക്കിയാൽ മതിയാകുന്നതാണ്. (റൂൾ 7 (2))
10. തറ വിസ്തീർണ്ണം 150 ചതുരശ്ര മീറ്ററിലും സ്ഥല വിസ്തീർണ്ണം 320 ചതുരശ്ര മീറ്ററിലും കൂടാത്ത വാസഗൃഹങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും, തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിലും സ്ഥല വിസ്തീർണ്ണം 200 ചതുരശ്ര മീറ്ററിലും കൂടാത്ത വാണിജ്യ വ്യാപാര കെട്ടിടങ്ങൾക്കും, സ്റ്റോറേജ്, ഹാനികരം, ഓലമേഞ്ഞ കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണി പ്ലാൻ ആവശ്യമില്ല.
11. പ്രതിരോധ വകുപ്പിന്റെ സ്ഥലത്തുനിന്ന് 100 മീറ്റർ, റെയിൽപ്പാതയുടെ അതിരിൽ നിന്ന് 30 മീറ്റർ പരിധിക്കുള്ളിലും സെക്യൂരിറ്റി സോണിലും ഉള്ള നിർമ്മിതികൾക്ക് ബന്ധപ്പെട്ടവരിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്. കൂടാതെ മതപരമായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കും ആരാധനാലയങ്ങൾക്കും ജില്ലാ കളക്ടറുടെ അനുമതിയും ആവശ്യമാണ്.
12. ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുമ്പോൾ പെർമിറ്റ് ഹോൾഡർ നിർമ്മാണ സ്ഥലത്ത് പ്രവൃത്തികളുടെ വിവരങ്ങൾ അടങ്ങുന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.
13 റവന്യൂരേഖകൾ/ബി.ടി.ആർ എന്നിവയിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഡാറ്റാ ബാങ്കിലോ/കരട് ഡാറ്റാ ബാങ്കിലോ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താത്തുമായ ഭൂമിയിൽ പുതിയ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുമ്പ്, കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2008 ലെ നെൽവയൽ തണ്ണീർ തട നിയമ പ്രകാരമുള്ള റവന്യൂ അധികൃതരുടെ അനുമതിയോ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
14. കെട്ടിടനിർമ്മാണ/ഭൂവികസനം നടക്കുമ്പോൾ താഴ്ത്തുന്നത് 1.5 മീറ്റർ കൂടുതൽ ആഴത്തിലാണെങ്കിൽ കെ.പി.ബി.ആർ റൂൾ 12 പാലിച്ചിരിക്കണം
15. തണ്ണീർത്തട നിയമത്തിൽപ്പെട്ട സ്ഥലങ്ങളിലുള്ള നിർമ്മാണത്തിന് ടി നിയമപ്രകാരമുള്ള അനുമതി കൂടി വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്.
16. 150 ച.മീ. വരെയുള്ള രണ്ടു നിലയിൽ പരിമിതപ്പെടുത്തിയ ഏക കുടുംബ വാസ ഗൃഹങ്ങൾക്ക് എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല. (കെ.പി.ബി.ആർ റൂൾ 25(1))

17(a) പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല

18. 20,000 ച.മീ. കൂടുതൽ വിസ്തീർണ്ണം വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ അംഗീകാരം വാങ്ങിയിരിക്കണം.(റൂൾ 26 (4എ))
19. ചട്ടം 103 ന് വിധേയമായി 400 m2 ൽ അധികരിക്കുന്ന ഏകവാസ കുടുംബങ്ങൾക്കും, A2,C, D എന്നീ വിഭാഗങ്ങളിൽ 500 m2 അധികരിക്കുന്ന കെട്ടിടങ്ങൾക്കും സോളാർ വാട്ടർ ഹീറ്റർ സിസ്റ്റം ഉണ്ടായിരിക്കണം.
20. ''കേരളാ പഞ്ചായത്ത് രാജ് നിയമം പ്രാബല്ല്യത്തിൽ വരുന്നതിന് മുമ്പ്'' ന് മുമ്പ് നിലവിലുള്ള കെട്ടിടങ്ങളുടെ വിപുലീകരണമോ നിലകളുടെ നിർമ്മാണമോ നടത്തേണ്ടത് ചട്ടം 97എ, ബി, സി പ്രകാരമാണ്.
21. സിആർഇസഡ് വ്യവസ്ഥകൾ: 1. കടൽതീര വേലിയേറ്റ രേഖയുടെ 500 മീറ്ററിനുള്ളിലും വേലിയേറ്റ സ്വാധീനമുള്ള ജലാശയ അതിർത്തിയിൽ നിന്നും 100 മീറ്ററിനുള്ളിലൊ ജലാശയത്തിന്റെ വീതിയോ ഏതാണ് കുറവെങ്കിൽ അത്രയും ദൂരവും, എല്ലാ ദ്വീപുകളും സി.ആർ.ഇസഡ് അതിർത്തിയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ ടി പ്രദേശങ്ങളിൽ താഴെപറയുന്ന ഇളവുകൾ അനുവദനീയമാണ്.
    (1) തീരദേശ മേഖലയിൽ 100 – 200 മീറ്ററിനുള്ളിൽ പരമ്പരാഗത തീരവാസികൾക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വാസഗൃഹങ്ങൾ നിർമ്മിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും (പാര 8 (iii)a,(ii).
    (2) ബാക്ക് വാട്ടർ ഐലന്റ് മേഖലയിൽ 50 മീറ്ററിനുള്ളിൽ നിലവിലുള്ള വാസ ഗൃഹങ്ങൾ റിപ്പയിറിംഗ്/ പുനർ നിർമ്മാണം മാത്രമെ നടത്താവു. പുതിയ നിർമ്മാണങ്ങൾ അനുവദനീയമല്ല.

22. കാറ്റഗറി 1 പഞ്ചായത്തിൽ 150 ച.മീ വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് പട്ടികയിലെ പെർമിറ്റ് ഫീസിന്റെ പകുതി മാത്രം മതി.
23. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിരാക്ഷേപ പത്രങ്ങൾ വാങ്ങേണ്ട സംഗതിയിൽ അവ ലഭ്യമാക്കിയതി നുശേഷം മാത്രമെ പെർമിറ്റ് നൽകാവു. (ലെറ്റർ നമ്പർ 46871/RA1/2014/LSGD തീയതി 22.8.2014)
24. അഷ്ടമുടികായൽ, വെമ്പനാട്ടുകായൽ, ശാസ്താംക്കോട്ട എന്നീ കായലുകളുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2010 ലെ Wetland Conservation and Management Rules പ്രകാരമുള്ള നിബന്ധന കൾ ഉറപ്പാക്കണം.
25. KPBR Rule 51 പ്രകാരം ലിഫ്റ്റുകൾ സ്ഥാപിക്കേണ്ട സംഗതികളിൽ 2013 ലെ കേരള ലിഫ്റ്റ് ആന്റ് എസ്ക ലൈറ്റേഴ്സ് ആക്റ്റ് അനുസരിച്ച് ബന്ധപ്പെട്ട ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നും ലിഫ്റ്റ് സ്ഥാപിക്കു ന്നതിനുള്ള അനുമതി (പെർമിറ്റ് നൽകുന്നതിനുമുമ്പ്) പ്രവർത്തനാനുമതി (ഓക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ്) എന്നിവ വാങ്ങിച്ചിരിക്കേണ്ടതുണ്ട്.
26. 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡവലപ്പെന്റമെന്റ് ആക്ട് പ്രാകരം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് ആവശ്യമില്ല.
27. പണിനടത്തുന്നതിന് മുമ്പ് അപ്പൻഡിക്സ് ഡിയിൽ സെക്രട്ടറിക്ക് അറിയിപ്പ് നൽകേണ്ടതാണ്.
28. ഓരോ ഗണത്തിന്റേയും അടിസ്ഥാനത്തിൽ പെർമിറ്റ് നൽകുമ്പോൾ ആദ്യം പരിശോധിക്കേണ്ടത് ചട്ടം 55 മുതൽ 61 വരെയാണ്. ഇതിനെ വിധേയമായി മാത്രമേ അദ്ധ്യായം 4ലെ പൊതുവ്യവസ്ഥകൾ ബാധകമാവു കയുള്ളൂ.
29. വനം, പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, മന്ത്രാലയത്തിന്റെ 9.12.2016 ലെ നോട്ടിഫിക്കേഷൻ പ്രകാരം കാറ്റഗറി 1 ഗ്രൂപ്പിൽ പെടുന്ന 5000 മുതൽ 20,000 ത്തിൽ താഴെ ച.മീ വിസ്തീർണ്ണം വരുന്ന കെട്ടിടങ്ങൾക്ക് ഫോറം -I എ യോടൊപ്പം അപ്പെൻഡിക്സ് 14 ൽ പരിസ്ഥിതി നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നുള്ള സ്വയം വെളിപ്പെടുത്തൽ രേഖകൂടി സമർപ്പിക്കേണ്ടതാണ്. 20,000 ച.മീ മുതൽ വരുന്ന സംഗതികളിൽ പരിസ്ഥിതി സെൽ പരിശോധിച്ച് ശുപാർശ ചെയ്ത് സംഗതികളിൽ മാത്രമേ പെർമിറ്റ് നൽകാവൂ.

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.3 കാറ്റഗറി I പഞ്ചായത്തുകളിൽ സർക്കാർ അംഗീകൃത സ്കീമുകൾ വഴിയോ മറ്റ് ഏജൻസികളുടെ ധനസഹായത്തോടെയോ നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്കുള്ള പെർമിറ്റ് (60 ച.മീറ്റർ വരെ (ചട്ടം 72 മുതൽ 76 വരെ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (അനുബന്ധം 22)<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് ആധാരം /പട്ടയത്തിന്റെ പകർപ്പ്, കൈവശാവകാശത്തിന്റെ പകർപ്പ്, ഭൂനികുതി അടച്ച രസീതി എന്നിവയുടെ പകർപ്പുകൾ<br>3. സൈറ്റ് പ്ലാൻ (സ്വയം വരച്ചതായാലും മതി)<br>4. ബന്ധപ്പെട്ട വകുപ്പിൽ നിന്നും സ്കീമിൽ ഉൾപ്പെടുത്തിയതിന്റെ രേഖ |
| V. | അടക്കേണ്ട ഫീസ് | – | ഇല്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | അസിസ്റ്റന്റ് എഞ്ചിനയീർ |
| VII | അപ്പീൽ അധികാരി | – | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. അപേക്ഷയിൽ എത്ര നില, വിസ്തീർണ്ണം എന്നിവ കാണിച്ചിരിക്കണം
3. ധനസഹായം അനുവദിക്കുന്നത് സ്ഥലമുടമയുടെ പേരിലല്ലാതെ പങ്കാളിയുടെ പേരിലാണെങ്കിൽ സ്ഥലമുടമ 200 രൂപയുടെ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം നൽകിയാൽ മതിയാകുന്നതാണ്.

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.4 സ്ഥലം ഡെവലപ്പ്മെന്റിനുള്ള പെർമിറ്റുകൾ(ചട്ടം 5, 31,32,33)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV | ഹാജരാക്കേണ്ട രേഖകൾ: | - | 1. അനുബന്ധം എഎ യിലുള്ളതും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചതുമായ അപേക്ഷ<br>2. അപേക്ഷാ ഫീസ് 20 രൂപ അടച്ച രശീത്<br>3. സൈറ്റ് പ്ലാൻ<br>4. സർവ്വീസ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ<br>5. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>6. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ്<br>7. കൈവശ സർട്ടിഫിക്കറ്റ്<br>8. ബിൽഡിംഗ് ലൈസൻസിയുടെ ലൈസൻസിന്റെ പകർപ്പ് |
| V. | അടക്കേണ്ട ഫീസ് | - | അപേക്ഷാ ഫീസ് - 20 രൂപ<br>പെർമിറ്റ് ഫീസ്<br>പ്ലോട്ടുകളായി തിരിക്കൽ<br>കാറ്റഗറി I. പഞ്ചായത്തിൽ ഹെക്ടറിന് 500 രൂപ വീതം<br>കാറ്റഗറി II. പഞ്ചായത്തിൽ ഹെക്ടറിന് 250 രൂപ വീതം<br>മറ്റു ഡവലപ്പ്മെന്റുകൾ<br>കാറ്റഗറി I. പഞ്ചായത്തിൽ ആറിന് 500 രൂപ വീതം<br>കാറ്റഗറി II. പഞ്ചായത്തിൽ ആറിന് 250 രൂപ വീതം |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർ |
| VII | അപ്പീൽ അധികാരി | - | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. ചട്ടം 6 അനുസരിച്ചുള്ള ക്ലിയറൻസുകൾ ഉറപ്പാക്കണം.
3. പെർമിറ്റ് അനുവദിക്കുന്നത് അതാത് സംഗതി പോലെ ചട്ടം 31, 32,33 പ്രകാരമായിരിക്കണം.

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.5 ഓക്യുപെൻസി സർട്ടിഫിക്കറ്റ് (റൂൾ 25)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 15 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. വെള്ള കടലാസിലുള്ള അപേക്ഷ<br>കാറ്റഗറി I. പഞ്ചായത്ത്<br>– 150 ച.മീറ്റർ രണ്ടു നിലയിൽ പരിമിതപ്പെടുത്തിയ വാസഗൃഹങ്ങൾക്ക് ഫോറം ഇ യിലുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ്<br>– മറ്റുള്ളവയ്ക്കെല്ലാം ഫോറം ഇ യിലും എഫിലും ഉള്ള സർട്ടിഫിക്കറ്റ്<br>കാറ്റഗറി II. പഞ്ചായത്ത്<br>– 100 ച.മീറ്റർ രണ്ടു നിലയിൽ പരിമിതപ്പെടുത്തിയ വാസഗൃഹങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ആവശ്യമില്ല<br>– 100 ച.മീറ്റിനും 150 ച.മീറ്ററിനും ഇടയിലുള്ളവയ്ക്ക് ഫോറം ഇയിലുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ്<br>– മറ്റുള്ളവയ്ക്ക് കാറ്റഗറി I ൽ പറഞ്ഞിട്ടുള്ള പ്രകാരം ഫോറം ഇ യിലും എഫിലും ഉള്ള സർട്ടിഫിക്കറ്റ് |
| V. | അടക്കേണ്ട ഫീസ് | – | ഇല്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | അസിസ്റ്റന്റ് എഞ്ചിനയീർ |
| VI | അപ്പീൽ അധികാരി | – | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. അംഗീകരിച്ച പ്ലാനിൽ നിന്നും (ചട്ടം 10 ൽ പറഞ്ഞിട്ടുള്ള മാറ്റങ്ങൾ ഒഴിച്ചുള്ളവ) ഭേദഗതികൾ ഉണ്ടെങ്കിൽ പുതുക്കിയ പ്ലാൻ കൂടി നൽകി അംഗീകാരം വാങ്ങണം
2. അംഗീകരിച്ച പ്ലാനിൽ നിന്നും തുറസ്സായ സ്ഥലങ്ങളുടെ കാര്യത്തിൽ പരമാവധി 25 സെ.മീ. എന്ന വ്യവസ്ഥക്ക് വിധേയമായി 5% വരെ കുറവ് സെക്രട്ടറിക്ക് അനുവദിക്കാവുന്നതാണ്. (റൂൾ 25 (3)) എന്നാൽ K.P.R.Act 220 ബി പ്രകാരമുള്ള സ്ഥലങ്ങളിൽ ഇളവ് നൽകാവുന്നതല്ല.
3. 15 ദിവസത്തിനകം ഉപയോഗ സർട്ടിഫിക്കറ്റ് സംബന്ധിച്ച് തീരുമാനം എടുത്തില്ലെങ്കിൽ യഥാവിധി സർട്ടിഫിക്കറ്റ് ലഭിച്ചതായി കണക്കാക്കാം.
4. പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടങ്ങൾക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റോ ഓക്യുപെൻസി സർട്ടിഫിക്കറ്റോ ആവശ്യമില്ല
5. പണി പൂർത്തിയാകാത്ത കെട്ടിടത്തിൽ അതിന്റെ പൂർത്തിയായ ഭാഗം ഉപയോഗിക്കുന്നതുമൂലം അപകട സാധ്യത ഇല്ലെങ്കിൽ പൂർത്തിയാക്കിയ ഭാഗത്തിന് ഓക്യൂപെൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. (ചട്ടം 25(4))

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.6 കുടിൽ (റൂൾ 132(1))

(കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 പി മുതൽ 235 യു വരെ പ്രകാരം നിയന്ത്രണമുള്ള സ്ഥലങ്ങളിൽ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 14 ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | - | 1. ഫോറം എ യിലുള്ള അപേക്ഷ, 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം<br>2. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>3. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ്<br>4. കൈവശ സർട്ടിഫിക്കറ്റ്<br>5. സൈറ്റ് പ്ലാൻ (നിർമ്മിക്കുന്ന കുടിലിന്റെ അതിരുകളിൽ നിന്നുള്ള ദൂരം കാണിച്ചിരിക്കണം.) |
| V. | അടക്കേണ്ട ഫീസ് | - | ഫീസില്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | - | തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അപേക്ഷയിൻമേൽ സെക്രട്ടറി 14 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 220 ബി വകുപ്പ് ബാധകമല്ലാത്ത സംഗതികളിൽ കുടിൽ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമില്ല.

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.7 കിണർ നിർമ്മിക്കൽ (റൂൾ 91 മുതൽ 97 വരെ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. അനുബന്ധം എ യിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം<br>2. സൈറ്റ് പ്ലാൻ (നിർമ്മിക്കാനുദ്ദേശിക്കുന്ന കിണറിന്റെ സ്ഥാനവും അതിരിൽ നിന്നുള്ള ദൂരം, 7.5 മീറ്റർ ചുറ്റളവിൽ ഉള്ളതായ മറ്റ് നിർമ്മിതികളുടെ വിവരവും വ്യക്തമാക്കണം)<br>3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ് |
| V. | അടക്കേണ്ട ഫീസ് | – | 5. കൈവശ സർട്ടിഫിക്കറ്റ്<br>1. അപേക്ഷ ഫീസ് 5 രൂപ<br>2. പെർമിറ്റ് ഫീസ്:-<br>കാറ്റഗറി 1 ൽപെട്ട ഗ്രാമപഞ്ചായത്ത് - 15 രൂപ |
| | | | കാറ്റഗറി 2 ൽ പെട്ട ഗ്രാമപഞ്ചായത്ത് - 10 രൂപ |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | – | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. കിണറും കക്കൂസ് ടാങ്കും തമ്മിലുള്ള ദൂരം ചുരുങ്ങിയത് 7.50 മീറ്ററെങ്കിലും ഉണ്ടായിരിക്കണം.
3. കുഴൽ കിണർ നിർമ്മിക്കുന്നതിനും പെർമിറ്റ് ആവശ്യമാണ്. ആയതിലേക്ക് ഭൂജല വകുപ്പിന്റെ ക്ലിയറൻസ് വാങ്ങിയിരിക്കണം. (റൂൾ 93 എ)
4. പെർമിറ്റ് കാലവധി 2 വർഷം, പുതുക്കുന്നത് ഒരു വർഷത്തേയ്ക്ക് മാത്രം
5. കിണർ പണിയുമ്പോൾ തെരുവിനോടനുബന്ധിച്ച സെറ്റ് ബാക്ക് കെട്ടിടത്തിന്റെ സെറ്റ് ബാക്ക് തന്നെയായിരിക്കും. മറ്റ് അതിരുകളിൽ നിന്നും ഒന്നര മീറ്റർ വിട്ട് മാത്രമേ കിണർ പണിയാവൂ.

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.8 മതിൽ/വേലി-പൊതുവഴിയോടും പൊതുസ്ഥലത്തോടും ചേർന്ന അതിർത്തികളിൽ നിർമ്മിക്കുന്നതിന് (റൂൾ 87മുതൽ 90 വരെ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. ഫോറം എ യിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. അപേക്ഷാ ഫീസ് 5 രൂപ അടച്ചതിന്റെ രശീതി<br>3. പട്ടയം/ ആധാരത്തിന്റെ പകർപ്പ് (അസൽ പരിശോധനക്ക് ഹാജരാക്കണം)<br>4. സ്ഥലമുടമസ്ഥന്റെ പേരിൽ കരമടച്ച രശീതിന്റെ പകർപ്പ്<br>5. കൈവശ സർട്ടിഫിക്കറ്റ്<br>6. സൈറ്റ് പ്ലാൻ |
| V. | അടക്കേണ്ട ഫീസ് | – | അപേക്ഷാ ഫീസ് – 5 രൂപ<br>പെർമിറ്റ് ഫീസ് – കാറ്റഗറി 1 ൽ മീറ്ററിന് 2 രൂപ |
| | | | കാറ്റഗറി 2 ൽ മീറ്ററിന് 1 രൂപ |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | അസിസ്റ്റന്റ് എഞ്ചിനീയർ |
| VII | അപ്പീൽ അധികാരി | – | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. നിലം, തണ്ണീർതടം എന്നിവിടങ്ങൾക്ക് ചുറ്റും മതിൽ കെട്ടാൻ അനുമതി നൽകാൻ പാടില്ല.
3. മതിലിന്റെ പെർമിറ്റ് കാലാവധി 1 വർഷം
4. ഗേറ്റ് വാതിലുകൾ എന്നിവ പൊതുനിരത്തിലേക്ക് തുറക്കാവുന്നതോ അല്ലെങ്കിൽ തള്ളിനിൽക്കുന്നതോ ആയ രീതിയിൽ നിർമ്മിക്കാൻ പാടില്ല.
5. ഒരു സ്ട്രീറ്റ് ജംഗ്ഷന് ചേർന്നുവരുന്ന മതിൽ ആവശ്യമായ വളവ് നൽകിവേണം നിർമ്മിക്കാൻ

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.9 ടെലികമ്മ്യൂണിക്കേഷൻ ടവർ (റൂൾ 118 മുതൽ 131 വരെ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | | GO (MS) No. 14/2014/ITD dt. 15.3.2014<br>1. കെ.പി.ബി.ആർ. ചട്ടം അനുബന്ധം എ യിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ചത്<br>2. സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലിവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ<br>3 ടെലികമ്മ്യൂണിക്കേഷൻ വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ലൈസൻസിന്റെ പകർപ്പ്<br>4. ഡാറ്റാഷീറ്റ് (സർവ്വീസ് നൽകുന്നവരുടെ പേര്, ലൊക്കേഷൻ, ടവർ റഫറൻസ്, ഉയരം, ഭാരം, നിലത്തോ/കെട്ടിടത്തിന് മുകളിലോ, ആന്റിനകളുടെ എണ്ണം മുതലായവ<br>5. SACFA ക്ലിയറൻസ്/ക്ലിയറൻസിനുവേണ്ടി സമർപ്പിച്ച അപേക്ഷയുടെ പകർപ്പും അണ്ടർ ടേക്കിങ്ങ് കത്തും<br>6. ഗ്രൗണ്ട് ടവറിന്റെ സംഗതിയിൽ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/ കെട്ടിടത്തിനു മുകളിലുള്ള ടവറാണെങ്കിൽ അധികാരപ്പെട്ട എഞ്ചിനീയറിൽ നിന്നും കെട്ടിടത്തിന്റെയും ടവറിന്റെയും സുരക്ഷിതത്വം സംബന്ധിച്ചുള്ള അംഗീകാരം<br>7. ഡീസൽ ജനറേറ്റർ സിസ്റ്റം സംബന്ധിച്ച് ഇന്ത്യ-ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷനിൽ നിന്നുള്ള ടെസ്റ്റ് ്സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>8. ഫയർ ക്ലിയറൻസ് ആവശ്യമായ സംഗതികളിൽ ഫയർ സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ്<br>9. വന സംരക്ഷണ പ്രദേശമാണെങ്കിൽ ഫോറസ്റ്റ് പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ്<br>10. ഉടമസ്ഥാവകാശരേഖ/അപേക്ഷകൻ ഉടമയല്ലെങ്കിൽടവർ നിർമ്മാണത്തിനു വേണ്ടിയുള്ളസ്ഥലം/ കെട്ടിടത്തിന്റെമുകൾ ഭാഗം നൽകി കൊണ്ടുള്ള സ്ഥലം ഉടമ/കെട്ടിട ഉടമയുടെ പക്കൽ നിന്നുള്ള അനുമതി/ഉടമ്പടി പ്രമാണം.<br>11. പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കികൊണ്ട് (With in safe EMR exposure limit) സർവ്വീസ് പ്രൊവൈഡർ സമർപ്പിച്ച സർട്ടിഫിക്കറ്റ് ്കൈപ്പറ്റിയതിന് ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്മെന്റ് നൽകിയരേഖ. |
| V. | അടക്കേണ്ട ഫീസ് | - | അപേക്ഷാ ഫീസ് 1000 രൂപ<br>പെർമിറ്റ് ഫി:- ടവറിന് 10,000 രൂപ |

| | | |
|---|---|---|
| | | പോൾ സ്ട്രക്ചർ ആണെങ്കിൽ 2500 രൂപ<br>അനുബന്ധ കെട്ടിടങ്ങൾക്ക് പട്ടിക II പ്രകാരം |
| VI അന്വേഷണ ഉദ്യോഗസ്ഥർ | - | അസിസ്റ്റന്റ് എഞ്ചിനയീർ |
| VII അപ്പീൽ അധികാരി | - | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. ബി.എസ്.എൻ.എൽ- ന് ടവർ സ്ഥാപിക്കുന്നതിന് പെർമിറ്റ് ഫീസ് ആവശ്യമില്ല.
3. എല്ലാ ടവർ പെർമിറ്റുകളുടെയും പെർമിറ്റ് കാലാവധി ഒരു വർഷത്തേക്ക് മാത്രം
4. പൊതുജനങ്ങളിൽ നിന്നുള്ള പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള 6 അംഗ ജില്ലാതല സമിതിയും, ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായിട്ടുള്ള 6 അംഗ സംസ്ഥാന സമിതിയും രൂപീകരിച്ചിട്ടുണ്ട്. (ജി.ഒ (എം.എസ്) 31/2014/I.T.D തീയതി 5.11.2014)

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.10 പെർമിറ്റ് കൈമാറ്റം ചെയ്യൽ (റൂൾ 24)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 15 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. വസ്തുകൈമാറ്റം ചെയ്ത വ്യക്തിയുടേയും കൈമാറി കിട്ടിയ വ്യക്തിയുടേയും അപേക്ഷകൾ (5 രൂപ കോർട്ട് ഫീ അടച്ചത്) – അനുബന്ധം 25<br>2. അനുവദിക്കപ്പെട്ട പെർമിറ്റിന്റെ അസ്സൽ<br>3. സ്ഥലം കൈമാറ്റം നടത്തിയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് (അസ്സൽ പരിശോധനക്ക് വിധേയമാക്കണം) |
| V. | അടക്കേണ്ട ഫീസ് | – | 25 രൂപ |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | – | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. കെട്ടിടം ഭാഗികമായി കൈമാറ്റം നടത്തുന്ന സംഗതികളിൽ കെട്ടിട ഉടമ 15 ദിവസത്തിനകം കൈമാറ്റത്തിന്റെ വിവരങ്ങൾ സെക്രട്ടറിയെ അറിയിക്കേണ്ടതും തുടർന്ന് ഒറിജനൽ പെർമിറ്റ് പ്രകാരമുള്ള പ്രവർത്തികൾ നടത്തുന്നതിന് പ്രത്യേക അനുമതി വാങ്ങേണ്ടതുമാണ്.

## 2.6 കെട്ടിടനിർമ്മാണ പെർമിറ്റുകൾ

### 2.6.11 പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ (റൂൾ 17)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ: | – | 1. വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) അനുബന്ധം 26 കാണുക<br>2. ഒറിജിനൽ പെർമിറ്റും അംഗീകൃത പ്ലാനും |
| V. | അടക്കേണ്ട ഫീസ് | – | കാലാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക. കാലാവധി കഴിഞ്ഞാൽ പെർമിറ്റ് ഫീസിന്റെ 50% അടച്ച് ഒറിജിനൽ പെർമിറ്റ് തീയതി മുതൽ 9 വർഷത്തില ധികരിക്കാതെ പരമാവധി 3 വർഷത്തേക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | – | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അപേക്ഷയിൻമേൽ സെക്രട്ടറി 30 ദിവസത്തിനകം തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ ഭരണ സമിതിക്ക് ആക്ഷേപം നൽകാവുന്നതാണ്.
2. പെർമിറ്റ് പുതുക്കി നൽകുന്നതിന് എപ്പോൾ വേണമെങ്കിലും അപേക്ഷിക്കാം.
3. കമ്മ്യൂണിക്കേഷൻ ടവറിന്റെ പെർമിറ്റ് പുതുക്കി നൽകുന്നത് 1 വർഷത്തേക്ക് മാത്രം.
4. കിണറിന്റെ പെർമിറ്റ് പുതുക്കി നൽകുന്നത് ഒരു വർഷത്തേക്ക് മാത്രം.

## 2.7 വസ്തുനികുതി

### 2.7.1 കെട്ടിടത്തിന് നമ്പർ നൽകൽ (വകുപ്പ് 235 )

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | പൗരാവകാശ രേഖ പ്രകാരം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | **പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തെ സംബന്ധിച്ച്**<br>1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 27<br>2. ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമായ പുതിയ കെട്ടിടങ്ങൾക്ക് മാത്രം) 2.6.5ന്റെ കുറിപ്പ് കാണുക<br>3. വസ്തു നികുതി ചട്ടം ഫാറം 2/2എയിലുള്ള റിട്ടേൺ (ചട്ടം 11(2))<br>**പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ച്** (ചട്ടം 133)<br>1. വെള്ളക്കടലാസിലുള്ള അപേക്ഷ (അനുബന്ധം 27)<br>2 എ2 ഫോറവും അനുബന്ധ രേഖകളും നൽകിയിട്ടില്ല എങ്കിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കണം<br>- കെട്ടിടത്തിന്റെ വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ് (അനുബന്ധം 28 കാണുക.)<br>- കെട്ടിടത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റഫ് സ്കെച്ച്<br>- ആധാരത്തിന്റെ പകർപ്പ്<br>- പൊസഷൻ സർട്ടിഫിക്കറ്റ്<br>3. വസ്തു നികുതി ചട്ടത്തിലുള്ള ഫോറം 2/2എയിലുള്ള റിട്ടേൺ (ചട്ടം 11(2)) |
| V. | അടക്കേണ്ട ഫീസ് | - | ആവശ്യമില്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ/ റിവിഷൻ അധികാരി | - | 1. പഞ്ചായത്ത് ഭരണസമിതി<br>2. തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. പെർമിറ്റ് ആവശ്യമായ സംഗതികളിൽ പെർമിറ്റ് കൂടാതെ പണിതതാണെങ്കിൽ റഗുലറൈസേഷൻ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കണം
2. കെ.പി.ആർ. സെക്ഷൻ 207 അനുസരിച്ച് നികുതി ഒഴിവാക്കിയിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഫോറം 2 എ യിലുള്ള റിട്ടേൺകൂടി അപേക്ഷകൻ സമർപ്പിക്കണം. (വസ്തു നികുതി ചട്ടം 17 (2))
3. കെ.പി.ബി.ആർ ചട്ടം ലംഘിച്ച് 1500 ച. അടി വരെ നിർമ്മിച്ച വ്യക്തിഗത വാസഗൃഹങ്ങൾക്ക് UA നമ്പർ നൽകി താമസ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. ജി.ഒ.(എം.എസ്)170/ 2016/തസ്വ വ തീയതി 16.11.2016 ആന്റ് ജി.ഒ.(എം.എസ്) 174/2016/തസ്വ വ തീയതി 23.11.2016 )

4. പുതിയതോ വിപുലീകരിച്ചതോ ആയ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് മുമ്പ് റവന്യൂ വകുപ്പിൽ ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യതവണ അടച്ച രശീതിയുടെ പകർപ്പ് അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്ത ആധികാരിക രേഖയോ ഹാജരാക്കണം. ആഢംബരനികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻവർഷത്തെ ആഢംബര നികുതി ഒടുക്കിയതിന്റെ രശീതി ഹാജരാക്കണം. (ജി.ഒ. (എം.എസ്.) 231/15/ തസ്വഭവ തീയതി 9.7.2015)
5. 31.3.2016 വരെ എഗ്രീമെന്റ് വെച്ച് സർക്കാർ ധനസഹായത്തോടെ നിർമ്മിച്ച വീടുകൾ 66 ചതുശ്രമീറ്ററിന്റെ 25% വരെ അധിക വിസ്തീർണ്ണം ഉണ്ടെങ്കിൽ ധനസഹായം പൂർണ്ണമായി അനുവദിക്കാവുന്നതും നമ്പർ നൽകാവുന്നതുമാണ്.
6. 2008 ന് മുമ്പ് നികത്തിയതൊ നികന്ന് കിടക്കുന്നതൊ ആയ ഭൂമിയിൽ നിലവിൽ ഒരു കെട്ടിടം ഉണ്ടായിരിക്കുകയൊ ഉണ്ടായിരുന്ന കെട്ടിടം പൊളിച്ചുനീക്കുകയൊ ചെയ്യുന്നിടത്ത് പുതുതായി കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിനും പുതുക്കി വയ്ക്കുന്നതിനൊ കൂട്ടി ചേർക്കുന്നതിനൊ ഉള്ള അനുമതികളും (സർക്കുലർ നമ്പർ 13106/പി 1/2017/റവ തീയതി 1.3.2017, സർക്കുലർ നമ്പർ 994733/RA/1/2016/തസ്വഭവ തീയതി 22.12.2016.) നൽകാം

## 2.7 വസ്തുനികുതി

### 2.7.2 വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ/ വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾ)

**(2011 ലെ വസ്തുനികുതി ചട്ടങ്ങൾ ചട്ടം 24)**

| | | |
|---|---|---|
| I. അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. സമയപരിധി | - | പൗരാവകാശ രേഖ പ്രകാരം |
| III. ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. സമർപ്പിക്കേണ്ട രേഖകൾ: | - | 1. വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 29 |
| V. അടക്കേണ്ട ഫീസ് | - | ഇല്ല |
| VI അന്വേഷണ ഉദ്യോഗസ്ഥർ | - | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII അപ്പീൽ അധികാരി | - | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി |
| VIII റിവിഷൻ | - | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. വസ്തു നികുതി ചട്ടം 24 (3), 25 എന്നിവയക്ക് വിധേയമായിട്ടാണ് നികുതി ഒഴിവാക്കൽ കണക്കാക്കേണ്ടത്.
2. ആർമി, നേവി, എയർഫോഴ്സ് എന്നിവയിൽ നിന്നും വിരമിച്ച വിമുക്തഭടന്മാരുടെ / ഭാര്യയുടെ പേരിലുള്ള 2000 ച. അടിയിൽ കവിയാത്ത വിസ്തീർണ്ണമുള്ള യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഒരു വീടിന് നികുതി ഇളവ് അനുവദിക്കാവുന്നതാണ്. (സ.ഉ.(എം.എസ്.) 242/2013/തസ്വഭവ തീയതി 2.7.2013). ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ 10 നകം പ്രത്യേകം അപേക്ഷ നൽകണം. ആനുകൂല്യം നൽകിയ വിവരം സർവ്വീസ് രേഖയിൽ ചേർക്കണം.
3. ചട്ടം 24 (3) പ്രകാരം പൊളിച്ചുനീക്കിയ കെട്ടിടങ്ങളുടെ കാര്യത്തിൽ പൊളിച്ചുനീക്കിയ അർദ്ധവർഷത്തിന്റെ അവസാനം വരെയുള്ള വസ്തു നികുതി അടക്കേണ്ടതാണ്.

# 2.7 വസ്തുനികുതി

## 2.7.3 ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് ചെയ്യൽ

**(2011 ലെ വസ്തുനികുതി ചട്ടങ്ങൾ ചട്ടം 21)**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | 45 ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ (5 രൂപ കോർട്ട് ഫീ സഹിതം) - അനുബന്ധം 30<br>(ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം അപേക്ഷ നൽകണം ) |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | - | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി |
| VIII | റിവിഷൻ | - | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

നികുതി ഇളവ് ലഭിക്കുന്നതിന് കെട്ടിട ഉടമ അപേക്ഷ നൽകിയ തിയതി മുതലോ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടന്ന തിയതി മുതലോ ഏതാണ് ഒടുവിൽ ആ തിയതി മുതൽ ചട്ടം 21ന് വിധേയമായി ഒരർദ്ധവർഷത്തിൽ വാർഷിക വസ്തു നികുതിയുടെ പകുതിയിൽ കവിയാത്ത തുക (അർദ്ധവർഷത്തെ മുഴുവൻ നികുതി) ഒഴിഞ്ഞു കിട ക്കുന്ന കാലത്തിന് ആനുപാതികമായി ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്.

## 2.7 വസ്തുനികുതി

### 2.7.4 നികുതിയിന്മേലുള്ള അപ്പീൽ (2011 ലെ വസ്തുനികുതി ചട്ടങ്ങൾ ചട്ടം 16, 1996 ലെ നികുതി നിർണ്ണയവും അപ്പീലും ചട്ടങ്ങൾ))

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം |
| III. | അധികാര സ്ഥാനം | - | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം) - അനുബന്ധം 31.<br>2. നികുതി അടച്ച രശീതിയുടെ പകർപ്പ് |
| V. | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനത്തിന്മേലുള്ള റിവിഷൻ | - | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. അപ്പീൽ നൽകുന്ന അർദ്ധ വർഷാവസാനം വരെയുള്ള നികുതി അടച്ച ശേഷം മാത്രമേ അപ്പീലുകൾ പരിഗണിക്കുകയുള്ളു.
2. ഡിമാന്റ് നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കണം. മതിയായ കാരണമുണ്ടെങ്കിൽ കാലതാമസം മാപ്പാക്കാം.
3. അപ്പീൽ തീർപ്പാക്കുന്നതിന് മുമ്പായി പരാതിക്കാരനെ നേരിൽ കേൾക്കണം.
4. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം ഉത്തരവായി നൽകേണ്ടത് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുവേണ്ടി സെക്രട്ടറിയാണ്.

# 2.7 വസ്തു നികുതി

## 2.7.5. കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ

**(2011 ലെ വസ്തുനികുതി ചട്ടങ്ങൾ ചട്ടം 22,23 )**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | 45 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ പതിച്ച് കെട്ടിട ഉടമയുടേയും മുൻഉടമയുടേയും സംയുക്തമായി തയ്യാറാക്കിയ അപേക്ഷകൾ - അനുബന്ധം 33<br>(ഒരാൾ മാത്രം അപേക്ഷിക്കുന്ന സംഗതിയിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് 30 ദിവസം സമയം നൽകി നോട്ടീസ് നൽകണം.(ചട്ടം 23 എ2) )<br>2. ആധാരത്തിന്റെ പകർപ്പും അസ്സലും<br>3. കോടതി വിധിയോ ലേല പ്രകാരമോ ഉള്ള വില്പനയിൽ ടി ഉത്തരവുകളുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)(ചട്ടം 23 ബി )<br>4. കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പിൻതുടർച്ചാ അവകാശം സംബന്ധിച്ച് ആവശ്യമായ രേഖകൾ (ചട്ടം 22 (iii ) |
| V. | അടക്കേണ്ട ഫീസ് | – | ഇല്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | – | സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | – | 30 ദിവസത്തിനകം പഞ്ചായത്ത് ഭരണ സമിതിക്ക് |

**കുറിപ്പ്:**

1. കെട്ടിട കൈമാറ്റം രേഖപ്പെടുത്തുന്നതിന് അപേക്ഷ ലഭിക്കുമ്പോൾ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥൻ കൈമാറ്റരേഖയിലെ കക്ഷി അല്ലാതെ വരുന്ന സംഗതികളിൽ അപേക്ഷനൽകിയ കക്ഷികൾക്ക് പുറമെ രജിസ്റ്ററിൽ കാണുന്ന വ്യക്തിക്കും കൂടി നോട്ടീസ് നൽകി സെക്രട്ടറിക്ക് തീരുമാനം എടുക്കാവുന്നതാണ് (ചട്ടം 23 (11))
2. യഥാർത്ഥ കൈവശവും പരിഗണിക്കേണ്ടതുണ്ട്.
3. വസ്തു കൈമാറ്റം ചെയ്ത സംഗതിയിൽ 3 മാസത്തിനകവും, പിൻതുടർച്ചാവകാശ പ്രകാരം ഉള്ള സംഗതികളിൽ വസ്തുവിന്റെ ഉടമ മരണപ്പെട്ട് 1 വർഷത്തിനകവും ഉടമസ്ഥാവകാശ കൈമാറ്റം പഞ്ചായത്തിൽ അറിയിക്കണം. വീഴ്ച്ച വരുത്തിയാൽ പരമാവധി 500 ക. വരെ പിഴ ചുമത്തുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ട്. [ചട്ടം 22(5)]

## 2.8 സർട്ടിഫിക്കറ്റുകൾ

### 2.8.1 വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | പൗരാവകാശ രേഖയിൽ നിശ്ചയിച്ച പ്രകാരം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ- അനുബന്ധം 32 |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | - | പഞ്ചായത്ത് ഭരണ സമിതി |

കുറിപ്പ്:

1. പദ്ധതി ധനസഹായം സംബന്ധിച്ച അപേക്ഷകളിന്മേൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കും സർട്ടിഫിക്കറ്റ് നൽകാം.

## 2.8 സർട്ടിഫിക്കറ്റുകൾ

### 2.8.2 ഉടമസ്ഥാവകാശം/താമസ സർട്ടിഫിക്കറ്റുകൾ നൽകൽ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | താമസ സർട്ടിഫിക്കറ്റിന് 7 പ്രവൃത്തി ദിവസം<br>ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് 3 പ്രവൃത്തി ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 34<br>2. അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മത പത്രം/രണ്ടുപേരും കൂടി ഒപ്പുവെച്ച വാടക കരാർ |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അന്വേഷണ ഉദ്യോഗസ്ഥർ | - | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | - | പഞ്ചായത്ത് ഭരണ സമിതി |

കുറിപ്പ്:

1. കൈവശം/താമസം സംബന്ധിച്ച് സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കണം.
2. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് 8-7-2011 ലെ 1557/ഇ.എം1/2010/ത.സ്വ.ഭ.വ. സർക്കുലറിലെ നിബന്ധനകൾ പാലിക്കണം. സർട്ടിഫിക്കറ്റ് അതിൽ പറഞ്ഞ മാതൃകയിൽ ആയിരിക്കണം. മാതൃക അനുബന്ധം 35 ആയി ചേർത്തിട്ടുണ്ട്.
3. കെ.പി.ബി.ആർ ചട്ടം ലംഘിച്ച് 1500 ച. അടി വരെ നിർമ്മിച്ച വ്യക്തിഗത വാസഗൃഹങ്ങൾക്ക് UA നമ്പർ നൽകി താമസ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്. ജി.ഒ.(എം.എസ്)170/ 2016/തസ്വഭവ തീയതി 16.11.2016 ആന്റ് ജി.ഒ.(എം.എസ്) 174/2016/തസ്വഭവ തീയതി 23.11.2016 )

## 2.8 സർട്ടിഫിക്കറ്റുകൾ

### 2.8.3 നികുതി രഹിത കെട്ടിടം എന്ന സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II | സമയപരിധി | - | പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖ പ്രകാരം |
| III | ഉദ്യോഗസ്ഥൻ | - | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| IV | സമർപ്പിക്കേണ്ട രേഖകൾ: | - | വാർഡ് നമ്പറും കെട്ടിട മ്പറും വ്യക്തമാക്കി കൊണ്ടുള്ള അപേക്ഷ ( 5 രൂപ കോർട്ട് ഫീ സ്റ്റാൻഫ് പതിക്കണം) മാതൃകയ്ക്ക് അനുബന്ധം 42 കാണുക. |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI. | അപ്പീൽ അധികാരി | - | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |

## 2.8 സർട്ടിഫിക്കറ്റുകൾ

### 2.8.4 കെട്ടിടത്തിന്റെ ഏജ് സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| III | സമയപരിധി | - | പൗരാവകാശരേഖ പ്രകാരം നിശ്ചയിച്ച സമയം |
| III | ഉദ്യോഗസ്ഥൻ | - | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| IV | സമർപ്പിക്കേണ്ട രേഖകൾ: | - | 1. വാർഡ് നമ്പറും കെട്ടിട നമ്പറും വ്യക്തമാക്കികൊണ്ട് വെള്ള കടലാസ്സിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) മാതൃക അനുബന്ധം 41 കാണുക.<br>2. നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് അടച്ച രശീതി<br>3. നികുതി നിശ്ചയിച്ചതു സംബന്ധിച്ച മുൻകാല രേഖകൾ ഉണ്ടെങ്കിൽ അവ |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI. | അപ്പീൽ അധികാരി | - | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |

## 2.9 D& O ലൈസൻസ്

### 2.9.1 ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവയുടെ ഇൻസ്റ്റാലേഷൻ പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി

**( കെ.പി.ആർ ആക്ട് സെക്ഷൻ 233, 234, 236, 237. 1996 ലെ ചട്ടങ്ങൾ)**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | – | മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമില്ലാത്ത സംഗതികളിലും അപേക്ഷകൻ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സംഗതികളിലും – 30 ദിവസം (ചട്ടം 12 (3))<br>മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതികളിൽ അപേക്ഷ ലഭിച്ച തീയതി മുതൽ 60 ദിവസം (കെ.പി.ആർ. വകുപ്പ് 233) |
| III. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്<br>3. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ അപേക്ഷകന് നിശ്ചിത സ്ഥലത്ത് നിർമ്മാണത്തിനും ഉപയോഗത്തിനും അനുവദിച്ച് കൊണ്ടുള്ള സ്ഥല ഉടമയുമായുള്ള കരാറിന്റെ പകർപ്പ്<br>4. 1948 ലെ ഫാക്ടറീസ് ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫാക്ടറി ഇൻസ്പെക്ടറുടേയോ അല്ലെങ്കിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടേയോ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിപ്പോർട്ട്.( കെ.പി.ആർ. ആക്ട് 233 ൽ 4 എ))<br>5. ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്. (മലിനീകരണത്തിന് സാധ്യതയുള്ള പട്ടിക V പ്രകാരമുള്ള സംഗതികളിലും 25 കുതിരശക്തിയിൽ കൂടുതൽ കണക്ടറ്റഡ് ലോഡ് വരുന്ന എല്ലാ സംഗതികളിലും) എന്നാൽ ഏതൊരു കാര്യത്തിലും മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ നൽകുന്ന റിപ്പോർട്ട് ഹാജരാക്കുന്ന/ലഭിക്കുന്ന സംഗതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്.) ( കെ.പി. ആർ. ആക്ട് 233 ൽ 4 ബി)<br>6. തീപിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ( കെ.പി.ആർ. ആക്ട് 233 ൽ 4 സി)<br>7. കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള അപേക്ഷ.<br>8. 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (100 മീറ്റർ റേഡിയസിലുള്ള ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താമസസ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തിയിരിക്കണം. എന്നാൽ ഇവരിൽ നിന്ന് എൻ.ഒ.സി ആവശ്യമില്ല)<br>9. എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവയ്ക്ക് ജില്ലാ കളക്ടറുടെ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുവാദ പത്രം. |

| | | | |
|---|---|---|---|
| IV. | അടക്കേണ്ട ഫീസ് (സ്ഥാപിക്കുന്നതിനുള്ള ഫീസ്) | - | ഡി ആന്റ് ഒ ചട്ടത്തിലെ പട്ടിക III,IV പ്രകാരം |
| V | അനുവാദം നൽകേണ്ടത് | - | ഭരണസമിതി |
| VI | അപ്പീൽ അധികാരി | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ (ഗ്രീൻ ചാനലിനുള്ള അപ്പീൽ അധികാരം റദ്ദാക്കി. എസ്.ആർ.ഒ നം. 506/2012(സ.ഉ.(അ)), 184/2012/തസ്വഭവ തീയതി 2.7.2012) |

**കുറിപ്പ്:**

1. മലിനീകരണം ഉണ്ടാകുവാൻ സാദ്ധ്യതയുള്ള എല്ലാ വ്യവസായങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ സർക്കാരിന്റെ വ്യവസായ വകുപ്പോ മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ പഞ്ചായത്ത് അനുമതി നൽകാവൂ. എന്നാൽ മലിനീകരണ മുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും, 5HP യിൽ കുറവ് ശേഷിയുള്ളതുമായ യന്ത്രങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് അനുവാദം നൽകാവുന്നതാണ്. ഇതിന് നിശ്ചിത ഫീസ് അടച്ച് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. ( കെ.പി.ആർ. ആക്ട് 233 ബി (എച്ച്))
2. സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റിലെയോ വ്യവസായ വികസന പ്രദേശത്തേയോ വ്യവസായ വികസന വളർച്ച കേന്ദ്രത്തിലേയോ വ്യവസായ യൂണിറ്റുകൾക്ക് അനുമതി ആവശ്യമില്ല. എന്നാൽ നിശ്ചിത ഫീസടച്ച് രജിസ്റ്റർ ചെയ്യണം. ( കെ.പി.ആർ. ആക്ട് 233 ബി (ഐ))
3. മരാധിഷ്ടിത വ്യവസായങ്ങൾക്ക് വനം വകുപ്പിൽ നിന്നുള്ള ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളതിനാൽ എൻ.ഒ.സി. ആവശ്യമില്ല. എന്നാൽ വനാതിർത്തിയിൽ നിന്ന് 5 കി. മീറ്റർ റേഡിയസ്സിനുള്ളിൽ ( 30.10.2002 നോ അതിനു മുമ്പോ ഉള്ളവ ഒഴിച്ച്) തടിമില്ല്, മരാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകാൻ പാടില്ല (സ.ഉ.സ. 540/2013/തസ്വഭവ തീയതി 2.3.13))
4. ഡി & ഒ ലൈസൻസ് നൽകുമ്പോൾ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്ത സംഗതികളിൽ ഇതര വകുപ്പ്/ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതി എടുത്തിരിക്കണമെന്നൊരു നിബന്ധന ഉൾപ്പെടുത്തേണ്ടതാണ്.
5. SEZ ൽ ഉള്ള യൂണിറ്റുകൾക്ക് ഡി & ഒ നിയമങ്ങൾ ബാധകമല്ല.
6. ശരിയായ രീതിയിൽ അപേക്ഷ സമർപ്പിച്ചിട്ടും നിശ്ചിത സമയത്തിനകം തീർപ്പ് അറിയിക്കാത്ത പക്ഷം ലൈസൻസ് യഥാവിധി നൽകിയതായി കണക്കാക്കുന്നതാണ്. ( ചട്ടം 12 ബി (3 സി))
7. 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡവലപ്പെന്റമെന്റ് ആക്ട് പ്രാകരം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥാലങ്ങളിൽ ബിൽഡിംഗ് പെർമിറ്റും, ഡി & ഒ ലൈസൻസും ആവശ്യമില്ല. കൂടാതെ 2014 ലെ 34-ാം ഭേദഗതി ആക്ട് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥാലങ്ങളിൽ കേരള.പഞ്ചായത്ത്രാജ് ആക്ടിലെ 19ാം അദ്ധ്യായത്തിന് മാത്രമെ വ്യാപ്തിയുള്ളൂ.
8. 233-ാം വകുപ്പ് പ്രകാരം ഇൻസ്റ്റലേഷന് അനുമതി ലഭിച്ച് പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങൾ വർഷം തോറും 232-ാം വകുപ്പ് പ്രകാരമുള്ള ഡി&ഒ ലൈസൻസ് എടുക്കേണ്ടതാണ്. (ചട്ടം 18)

# 2.9 D& O ലൈസൻസ്

## 2.9.2 വ്യാപാര - വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ്

**( കെ.പി.ആർ ആക്ട് സെക്ഷൻ 232, 1996 ലെ ചട്ടങ്ങൾ)**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | - | 30 ദിവസം |
| III | ഉദ്യോഗസ്ഥൻ | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (അപേക്ഷാ ഫാറത്തിന്റെ മാതൃക അനുബന്ധം 36)<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പ് അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ കൈവശം നൽകികൊണ്ടുള്ള സ്ഥല ഉടമയുടെ പക്കൽ നിന്നുള്ള രേഖ |
| V. | അടക്കേണ്ട ഫീസ് | - | പട്ടിക I ലെ വ്യാപാരങ്ങൾക്ക് പട്ടിക II പ്രകാരവും യന്ത്ര സാമഗ്രികൾക്ക് പട്ടിക III, IV പ്രകാരവും **(ചട്ടം 17,18,20,21)** (പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് - വേസ്റ്റ് മാനേജ്മെന്റ് ചാർജ്ജ് കുറിപ്പ് 14 കാണുക) |
| VI | അപ്പീൽ അധികാരി | - | ഭരണ സമിതി |
| VII | റിവിഷൻ | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. പുതുതായി വ്യാപാരം തുടങ്ങുന്നതിനോ നിലവിലുള്ളവ പുതുക്കുന്നതിനോ 30 ദിവസത്തിനു മുമ്പും 90 ദിവസത്തിലധികരിക്കാതെയും അപേക്ഷ സമർപ്പിക്കേണ്ടതാണ്. ( കെ.പി.ആർ ആക്ട് സെക്ഷൻ 236 (1) സി, ചട്ടം 10 )
2. വൈകി കിട്ടുന്ന അപേക്ഷകളിൽ യന്ത്ര സാമഗ്രികളുടെ ലൈസൻസ് പുതുക്കുന്നതിന് 25% അധിക ഫീസ് വാങ്ങേണ്ടതാണ്.( ചട്ടം 19, 22) ഷെഡ്യൂൾ ഒന്ന് പ്രകാരമുള്ള ഇനങ്ങൾക്ക് അധിക ഫീസ് ഈടാക്കേണ്ടതില്ല. എന്നാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്തീ രാജ് ആക്ട് സെക്ഷൻ 255, ഡി & ഒ റൂൾസ് ചട്ടം 26 പ്രകാരം പിഴ ഈടാക്കാവുന്നതാണ്. കൂടാതെ K.P.R. ആക്ട് പട്ടിക VI, VII പ്രകാരവും പിഴ ചുമത്താം.
3. 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും പുകയില ഉൽപ്പന്നങ്ങളും ഉപയോഗിക്കുകയോ വിൽപന നടത്തുകയോ പ്രദർശനം നടത്തുകയോ സ്റ്റോക്ക് ചെയ്യുകയോ ചെയ്യുന്നതല്ലെന്നുള്ള സത്യവാങ്മൂലം (അനുബന്ധം 36 കാണുക) അപേക്ഷകൻ സമർപ്പിക്കണം.
4. ഇൻസ്റ്റലേഷൻ അനുമതി നൽകിയിട്ടുള്ള സംഗതികളിൽ അത് പ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുള്ളതായി അന്വേഷിച്ച് ഉറപ്പാക്കണം.
5. വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യുപെൻസി ഉറപ്പാക്കേണ്ടതാണ്
6. ക്രഷറുകളുടെ കാര്യത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
7. സ്ഥലനാമം രേഖപ്പെടുത്തികൊണ്ടുള്ള നിബന്ധന ഉറപ്പാക്കണം.
8. പഞ്ചായത്തിലേക്ക് ഏതെങ്കിലും തരത്തിലുള്ള കുടിശിക ഉണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാവുന്നതല്ല (സെക്ഷൻ 236 (13))

9. വ്യാപാര സ്ഥാപനങ്ങളുടെ കാര്യത്തിൽ ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റേയും സ്ഥലത്തിന്റെയും അനുയോജ്യത മാത്രം ഉറപ്പാക്കിയാൽ മതി. വ്യാപാര സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കണമെന്ന് നിർബന്ധിക്കുവാൻ പാടില്ല. ( കെ.പി.ആർ ആക്ട് സെക്ഷൻ 232). എന്നാൽ വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്ന സംഗതികളിൽ പെർമിഷൻ നൽകിയ പ്രകാരമുള്ള എല്ലാ പ്രവർത്തികളും നിബന്ധനകളും പൂർത്തിയാക്കിയതായി സെക്രട്ടറി ഉറപ്പാക്കണം.
10. വകുപ്പ് 232, 233 എന്നിവയിലേയും ''ഡി ആന്റ് ഒ''ചട്ടങ്ങളിലേയും വ്യവസ്ഥകളാണ് ക്രഷറുകൾക്ക് അനുമതി/ലൈസൻസ് നൽകുന്നതിന് ബാധകമായിട്ടുള്ളത്.
11. സോഡ നിർമ്മാണം, മിനറൽ വാട്ടർ നിർമ്മാണ/വിതരണ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പായി പൊല്യൂഷൻ കൺട്രോൾ ബോർഡ്, വാട്ടർ അതോറിറ്റി/സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും ശുദ്ധജലമാണെന്ന് ഉറപ്പു വരുത്തുന്നതിനുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവ ഉറപ്പാക്കണം.
12. അനധികൃത കെട്ടിടങ്ങളിൽ വ്യാപാരങ്ങൾക്കോ വ്യവസായങ്ങൾക്കോ ലൈസൻസ് നൽകാവുന്നതല്ല.
13. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടമനുസരിച്ച് പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിർമ്മിക്കുകയോ സംഭരിച്ച് വെക്കുകയോ വിതരണം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് പ്രതിമാസം ചുരുങ്ങിയത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് ഏറ്റവും കുറഞ്ഞത് 48000 രൂപ വേസ്റ്റ് മാനേജ്മെന്റ് ചാർജ്ജ് ആയി ഈടാക്കേണ്ടതാണ്. (സർക്കുലർ നമ്പർ 576/ഡി.ഡി.1/2016/തസ്വഭവ തീയതി 24.9.2016)
14. ഡി.ആന്റ്.ഒ ലൈസൻസിൽ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ സൗജന്യമായി നൽകാൻ പാടില്ല എന്ന നിബന്ധന കൂടി എഴുതി ചേർക്കണം
15. മറ്റ് നിയമങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും (അബ്കാരി നിയമങ്ങളിലേയും ചട്ടങ്ങളിലേയും ദൂരപരിധി വ്യവസ്ഥകൾക്ക് വിധേയം) ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ് മുൻ അനുവാദത്തോടെയും അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമല്ലാതെയും അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുവാൻ പാടില്ല.
16. പുകയില ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് വിദ്യാഭ്യാസ, ആരാധന സ്ഥാപനങ്ങളുടെ 90 വാര പരിധിക്കുള്ളിൽ ലൈസൻസ് നല്കാവുന്നതല്ല
17. ലൈസൻസ് നല്കുന്നതിന് മുമ്പ് എല്ലാ വ്യാപാരസ്ഥാപനങ്ങളും ഉറവിടത്തിൽ തന്നെ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി ഉറപ്പാക്കണം.

# 2.9 D& O ലൈസൻസ്

## 2.9.3 ക്വാറികൾക്കുള്ള ലൈസൻസുകൾ ( കെ.പി.ആർ ആക്ട് സെക്ഷൻ 232)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | - | 30 ദിവസം |
| III | ഉദ്യോഗസ്ഥൻ | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>2. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>3. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ<br>4. സ്വകാര്യ ഭൂമി ആണെങ്കിൽ റെവന്യൂ വകുപ്പിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്. റെവന്യൂ ഭൂമിയാണെങ്കിൽ റെവന്യൂ വകുപ്പിന്റെ കെ.എൽ.സി. ആക്ട് പ്രകാരമുള്ള അനുമതി<br>5. റെവന്യൂ വകുപ്പിൽ നിന്നൊ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് പക്കൽ നിന്ന് ലഭിച്ച അനുമതി (ബാധകമായവയക്ക് മാത്രം)<br>6. പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് ( ബാധകമായവയ്ക്ക് മാത്രം)<br>7. മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അനുമതി<br>8. ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും<br>9. സ്റ്റേറ്റ് എൻവയേൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റി യുടെ അനുമതി *<br>10. കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ (ആവശ്യമെങ്കിൽ) |
| V. | അടക്കേണ്ട ഫീസ് | - | പട്ടിക II പ്രകാരം |
| VI | അപ്പീൽ അധികാരി | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. 15.3.2010 ലെ നമ്പർ 78327/ആർ സി 3/09/ തസ്വഭവ സർക്കുലർ അനുസരിച്ച് ലൈസൻസ് നൽകുന്നതിനു മുമ്പ് പഞ്ചായത്തിന്റ അനുമതി വാങ്ങിയിരിക്കണം.
2. മറ്റു വകുപ്പുകളിൽ നിന്ന് ലഭിക്കേണ്ട ലൈസൻസ്/എൻ.ഒ.സി ക്ക് അപേക്ഷകന് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. (സർക്കുലർ നമ്പർ 78327/ആർസി3/09/തസ്വഭവ തീയതി 15.3.2010)
3. കെ.പി.ആർ വകുപ്പ് 220 ഡി യിലെ വ്യവസ്ഥകൾ പാലിച്ചിരിക്കണം.
4 5 ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറിയിംഗ് നടത്തുന്നതിന് സ്റ്റേറ്റ് എൻവയേൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റി (കേരള സെക്രട്ടേറിയറ്റ് ആസ്ഥാനം)യിൽ നിന്നുള്ള അനുമതിയും പ്രസ്തുത പരിധിക്ക് മുകളിൽ വരുന്ന സംഗതികളിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും വാങ്ങണം. (ജി.ഒ(എം.എസ്) നം. 02/14/Envt dated 21.2.2014)

5. താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾ, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവയ്ക്ക് 300 ച.മീ. പ്ലിന്ത് ഏരിയയിൽ കൂടാതെ ബിൽഡിംഗ് പെർമിറ്റ് നൽകിയവയ്ക്ക് സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് പെർമിറ്റ് ആവശ്യമില്ല. എന്നാൽ 300 സ്ക്വയർ മീറ്ററിൽ കൂടുതൽ വരുന്ന സംഗതികളിലും ട്രാൻസ്പോർട്ടേഷൻ വേണ്ടി വരുന്ന സംഗതികളിലും ജിയോളജി ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള മിനറൽ ട്രാൻസിറ്റ് പാസ് ആവശ്യ മാണ്.
6. വീടുപണിയുന്നതിനുവേണ്ടി ടി സ്ഥലത്തുള്ള വെട്ടുകല്ല് വെട്ടിയെടുക്കലിന് പരിസ്ഥിതി അനുമതിയൊ മൈനിംഗ് പ്ലാൻ അംഗീകാരമൊ ആവശ്യമില്ല. (ചട്ടം.9.കേരളമൈനർ മിനറൽ കൺസഷൻ റൂൾ 2015)

## 2.9 D& O ലൈസൻസ്

### 2.9.4 ലൈവ് സ്റ്റോക്ക് ഫാം തുടങ്ങുന്നതിന് മുമ്പുള്ള സ്ഥാപന അനുമതി (2012 ലെ ചട്ടങ്ങൾ)

(കന്നുകാലി 5 ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, മുയൽ 25 ൽ കൂടുതൽ, പൗൾട്രി 100 ൽ കൂടുതൽ, പന്നി 5 ൽ കൂടുതൽ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | - | 30 ദിവസം |
| III. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. ഫാറം നമ്പർ ഒന്നിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 6)<br>2. ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ വിവരങ്ങൾ/എണ്ണം<br>3. സൈറ്റ് പ്ലാൻ, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിറ്റേഷൻ സൗകര്യം, സ്ഥലത്തിന്റെ വിസ്തീർണ്ണം, ഫാമിന്റെ അതിർത്തിയിൽ നിന്ന് 10 മീറ്റർ പരിധിയിൽ ജനവാസം സംബന്ധിച്ചുള്ള വിവരങ്ങൾ, മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം) |
| IV. | അടക്കേണ്ട ഫീസ് | - | ഇല്ല |
| V | അപ്പീൽ അധികാരി | - | ഗ്രാമപഞ്ചായത്ത് (60 ദിവസത്തിനകം) (ചട്ടം 13) |
| VI | റിവിഷൻ | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. സെക്രട്ടറിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം മലിനീകരണ നിയന്ത്രണ ബോർഡിന്റേയോ/ ജില്ലാ മെഡിക്കൽ ഓഫീസറുടേയോ റിപ്പോർട്ട് ആവശ്യപ്പെടാം. (ചട്ടം 6 (3 ii)
2. ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിന് 4 കിലോ മീറ്റർ ചുറ്റളവിൽ പൗൾട്രി ഫാം തുടങ്ങാൻ അനുമതി നൽകാവുന്നതല്ല.(ചട്ടം 3(4))
3. അപേക്ഷയിൽ സെക്രട്ടറി അനുമതി നൽകുകയോ അപേക്ഷ നിരസിക്കുകയോ ചെയ്ത് കൊണ്ട് തീരുമാനം എടുത്ത വിവരം ആദ്യം ചേരുന്ന ഭരണസമിതി യോഗത്തിൽ വെക്കേണ്ടതാണ്. (ചട്ടം 6(4))

# 2.9 D& O ലൈസൻസ്

## 2.9.4.1 ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് (2012 ലെ ചട്ടങ്ങൾ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | സെക്രട്ടറിക്ക് |
| II. | സമയപരിധി | – | 30 ദിവസം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. അനുമതി പത്രത്തിന്റെ പകർപ്പ്<br>2. ഫാറം 2 ൽ ഉള്ള നിശ്ചിത അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്) **ചട്ടം 7 (1)**<br>3. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ് |
| V. | അപേക്ഷാ ഫീസ് | – | പട്ടിക പ്രകാരമുള്ള ഫീസ് **ചട്ടം 7 (3)** |
| VI | അപ്പീൽ അധികാരി | – | ഗ്രാമപഞ്ചായത്ത് (60 ദിവസത്തിനകം) |
| VII | റിവിഷൻ | – | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. അനുമതി നൽകിയത് പ്രകാരമുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കിയതായി സെക്രട്ടറി അന്വേഷണം നടത്തി ഉറപ്പാക്കണം.
2. ഫോറം 3 ൽ ലൈസൻസ് നൽകണം (ചട്ടം 7 (2))
3. ലൈഫ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസിന് പുറമെ ഡി & ഒ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് വീണ്ടും എടുക്കേണ്ടതില്ല.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.1 സ്വകാര്യ ശ്മശാനം (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം) സ്ഥാപിക്കൽ / വിപുലീകരിക്കൽ എന്നിവക്ക് ലൈസൻസ് നൽകൽ ( 1998 ലെ ചട്ടങ്ങൾ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | - | പഞ്ചായത്ത് പരിഗണിക്കേണ്ടത് - 30 ദിവസം, ജില്ലാ മെഡിക്കൽ ഓഫീസർ - 30 ദിവസം, ജില്ലാ കളക്ടർ - 6 മാസം ( ചട്ടം 6 (5), 6 (6), 6 (9)) |
| III. | ലൈസൻസ് നൽകേണ്ടത് | - | ജില്ലാ കളക്ടർ |
| IV. | രജിസ്ട്രേഷൻ നടത്തേണ്ടത് | - | സെക്രട്ടറി ( ജില്ലാ കളക്ടറിൽ നിന്ന് ലൈസൻസ് ലഭിക്കുന്ന മുറക്ക്) |
| V. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (ഫോറം 1 ചട്ടം 6)<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>4. വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>5. 50 മീറ്റർ റേഡിയസിൽ വരുന്ന ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്ഥലത്തിന്റെ മാപ്പ്<br>6. ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ |
| VI. | അപേക്ഷ ഫീസ് | - | 1000 രൂപ ചട്ടം 6 (3) |

**കുറിപ്പ്:**

1. ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസുകളുടേയും 50 മീ. പരിധിക്കുള്ളിൽ അനുവദനീയമല്ല. എന്നാൽ പെട്രോളിയം/ഗ്യാസ്/വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ക്രിമേറ്റോറിയങ്ങളുടെയും കോൺക്രീറ്റ് കല്ലറകളുടേയും കാര്യത്തിൽ 25 മീറ്റർ മതിയാകുന്നതാണ്. ചട്ടം 5
2. കെട്ടിടനിർമ്മാണചട്ടം അനുസരിച്ച് ശ്മശാനം ഹസാർഡസ് വിഭാഗത്തിൽപ്പെടുന്നതിനാൽ കെ.പി.ബി.ആർ ചട്ടം 61 അനുസരിച്ചുള്ള നിബന്ധനകൾ പാലിക്കണം.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.2 സ്വകാര്യ മാർക്കറ്റുകൾക്കുള്ള പുതിയ ലൈസൻസുകൾ/ലൈസൻസുകൾ പുതുക്കൽ (കെ.പി.ആർ ആക്ട് സെക്ഷൻ 221 മുതൽ 224 വരെ– 1996 ലെ ചട്ടങ്ങൾ)

| | | |
|---|---|---|
| I. അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. സമയപരിധി | – | പൗരാവകാശ രേഖയിൽ നിശ്ചയിച്ച പ്രകാരം |
| III. അനുമതി നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് |
| IIIA ലൈസൻസ് നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| IV. സമർപ്പിക്കേണ്ട രേഖകൾ: | – | 1. II-ാം നമ്പർ ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ ( ചട്ടം 9)<br>2. സ്റ്റാളുകൾ, തുറസ്സായ സ്ഥലങ്ങൾ, പോക്കുവരവിനുള്ള വഴികൾ, അഴുക്കുചാലുകൾ, ശൗചാലയങ്ങൾ തുടങ്ങിയവയുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച്<br>3. ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലം പാട്ടത്തിന് കൊടുത്തതിന്റെ എഗ്രിമെന്റ്<br>4. പുതുതായി തുടങ്ങുന്ന സംഗതിയിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റിനുള്ള അപേക്ഷ<br>5. പുതുതായി തുടങ്ങുന്ന സംഗതിയിൽ പരസ്യം ചെയ്യുന്നതിനുള്ള ചെലവ് തുക പഞ്ചായത്തിൽ അടച്ചതിന്റെ രശീത്. ചട്ടം 9 (iv)<br>6. പുതുക്കുവാനാണെങ്കിൽ മൊത്തം ടേൺ ഓവറിന്റെ സ്റ്റേറ്റ്മെന്റ് ചട്ടം 9 (iii) |
| V. അടക്കേണ്ട ഫീസ് | – | • പുതിയത് തുടങ്ങുമ്പോൾ : പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് (വകുപ്പ് 232 (4) ചട്ടം (3))<br>• പുതുക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് (വകുപ്പ് 232 (4) ചട്ടം (3)) |
| VI. അപ്പീൽ അധികാരി | | • അന്തിചന്തക്ക് യാതൊരു ഫീസും ഈടാക്കുവാൻ പാടില്ല<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. കന്നുകാലി ചന്ത ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് മുമ്പ് ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ അഭിപ്രായം ആരായേണ്ടതാണ്.
2. പുതുക്കുന്ന സന്ദർഭങ്ങളിൽ IV ൽ 2 മുതൽ 5 വരെയുള്ള രേഖകൾ ആവശ്യമില്ല.
3. നിലവിലുള്ള സ്വകാര്യ മാർക്കറ്റോ പൊതു മാർക്കറ്റോ സ്ഥിതി ചെയ്യുന്നസ്ഥലത്തു നിന്നും 3 കിലോമീറ്ററിനുള്ളിൽ വരുന്ന സ്ഥലത്ത് അതേ പഞ്ചായത്തിൽ പുതിയ പൊതു മാർക്കറ്റോ സ്വകാര്യ മാർക്കറ്റോ അനുവദിക്കുന്നതല്ല. എന്നാൽ അന്തിചന്തയുടെ കാര്യത്തിൽ ദൂരപരിധി ഒന്നര കിലോമീറ്റർ മതിയാകുന്നതാണ്. ചട്ടം 25
4. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.3 സ്വകാര്യ കശാപ്പുശാലകളും ഇറച്ചിക്കടകളും തുടങ്ങുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസ് (കെ.പി.ആർ ആക്ട് സെക്ഷൻ 229 മുതൽ 231 വരെ– 1996 ലെ ചട്ടങ്ങൾ)

| | | |
|---|---|---|
| I. അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. സമയപരിധി | – | പൗരാവകാശ രേഖയിൽ നിശ്ചയിച്ച പ്രകാരം |
| III. അനുമതി നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് |
| IIIA .ലൈസൻസ് നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| IV. സമർപ്പിക്കേണ്ട രേഖകൾ: | – | 1. ഫാറം മൂന്നിലുള്ള അപേക്ഷ (ചട്ടം 32)<br>2. കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും (ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ കാണിച്ചിരിക്കണം)<br>3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം<br>4. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ<br>5. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമസ്ഥന്റെ സമ്മതപത്രം<br>6. 150 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വാസസ്ഥലങ്ങൾ, പൊതുനിരത്തുകൾ എന്നിവ കാണിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച്<br>7. കശാപ്പ് നടത്തുന്ന ആളുടെ ലൈസൻസിന്റെ പകർപ്പ് (ചട്ടം 6)<br>8. പരസ്യ ചെലവിനുള്ള തുക മുൻകൂറായി അടച്ചതിന്റെ രശീതി (ചട്ടം 32 (3) |
| V. അടക്കേണ്ട ഫീസ് | – | |
| അപേക്ഷാ ഫീസ് | – | *50 രൂപ (ചട്ടം 32)* |
| ലൈസൻസ് ഫീസ് - | | • പുതിയ കശാപ്പ്ശാല നടത്തുന്നതിന് – 300 രൂപ(കുറഞ്ഞത്) (ചട്ടം 35)<br>• നിലവിലുള്ളതിന് – മൊത്തം വരുമാനത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞത് – 500 രൂപ (ചട്ടം 35) |
| VI. അപ്പീൽ അധികാരി | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

കുറിപ്പ്:

1. വാസസ്ഥലത്തു നിന്നും 90 മീറ്റർ, ആശുപത്രി ആരാധനാലയങ്ങൾ, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 150 മീറ്റർ, പൊതു റോഡുകളിൽ നിന്ന് 30 മീറ്റർ എന്നിവയിൽ കുറഞ്ഞ ദൂര പരിധിയിൽ അനുവദനീയമല്ല. (ചട്ടം 5)
2. പന്നിയെ കശാപ്പ് ചെയ്യുന്നതിന് സാധാരണ കശാപ്പുശാലയിൽ നിന്നും 90 മീറ്റർ ദൂരപരിധി പാലിച്ചിരിക്കേണ്ടതാണ്. (ചട്ടം 4)
3. കശാപ്പുശാലയിൽ മാംസ വിൽപ്പന പാടില്ല. മാംസ വിൽപ്പനക്ക് ഡി ആന്റ് ഒ ട്രേഡ് നിയമങ്ങൾ അനുസരിച്ചുള്ള ലൈസൻസ് ആണ് എടുക്കേണ്ടത്. (ചട്ടം 11)
4. ലൈസൻസ് പുതുക്കുന്ന സാഹചര്യങ്ങളിൽ 'സമർപ്പിക്കേണ്ട രേഖകൾ IV'ൽ 2,4,5,6 എന്നീ നിബന്ധനകൾ ബാധകമല്ല
5. കെട്ടിടനിർമ്മാണചട്ടം അനുസരിച്ച് കശാപ്പ്ശാല ഹസാർഡസ് വിഭാഗത്തിൽപ്പെടുന്നതിനാൽ കെ.പി.ബി.ആർ ചട്ടം 61 അനുസരിച്ചുള്ള നിബന്ധനകൾ പാലിക്കണം.

# 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

## 2.10.4 സ്വകാര്യ വണ്ടിത്താവളങ്ങൾ, വാഹന സ്റ്റാന്റുകൾ എന്നിവയ്ക്കുള്ള ലൈസൻസ്

**(കെ.പി.ആർ ആക്ട് സെക്ഷൻ 227 മുതൽ 228 വരെ– 1995 ലെ ചട്ടങ്ങൾ)**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | – | പഞ്ചായത്ത് പരിഗണിക്കേണ്ടത് – 30 ദിവസം |
| III. | അനുമതി നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് |
| IV. | ലൈസൻസ് നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| V. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (അനുബന്ധം 37)<br>2. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലം അപേക്ഷകന് പാട്ടത്തിന് നൽകിയതിന്റെ എഗ്രിമെന്റ്<br>4. സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>5. പരസ്യം ചെയ്യുന്നതിനുള്ള ചാർജ് പഞ്ചായത്തിൽ അടച്ചതിന്റെ രശീത് ( ചട്ടം 22 (3)<br>6. വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>7. റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുമതി (ചട്ടം 23)<br>8. ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ |
| VI. | അടക്കേണ്ട ഫീസ് | – | 200 രൂപ (പുതിയവ തുടങ്ങുന്നതിനും പുതുക്കുന്നതിനും) കെ.പി.ആർ ആക്ട് സെക്ഷൻ 228 (5) |
| VII. | അപ്പീൽ അധികാരി | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

ലൈസൻസ് പുതുക്കുന്നതിന് 'സമർപ്പിക്കേണ്ട രേഖകൾ V' ൽ 2 മുതൽ 8 വരെയുള്ള നിബന്ധനകൾ ആവശ്യമില്ല

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.5 പി.പി.ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് ( 1963 ലെ പി.പി.ആർ ആക്ടും 1965 ലെ ചട്ടങ്ങളും)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | അപേക്ഷിക്കുന്നതിനുള്ള സമയപരിധി | – | പുതിയ ലൈസൻസിന് – പരമാവധി 21 ദിവസം **ചട്ടം 32**<br>അത്യാവശ്യഘട്ടത്തിൽ – 10 ദിവസം **ചട്ടം 32**<br>പുതുക്കുന്നതിന് : സ്ഥിരം ലൈസൻസ് – 21 ദിവസം,<br>താൽക്കാലിക ലൈസൻസ് – 7 ദിവസം **ചട്ടം 33** |
| III. | ലൈസൻസ് നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് (മാതൃകാ അനുബന്ധം 38)<br>2. സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും (സൈറ്റ് പ്ലാനും ബിൽഡിംഗ് പ്ലാനും)<br>3. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ<br>4. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രം |
| V. | അടക്കേണ്ട ഫീസ് | – | പി.പി.ആർ റൂൾസ് 1965 റൂൾസ് 28 പ്രകാരം |
| VI | അപ്പീൽ അധികാരി | – | ഗ്രാമപഞ്ചായത്ത് |
| VII | റിവിഷൻ | – | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. 50 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള സ്ഥലത്തിന്റെ ഉപയോഗത്തിന് ലൈസൻസ് ആവശ്യമില്ല. (പി.പി.ആർ. ആക്ടിലെ മൂന്നാം വകുപ്പ്)
2. പുതുക്കുന്നതിന് IVൽ 2 മുതൽ 5 വരെയുള്ള രേഖകൾ ആവശ്യമില്ല
3. ചട്ടത്തിന്റെ അനുബന്ധം 2 ലുള്ള ഫോറത്തിൽ ലൈസൻസ് നൽകേണ്ടതാണ്. ചട്ടം 31
4. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുയോജ്യത ഉറപ്പാക്കണം.
5. എല്ലാവിധത്തിലുള്ള സുരക്ഷാ ക്രമീകരണങ്ങളും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.6 സിനിമ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ നിർമ്മാണം തുടങ്ങുന്നതിന് മുമ്പുള്ള അനുതമി (1958 ലെ ആക്ടും 1988 ലെ ചട്ടങ്ങളും)

| | | |
|---|---|---|
| I. അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II.സമയപരിധിയും അധികാരസ്ഥാനവും | | 15 ദിവസത്തിനുള്ളിൽ വിവിധ ഉദ്യോഗസ്ഥർക്ക് അയക്കണം. 30 ദിവസത്തിനുള്ളിൽ അവരുടെ റിപ്പോർട്ട് ലഭിക്കണം. റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനമെടുക്കണം. ഒരാഴ്ചക്കകം അപേക്ഷകനെ അറിയിക്കണം. അനുമതി നൽകുന്നതിന് മുമ്പ് ലോക്കൽ അതോറിറ്റി(പഞ്ചായത്ത്) അംഗീകാരം വാങ്ങണം |
| III. സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 4, ഫോറം A)<br>2. 100 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവ അടയാളപ്പെടുത്തിയ സൈറ്റ് പ്ലാൻ<br>3. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>4. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രം<br>5. പി.ഡബ്ലി.യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നുള്ള സ്ട്രക്ചറൽ സൗണ്ട്നസ് സർട്ടിഫിക്കറ്റിന് വേണ്ട സ്ട്രക്ചറൽ ഡിസൈൻ രേഖ<br>6. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി ഇലക്ട്രിക്കൽ വയറിംഗ് പ്ലാൻ സംബന്ധിച്ച രേഖ<br>7. സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹെൽത്ത് ഓഫീസർക്ക് അയക്കേണ്ടതായ സാനിറ്റേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ പ്ലാൻ<br>8. നിശ്ചിത ഫീസ് അടച്ച രശീതി<br>9. എയർകണ്ടീഷൻ / ബഹുനില / മൾട്ടിപ്പിൾ തിയേറ്ററാണെങ്കിൽ ഫയർ ഓഫീസറുടെ സാക്ഷ്യപത്രത്തിന് ആവശ്യമായ രേഖകൾ |
| IV. അടയ്ക്കേണ്ട ഫീസ് | - | 1000 രൂപ (പെർമനന്റ്) - വാർഷികം 250 രൂപ (താൽക്കാലികം) (റൂൾ 19 (1)) |
| V അപ്പീൽ അധികാരി | - | ആർ.ഡി.ഒ. (വകുപ്പ് 7(2), എസ്.ആർ.ഒ. നമ്പർ 1157/78 തീയതി 12.12.78 |
| റിവിഷൻ അതോറിറ്റി | - | ജില്ലാ കളക്ടർ |

**കുറിപ്പ്:**

1. അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം. (റൂൾ 3)
2. പെർമിഷൻ ഫോറംബി യിൽ നൽകണം ചട്ടം(6) പെർമിഷൻ ഡ്യൂപ്ലിക്കേറ്റ് കോപ്പിക്ക് - 25 രൂപ (ചട്ടം 19 (3))

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.6.1 സിനിമാ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് (1958 ലെ ആക്ടും 1988 ലെ ചട്ടങ്ങളും)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | | ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും അടങ്ങിയ അപേക്ഷ ലഭിച്ച് 14 ദിവസത്തിനകം (ചട്ടം 14) |
| III. | ലൈസൻസ് നൽകേണ്ട ഉദ്യോഗസ്ഥൻ | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (അനുബന്ധം 39)<br>2. സ്ട്രക്ചറൽ സൗണ്ട്നസ് സർട്ടിഫിക്കറ്റ് (ഫോറം സി) (ചട്ടം 12 )<br>3. ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുമുള്ള ഫോറം ഡി യിലുള്ള സർട്ടിഫിക്കറ്റ്.<br>4. മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്<br>5. മൾട്ടിപ്പിൾ/ മൾട്ടി സ്റ്റോറി/എയർകണ്ടീഷന്റ് തീയേറ്ററുകളുടെ കാര്യത്തിൽ ഡിവിഷണൽ ഫയർ ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>6. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച ഓക്യുപെൻസി സർട്ടിഫിക്കറ്റ്<br>7. ഫിലിംസ് ഡിവിഷൻ സർട്ടിഫിക്കറ്റ് (ചട്ടം 13)<br>8. ഫീസടച്ച രശീതി |
| V. | അടക്കേണ്ട ഫീസ് | - | ഒരു വർഷത്തേക്ക് ലൈസൻസ് ഫീ- 1000 രൂപ |
| VI | അപ്പീൽ അധികാരി | - | ഭരണ സമിതി |

**കുറിപ്പ്:-**

1. ലൈസൻസ് ഫോറം ഇ യിൽ നൽകണം (ചട്ടം 14)
2. IV ൽ 2 മുതൽ 5 വരെയും 7ലെയും സർട്ടിഫിക്കറ്റുകളുടെ കാലാവധികളിൽ ഏതാണോ ഏറ്റവും കുറവ് ആ തിയതി വരെ മാത്രമെ ലൈസൻസ് അനുവദിക്കാവൂ. ഇപ്രകാരമുള്ള ലൈസൻസിന്റെ ഫീസ് വാർഷിക ലൈസൻസ് ഫീസിന്റെ ആനുപാതികമായി കണക്കാക്കിയാൽ മതി (ചട്ടം 20)
3. വിനോദനികുതി ഒഴിവുകൾ നൽകുന്നതിന് 18.2.2017 ലെ സർക്കുലർ നമ്പർ ആർ.സി 2/8/2017 തസ്വഭവ യിലെ നിബന്ധനകൾ ഉറപ്പാക്കണം.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.7 വിനോദ നികുതി നിശ്ചയിച്ചുകൊണ്ടുള്ള പെർമിറ്റ് (1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈയ്മെന്റ ടാക്സ് ആക്ടും 1962 ലെ ചട്ടങ്ങളും)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | സെക്രട്ടറിക്ക് |
| II. | സമയപരിധി | | ചുരുങ്ങിയത് 7 ദിവസം |
| III. | സമർപ്പിക്കേണ്ട രേഖകൾ: | - | ഫോറം 4 ൽ ഉള്ള അപേക്ഷ (ചട്ടം 6), സ്ഥലമുടമയുടെ അനുമതി (അപേക്ഷകൻ ഉടമസ്ഥനല്ലെങ്കിൽ) |
| IV. | പെർമിറ്റ് നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം സെക്രട്ടറി |
| V. | അടക്കേണ്ട ഫീസ് | - | ഇല്ല |
| VI | അപ്പീൽ അധികാരി | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. അമ്യൂസ്മെന്റ് പാർക്ക് നടത്തുന്നതിന് വിനോദ നികുതി നിയമത്തിലെ വകുപ്പ് 3 ബി പ്രകാരമുള്ള നിരക്കിൽ വിനോദ നികുതി അടക്കേണ്ടതാണ്.

2. വിനോദനികുതി ഒഴിവുകൾ നൽകുന്നതിന് 18.2.2017 ലെ സർക്കുലർ നമ്പർ ആർ.സി 2/8/2017 തസ്വഭവ യിലെ നിബന്ധനകൾ ഉറപ്പാക്കണം.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ (കെ.പി.ആർ ആക്ട് സെക്ഷൻ 265 മുതൽ 267 വരെ, 1999 ലെ ചട്ടങ്ങളും)

| | | |
|---|---|---|
| I. അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. സമയപരിധി | | 15 ദിവസം |
| III. ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 3, ഫോറം 2)<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മത പത്രം/എഗ്രിമെന്റിന്റെ പകർപ്പ് |
| V. അടക്കേണ്ട ഫീസ് | - | രജിസ്ട്രേഷൻ ഫീസ് - 200 രൂപ ( ചട്ടം 3 (2))<br>പുതുക്കുന്നതിന് - 50 രൂപ ( ചട്ടം 5 (1 )<br>ഡ്യൂപ്ലിക്കേറ്റിന് - 50 രൂപ ( ചട്ടം 3 (9 ) |
| VI അന്വേഷണ ഉദ്യോഗസ്ഥൻ | - | സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII അപ്പീൽ അധികാരി | - | ഭരണ സമിതി |
| VIII അപ്പീൽ റിവിഷൻ | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അന്വേഷിച്ച് സുരക്ഷ, ശുചിത്വം, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം, മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ ഉറപ്പാക്കിയിരിക്കണം.
2. രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനത്തിന് ഫോറം 3 ലുള്ള സർട്ടിഫിക്കറ്റ് നൽകണം ( ചട്ടം 3 (7))
3. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുയോജ്യത ഉറപ്പാക്കണം.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.9 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ (കെ.പി.ആർ ആക്ട് സെക്ഷൻ 269 മുതൽ 271 വരെ, 1997 ലെ ചട്ടങ്ങളും)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | | 15 ദിവസം (ചട്ടം 3) |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| V. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ (ചട്ടം 3 ഫോറം 1)<br>2. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>3. അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മത പത്രം<br>4. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ആവശ്യമായ സംഗതികളിൽ ഓക്യുപെൻസി സർട്ടിഫിക്കറ്റ് |
| V. | അടക്കേണ്ട ഫീസ് | - | രജിസ്ട്രേഷൻ ഫീ – 200 രൂപ (ചട്ടം 3 (2)) |
| | | | പുതുക്കുന്നതിന് – 50 രൂപ(ചട്ടം 5 (1)) |
| VI | അന്വേഷണ ഉദ്യോഗസ്ഥൻ | - | സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |
| VII | അപ്പീൽ അധികാരി | - | പഞ്ചായത്ത് ഭരണ സമിതി |
| VIII | റിവിഷൻ | - | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. ശുചിത്വം, സുരക്ഷിതത്വം, മാലിന്യ സംസ്ക്കരണത്തിനുള്ള ഉപാധികൾ, മറ്റ് കാര്യങ്ങളിലെ നിജസ്ഥിതി എന്നിവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തി രേഖപ്പെടുത്തേണ്ടതാണ്.
2. രജിസ്ട്രേഷനു പുറമെ ഡി & ഒ അനുസരിച്ചുള്ള ലൈസൻസും കൂടെ എടുത്തിരിക്കേണ്ടതാണ്.
3. രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങളുടെ പേരിൽ 5000 രൂപ വരെ പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.
4. പഞ്ചായത്ത് നൽകുന്ന പ്രത്യേക സേവനങ്ങൾക്ക് 1000 രൂപയിൽ കവിയാത്ത തുക ഫീസായി ഈടാക്കാവുന്നതാണ്.
5. രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനത്തിന് ഫോറം 3 ലുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ചട്ടം 3 (7))
6. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം. 9.12.2012 ലെ 47724/ഡി.സി1/11/എൽഎസ്ജിഡി നമ്പർ സർക്കുലർ
7. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുയോജ്യത ഉറപ്പാക്കണം.

## 2.10 മറ്റ് ലൈസൻസുകൾ/അനുമതികൾ

### 2.10.10 പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ (1998 ലെ ചട്ടങ്ങൾ)

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | | 30 ദിവസം (ലൈസൻസ് പുതുക്കുന്ന സംഗതിയിൽ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ്) |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. അപേക്ഷ (5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം. അപേക്ഷയിൽ പ്രായം, നിറം, ഇനം മുതലായവ കാണിച്ചിരിക്കണം.)<br>2. പേപ്പട്ടി വിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുണ്ടെന്നുള്ള മൃഗഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് |
| V. | അടക്കേണ്ട ഫീസ് | – | 10 രൂപ |
| VI | അപ്പീൽ അധികാരി | – | പഞ്ചായത്ത് ഭരണ സമിതി |

**കുറിപ്പ്:**

1. ലൈസൻസ് അനുവദിക്കപ്പെട്ട പട്ടിയെ തന്റെ സ്ഥലത്തിന്റെ പരിസരത്തല്ലാതെ അലഞ്ഞുതിരിയുവാൻ അനുവദിക്കാൻ പാടില്ലാത്തതാണ്. (ചട്ടം 4 (5))
2. ലൈസൻസ് നൽകുന്നതോടൊപ്പം അതിന്റെ സൂചനക്കായി മൃഗത്തിന്റെ കഴുത്തിൽ കെട്ടി സൂക്ഷിക്കുന്നതിന് മുദ്രണം ചെയ്ത ഒരു മെറ്റൽ ടോക്കൺ കൂടി പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്. (ചട്ടം 4 (4))
3. ലൈസൻസിന്റെ കാലാവധി സാമ്പത്തിക വർഷം അവസാനം വരെ ആയിരിക്കുന്നതാണ്.
4. പന്നി ഫാം നടത്തുന്നതിന് 2012 ലെ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള ഒരാൾ 1988 ലെ പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പന്നികൾക്ക് പ്രത്യേകം ലൈസൻസ് എടുക്കേണ്ടതില്ല.

## 2.11 സർട്ടിഫിക്കറ്റുകൾ

### 2.11.1 ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതാണെന്നുള്ള സർട്ടിഫിക്കറ്റുകൾ നൽകൽ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | – | പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ പൗരാവകാശരേഖ പ്രകാരം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | ബി.പി.എൽ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ (വാർഡ് നമ്പറും വീട്ടു നമ്പറും ഉൾപ്പെടുത്തിയിരിക്കണം) |
| V. | അർഹത നിബന്ധനകൾ | – | അംഗീകരിച്ച ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം. |
| VI. | ഏതെല്ലാം ആവശ്യങ്ങൾക്ക് | – | 1. ചികിത്സാ സഹായത്തിന്<br>2. സപ്ലൈ ഓഫീസിൽ റേഷൻ ആവശ്യങ്ങൾക്ക് അപേക്ഷ നൽകുന്നതിന്<br>3. സ്കൂൾ കുട്ടികൾക്കുള്ള സ്കോളർഷിപ്പിന്<br>4. ഇലക്ട്രിസിറ്റി വകുപ്പിലേക്ക് വൈദ്യുതി കണക്ഷന്<br>5. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതിന്<br>6. നിയമാനുസൃതമായ മറ്റ് ആവശ്യങ്ങൾക്ക് |

**കുറിപ്പ്:**

ബി.പി.എൽ പട്ടികയിൽ നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബത്തിന് അവരുടെ അപേക്ഷ പരിശോധിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അർഹതാമാനദണ്ഡങ്ങൾ ഉറപ്പ് വരുത്തി ബി.പി.എൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സെക്രട്ടറിക്ക് അധികാരം നല്കിയിട്ടുണ്ട്.

(സ.ഉ (കൈ) 2867/16/തസ്വഭവ തീയതി 13.10.2016 )

## 2.11 മറ്റു സേവനങ്ങൾ

### 2.11.2. തൊഴിൽ കാർഡ് ലഭിക്കലും തൊഴിൽ നൽകലും

**(മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. )**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | | 15 ദിവസം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | ഹാജരാക്കേണ്ട രേഖകൾ | - | 1. വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ<br>2. റേഷൻകാർഡ്/സ്ഥിരതാമസം തെളിയിക്കുന്ന രേഖ<br>3. കുടുംബാംഗങ്ങളുടെ ഫോട്ടോകൾ |
| V. | അടക്കേണ്ട ഫീസ് | - | ആവശ്യമില്ല |
| VI | പരാതി സമർപ്പിക്കൽ | - | 1. പഞ്ചായത്ത്തല ഉപദേശക സമിതി<br>2. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ |
| VII | അപ്പീൽ അധികാരി | - | ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ (ജില്ലാ കളക്ടർ) |

## 2.11 മറ്റു സേവനങ്ങൾ

### 2.11.3 അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ (വകുപ്പ് 238 )

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് |
| II. | സമയപരിധി | – | നോട്ടീസ് നൽകൽ : പഞ്ചായത്ത് തീരുമാനം എടുത്താൽ ഉടൻ ബന്ധപ്പെട്ട സ്ഥലമുടമസ്ഥന് നോട്ടീസ് നൽകണം |
| III. | ഉദ്യോഗസ്ഥൻ | – | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | അപേക്ഷ വെള്ളക്കടലാസിൽ എഴുതി നൽകിയാൽ മതി |
| V. | അടക്കേണ്ട ഫീസ് | – | ആവശ്യമില്ല |
| VI | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | – | സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ |

**കുറിപ്പ്:**

1. സാധാരണ രീതിയിൽ ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് നൽകിയതിന് ശേഷമേ മുറിച്ച് നീക്കാൻ നടപടി എടുക്കാവൂ. അടിയന്തിര സാഹചര്യങ്ങളിൽ നോട്ടീസ് നൽകാതെ തന്നെ ഗ്രാമപഞ്ചായത്തിന് നേരിട്ട് മുറിച്ച് നീക്കാവുന്നതാണ്. ഇതിന്റെ ചെലവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കാവുന്നതാണ്.
2. അപേക്ഷ കിട്ടിയാൽ എത്രയും പെട്ടെന്ന് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് പഞ്ചായത്ത് യോഗത്തിൽ അജണ്ടയായി സമർപ്പിച്ച് തീരുമാനം വാങ്ങണം.
3. സെക്രട്ടറിക്ക് നോട്ടീസ് കൂടാതെ പൊതുതെരുവിന്റെ അതിർത്തികളിൽ നിൽക്കുന്ന വേലി ഒതുക്കുകയോ കോതിക്കളയുകയോ കാഴ്ച തടസപ്പെടുത്തുകയോ നാശനഷ്ടം വരുത്തുകയോ ചെയ്യുന്ന വേലിയോ മരങ്ങളോ മുറിച്ച് കളയുകയോ വെട്ടി ഒതുക്കുകയോ ചെയ്യാവുന്നതാണ്.

## 2.11 മറ്റു സേവനങ്ങൾ

### 2.11.4 നിർദ്ധനവ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകൽ

**(കെ.പി.ആർ നിയമം 177, 2003 ലെ ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ)**

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് |
| II. | സമയപരിധി | - | പൗരാവകാശരേഖ പ്രകാരം |
| III. | ഉദ്യോഗസ്ഥൻ | - | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | - | വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ വെള്ളക്കടലാസിലെ അപേക്ഷ |
| V. | അർഹത നിബന്ധനകൾ | - | 1. പേമാരി വെള്ളപൊക്കം, പ്രകൃതിക്ഷോഭം, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവരായിരിക്കണം<br>2. പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർദ്ധനരുമായിരിക്കണം<br>3. മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിച്ച/ലഭിക്കാവുന്ന ധനസഹായത്തെപ്പറ്റി പരിഗണിക്കണം. |

**കുറിപ്പ്:**

1. പഞ്ചായത്തിന്റെ ഫണ്ടുകളിൽ നിന്നല്ലാതെ വേറിട്ട് പ്രത്യേകമായി ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണം (ചട്ടം 3).
2. പ്രസിഡണ്ട്(ചെയർമാൻ), സെക്രട്ടറി(കൺവീനർ), തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം എന്നിവരടങ്ങുന്ന ഒരു സബ് കമ്മിറ്റി രൂപീകരിക്കണം. സബ്കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ധനസഹായം നൽകേണ്ടത് ദുരിതാശ്വാസനിധിയുടെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകാം. (ചട്ടം 4 (3))
3. അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷയില്ലാതെ തന്നെ പ്രസിഡന്റിന് 500 ക. വരെ അനുവദിക്കാവുന്നതാണ്. അപ്രകാരം ധനസഹായം നൽകിയാൽ ഒരു മാസത്തിനുള്ളിൽ സബ്കമ്മിറ്റിയുടെ സാദൂകരണം വാങ്ങേണ്ടതാണ്. (ചട്ടം 4(5))
4. ദുരിതാശ്വാസനിധി സംബന്ധിച്ചുള്ള വൗച്ചർ, രശീത്, ക്യാഷ്ബുക്ക് എന്നിവയുടെ മാതൃകകൾ ജി.ഒ(ആർ.ടി)3803/04/തസ്വഭവ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 2.11 മറ്റു സേവനങ്ങൾ

### 2.11.5 ഹാൾ, ഗ്രൗണ്ട് തുടങ്ങിയവ വാടകയ്ക്ക് നൽകൽ

| | | |
|---|---|---|
| I. അപേക്ഷ നൽകേണ്ടത് | - | സെക്രട്ടറിയ്ക്ക് |
| II. ഉദ്യോഗസ്ഥൻ | - | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| III. സമയപരിധി | - | പൗരാവകാശരേഖ പ്രകാരം |
| IV. സമർപ്പിക്കേണ്ട രേഖകൾ: | - | വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ വെള്ളക്കടലാസിലെ അപേക്ഷ |
| V. അർഹത നിബന്ധനകൾ | - | വെള്ള കടലാസിലുള്ള അപേക്ഷ ( 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) മാതൃകയ്ക്ക് അനുബന്ധം 43 കാണണം. |
| VI. അടക്കേണ്ട ഫീസ് | - | പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് |
| VII. അപ്പീൽ | - | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |

**കുറിപ്പ്:**

1. പഞ്ചായത്ത് നിശ്ചയിക്കുന്ന തുക ഡെപ്പോസിറ്റായി കെട്ടി വെക്കണം.
2 ഹാളിന്റേയും ഗ്രൗണ്ടിന്റേയും ലഭ്യതയും ഫീസ് അടക്കുന്നതിന്റെ മുൻഗണനയും അനുസരിച്ചാണ് വാടകയ്ക്ക് നൽകേണ്ടത്.

## 2.11 മറ്റു സേവനങ്ങൾ

### 2.11.6 പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള അനുമതി

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | – | സെക്രട്ടറിയ്ക്ക് (കെ.പി.ആർ വകുപ്പ് 209 മുതൽ 209 ഡി വരെ) |
| II. | സമയപരിധി | – | പൗരാവകാശരേഖ പ്രകാരം |
| III | ഉദ്യോഗസ്ഥൻ | – | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| IV. | സമർപ്പിക്കേണ്ട രേഖകൾ: | – | 1. ഫോറം എയിലുള്ള അപേക്ഷ (അഞ്ചു രൂപ സ്റ്റാമ്പ് പതിച്ചത്) മാതൃക 44 നോക്കുക<br>2. റഫ് പ്ലാൻ<br>3. പൊളിച്ചു മാറ്റികൊള്ളാമെന്നുള്ള സമ്മതപത്രം<br>4. ഉടമസ്ഥാവകാശ രേഖകൾ (സ്വകാര്യ ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട ഉടമസ്ഥന്റെ സമ്മതപത്രം |
| V. | ലൈസൻസ് ഫീസ് | – | പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് |
| VI. | അപ്പീൽ | – | ഗ്രാമപഞ്ചായത്ത് ഭരണ സമിതി |
| | അപ്പീൽ റിവിഷൻ | – | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. കമാനങ്ങളും ബോർഡുകളും പൊതു നിരത്തിൽ സ്ഥാപിച്ചതുമൂലം എന്തെങ്കിലും അപകടം സംഭവിച്ചാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വവും നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ അതിന്റെ ബാദ്ധ്യത ഏറ്റെടുത്തു കൊണ്ടും ആവശ്യങ്ങൾക്കുശേഷം സ്വന്തം ചിലവിൽ പൊളിച്ച് നീക്കാനുള്ള ബാദ്ധ്യതയും പരസ്യനികുതി ദായകനായിരിക്കുമെന്ന നിബന്ധനചേർത്ത് 200 രൂപ മുദ്രപത്രത്തിൽ പഞ്ചായത്തുമായി കരാർ വെക്കേണ്ട താണ്.
2. ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണം
3. പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള പരസ്യനികുതി അടക്കണം.
4. എല്ലാ വർഷവും അനുമതി പുതുക്കണം.

## 2.11 മറ്റു സേവനങ്ങൾ

### 2.11.7 പഞ്ചായത്ത് റോഡിൽ കൂടി വെള്ളം കൊണ്ടുപോകുന്നതിനും കേബിൾ ഇടുന്നതിനും റോഡ് കട്ട് ചെയ്യൽ, കാനയ്ക്കുമുകളിൽ പൈപ്പുകൾ സ്ലാബുകൾ സ്ഥാപിക്കൽ എന്നിവ

| | | | |
|---|---|---|---|
| I. | അപേക്ഷ നൽകേണ്ടത് | - | സെക്രട്ടറിയ്ക്ക് |
| II. | സമയപരിധി | - | പൗരാവകാശരേഖ പ്രകാരം |
| III. | ഉദ്യോഗസ്ഥൻ | - | സെക്രട്ടറി/സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ |
| IV. | തീരുമാനം എടുക്കേണ്ടത് | - | പഞ്ചായത്ത് ഭരണ സമിതി |
| V. | സമർപ്പിക്കേണ്ട രേഖകൾ: | - | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് ആവശ്യം സൂചിപ്പിച്ചു കൊണ്ട് വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ<br>2. റോഡ് കട്ടിംഗ് സംബന്ധിച്ച് അളവുകൾ കാണിക്കുന്ന പ്ലാൻ<br>3. സൈറ്റ് പ്ലാൻ |
| VI. | അപേക്ഷ ഫീസ് | | ഇല്ല. എന്നാൽ കട്ടിംഗ് നടത്തിയ സ്ഥലം മുൻസ്ഥിതിയിലാക്കുന്നതിനുള്ള സംഖ്യ ഡെപ്പോസിറ്റായി വാങ്ങണം |
| VII. | അപ്പീൽ | - | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ |

**കുറിപ്പ്:**

1. നിശ്ചിത സമയപരിധിയക്കകത്ത് റോഡ് പൂർവ്വ സ്ഥിതിയിലാക്കി കൊള്ളാമെന്നുള്ള എഗ്രിമെന്റ് വാങ്ങണം.
2. അപേക്ഷകർ റോഡ് പൂർവ്വ സ്ഥിതിയിലാക്കിയെന്ന് ഉറപ്പ് വരുത്തി ഡെപ്പോസിറ്റ് തിരികെ നൽകാം.

# അദ്ധ്യായം 3
# മാതൃകാഫോറങ്ങൾ

**അനുബന്ധം 1**

# യാത്രക്കിടയിലെ മരണം സംബന്ധിച്ച സത്യപ്രസ്താവന

**(സർക്കുലർ നമ്പർ 32859/ആർ.ഡി.3/2011 തസ്വഭവ തീയതി 04.08.2011)**

..........................മാണ്ട് ..................... മാസം ...................... തീയതി .......................................... ......................................................................... ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജനന മരണ രജിസ്ട്രാർ മുമ്പാകെ കേരള സംസ്ഥാനത്ത് .............................................. ജില്ലയിൽ ......................................................താലൂക്കിൽ...................................................................................... വില്ലേജിൽ .............................................................................................വീട്ടിൽ.................വയസ്സുള്ള............................................ .........................................................................................................................നൽകുന്ന സത്യപ്രസ്താവന

........................................................................................സ്ഥലത്ത് നിന്ന് .......................................... ........................................................................................................ സ്ഥലത്തേക്കുള്ള യാത്രാ മദ്ധ്യേ, അസുഖബാധിതനായതിനെ തുടർന്ന് എന്റെ .................................................................................................ആയ ................................................................................................................................എന്നയാളെ ............................... ................................................................................................. ആശുപത്രിയിലേക്ക് കൊണ്ടുപോകുന്ന മാർഗ്ഗ മദ്ധ്യേ വാഹനത്തിൽ വെച്ച് മരണപ്പെട്ടിട്ടുള്ളതാണെന്നും, ആയതിനാൽ ടിയാന്റെ മൃതശരീരം ആശുപത്രിയിൽ പ്രവേശിപ്പിക്കാതെ താമസസ്ഥലമായ ................................................ സംസ്ഥാനത്തെ .......................................ജില്ലയിലെ ..............................................................താലൂക്കിലെ .......................................... വില്ലേജിലെ .......................................................................................ലേക്ക് കൊണ്ടുപോയെന്നും മരണം ഒരു തദ്ദേശഭരണ സ്ഥാപനത്തിലും നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും പെട്ടിടത്തോളം പൂർണ്ണമായും ശരിയും സത്യവും ആണെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

(ഒപ്പ്): ...........................................................

പേര് :...........................................................

മേൽവിലാസം & ഫോൺ നമ്പർ

.......................................................................

.......................................................................

.......................................................................

സ്ഥലം :

തീയതി :

**അനുബന്ധം 2**

| |
|---|
| **കോർട്ട് ഫീ 5 രൂപ** |

## ............................................................................ ഗ്രാമപഞ്ചായത്ത്

**ജനനം/മരണം/നിർജ്ജീവ ജനനം 30 ദിവസം വരെ വൈകി രജിസ്റ്റർ ചെയ്യുന്നതിന് ജനന മരണ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷ**

സർ,

.................................................................... ഗ്രാമപപഞ്ചായത്തിലെ ...................... വാർഡിലെ ............................................. എന്ന സ്ഥലത്തെ ............................................ സ്ഥാപനത്തിൽ വെച്ച് /വീട്ടിൽ വെച്ച്............................തീയതിയിൽ നടന്ന

*.................................................................................................................................................(പിതാവ്)

/.................................................................................................................................................(മാതാവ്)

എന്നിവരുടെ കുട്ടിയുടെ ജനനം

**അല്ലെങ്കിൽ**

*..........................................................................................................................................എന്നയാളുടെ മരണം

നാളിതുവരെ.......................................................................................................................... കാരണത്താൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടില്ല. കാലതാമസം മാപ്പാക്കി പ്രസ്തുത ജനനം/മരണം രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

(ഒപ്പ്): ...........................................................

പേര് : ...........................................................

മേൽവിലാസം & ഫോൺ നമ്പർ:

.......................................................................

.......................................................................

.......................................................................

സ്ഥലം :

തീയതി :

(*) ആവശ്യമില്ലാത്തത് വെട്ടിക്കളയുക

**അനുബന്ധം 3**

## താമസിച്ചുള്ള ജനന/മരണ രജിസ്ട്രേഷന് നൽകേണ്ട സത്യവാങ്മൂലത്തിന്റെ മാതൃക

(വകുപ്പ് 13(2), ചട്ടം 9(2) കാണുക)

ജില്ലയിൽ ................................താലൂക്കിൽ ............................വില്ലേജിൽ .......................................... ഗ്രാമ പഞ്ചായത്ത്/നഗരസഭയിൽ ഉൾപ്പെട്ട............................വീട്ടിൽ/ ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ആയ/ ലോഡ്ജിന്റെ /വാഹനത്തിന്റെ ചുമതലക്കാരൻ ആയ/ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ/ .................................. ആയ..................................... എന്ന ഞാൻ ബോധിപ്പിക്കുന്ന സത്യവാങ്മൂലം. എന്റെ .................................. (ബന്ധം രേഖപ്പെടുത്തുക-വീട്ടിൽ വച്ചു നടന്ന സംഭവത്തിന് മാത്രം ബാധകം) ആയ ..........................................................................................................................(പേരും സ്ഥിര മേൽവിലാസവും)..................................ജില്ലയിൽ ..................................താലൂക്കിൽ .................................. വില്ലേജിൽ ..................................ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഉൾപ്പെട്ട............................................... എന്ന സ്ഥലത്ത്.................................. ൽ വച്ച് ഒരു ആൺ/പെൺ കുട്ടിയെ പ്രസവിച്ചു/ മരിച്ചു. എന്നാൽ 1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ യൂണിറ്റിൽ ഞാൻ റിപ്പോർട്ട് ചെയ്യേണ്ട പ്രസ്തുത ജനനം/മരണം ....................................................................(കാരണം രേഖപ്പെടുത്തുക) കൊണ്ട് പഞ്ചായത്തിൽ/നഗരസ യിൽ റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ആയതിനാൽ മേൽപ്പറഞ്ഞ ജനനം/മരണം ....................................ഗ്രാമ പഞ്ചായത്തിൽ/നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി ഈ സത്യവാങ്മൂലം സമർപ്പിക്കുന്നു.

മേൽപ്പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലുംപെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ബോധിപ്പിക്കുന്നു.

.................................. മാണ്ട് .................................... മാസം ..................................തീയതി ഒപ്പു വയ്ക്കുന്നു.

സ്ഥലം

വിവരം നൽകുന്നയാളുടെ ഒപ്പ്

തീയതി

പേര്

**സത്യവാങ്മൂലം**

.....................................................മാണ്ട് .........................................മാസം ...............................................തീയതി.

എന്റെ മുമ്പിൽ വച്ച് ഒപ്പിട്ടിരിക്കുന്നു.

(ഓഫീസ് സീൽ)

നോട്ടറി പബ്ലിക്/ഗസറ്റഡ് ഓഫീസറുടെ

പേരും ഒപ്പും തീയതിയും

സത്യവാങ്മൂലം എന്റെ മുമ്പിൽ വെച്ച് ഒപ്പിട്ടിരിക്കുന്നു.

(ഓഫീസ് സീൽ)

ഗസറ്റഡ് ഓഫീസറുടെ പേരും

ഒപ്പും തീയതിയും

(*) ആവശ്യമില്ലാത്തവ വെട്ടിക്കളയുക

**അനുബന്ധം 4**

| |
|---|
| **കോർട്ട് ഫീ**<br>**5 രൂപ** |

**.................................................................................... ഗ്രാമപഞ്ചായത്ത്**

**ജനനം/മരണം/നിർജ്ജീവ ജനനം ഒരു വർഷം വരെ വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിക്കായി ..................... ജില്ലാ ജനന മരണ രജിസ്ട്രാർ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) ക്ക് സമർപ്പിക്കുന്ന അപേക്ഷ**

**(................................ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)**

സർ,

.................................................................... ഗ്രാമപപഞ്ചായത്തിലെ ..................... വാർഡിലെ ............................................ എന്ന സ്ഥലത്തെ ............................................ സ്ഥാപനത്തിൽ വെച്ച് / വീട്ടിൽ വെച്ച്...........................തീയതിയിൽ നടന്ന

*..........................................................................................................................................(പിതാവ്)

/..........................................................................................................................................(മാതാവ്)

എന്നിവരുടെ കുട്ടിയുടെ ജനനം

**അല്ലെങ്കിൽ**

*....................................................................................................................................എന്നയാളുടെ

മരണം

നാളിതുവരെ.................................................................................................................................. കാരണ ത്താൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടില്ല. കാലതാമസം മാപ്പാക്കി പ്രസ്തുത ജനനം/മരണം രജി സ്റ്റർ ചെയ്യുന്നതിന് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

റിപ്പോർട്ട് നൽകാൻ ബാദ്ധ്യതപ്പെട്ടയാളുടെ (ഒപ്പ്):...............................

പേര് :..........................................................

ജനിച്ച/മരിച്ചയാളുമായുള്ള ബന്ധം...........................................................

മേൽവിലാസം & ഫോൺ നമ്പർ:

.......................................................................

.......................................................................

.......................................................................

സ്ഥലം :

തീയതി :

(*) ആവശ്യമില്ലാത്തവ വെട്ടിക്കളയുക

**അനുബന്ധം 5**

**വിദേശത്ത് ജനിച്ച കുട്ടിയുടെ ജനനം ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നതിന് സമർപ്പിക്കുന്ന സത്യവാങ്മൂലം**

**(100 രൂപയുടെ മുദ്രപത്രത്തിൽ)**

**......................................................................................... ഗ്രാമപഞ്ചായത്ത്**

ജനന മരണ രജിസ്ട്രാർ മുമ്പാകെ,

........................................ ജില്ല ............................................താലൂക്ക് ................................വില്ലേജ്

..................................................................................................................... വീട്ടിൽ .............................

...................................................... (പിതാവിന്റെ/മാതാവിന്റെ/ഭർത്താവിന്റെ പേര് )

.................................................................... മകൻ/മകൾ/ഭാര്യ ......................................................................

സമർപ്പിക്കുന്ന

## സത്യവാങ്മൂലം

